
www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 37 | 2017 SEP 23 | ₹10

## ഇസ്വ്‌ലാഹ്, സലഫ്, ജിഹാദ് സംജ്ഞകളും കേരളത്തിലെ മുജാഹിദ് പ്രസ്ഥാനവും



## മുഹർറം ഒരു പവിത്ര മാസം

ഹിജ്‌റയുടെ സന്ദേശം || കാവിയോട് കയർക്കുന്ന കാംപസ്

മനുഷ്യൻ 'ദൈവ'മാകുമ്പോൾ സംഭവിക്കുന്നത്!

WISDOM
GLOBAL ISLAMIC MISSION

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം


ഗുണകാംക്ഷയുടെ ശബ്ദം

നേരിന്റെ ആർജ്ജവം

വേറിട്ട വായനാനുഭവം

Circulation Manager | Nerpatham Weekly
EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com

നേർപഥം
വാരിക
0037 / 2017 സെപ്തംബർ 23
1439 മുഹറം 3
പുസ്തകം 01 / ലക്കം 37



# ഇസ്വ്‌ലാഹ്, സലഫ്, ജിഹാദ് സംജ്ഞകളും കേരളത്തിലെ മുജാഹിദ് പ്രസ്ഥാനവും

**സുഫ്‌യാൻ അബ്ദുസ്സലാം / 10**

**മുഖമൊഴി**
ഹിജ്റയുടെ സന്ദേശം / 05
എഡിറ്റർ

**ലേഖനങ്ങൾ**
മുഹർറം ഒരു പവിത്ര മാസം / 06
സയ്യിദ് സഅ്ഫർ സ്വാദിക് മദീനി

പ്രവാചകചര്യ: സത്യവിശ്വാസികൾക്ക് പ്രമാണമാണ് / 15
മൂസ സ്വലാഹി, കാര

മനുഷ്യൻ 'ദൈവ'മാകുമ്പോൾ സംഭവിക്കുന്നത് ! / 29
അബ്ദുൽ മാലിക് സലഫി

ഹിജ്റ വർഷം 1438 അവസാനിക്കുമ്പോൾ... / 31
സമീർ മുണ്ടേരി

**ക്വുർആൻ പഠനം**
ആരോഗ്യമുള്ള മനസ്സ് / 09
ശമീർ മദീനി

**ബാലപഥം**
മത്സരം / 18
റാഷിദ ബിൻത് ഉസ്മാൻ

**കഥ**
'യാത്രാ മുഹൂർത്തം' / 19
ഉസ്മാൻ പാലക്കാഴി

**ചരിത്രപഥം**
ആദ് സമുദായത്തിന്റെ പതനം / 20
ഹുസൈൻ സലഫി, ഷാർജ

**പാരന്റിംഗ്**
വേരുറക്കേണ്ട സ്വാഭാവങ്ങൾ / 23
അശ്റഫ് എകരൂൽ

**വിവർത്തനം**
സ്ത്രീ: ഇസ്‌ലാമിന്റെ സുരക്ഷയിൽ / 26
ഡോ. അബ്ദുർറസ്സാക്വ് അൽബദർ

**ഹദീസ് പാഠം**
ക്ഷാമവും ക്ഷേമവും പരീക്ഷണമാണ് / 33
അബൂഫായിദ

**നമുക്ക് ചുറ്റും**
കാവിയോട് കയർക്കുന്ന കാംപസ് / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




## പൊട്ടിച്ചെറിയുക ഈ ചങ്ങലകൾ

**അ**നുദിനം പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ലോകത്ത് മനുഷ്യ ജീവിതത്തിലെ പ്രശ്നങ്ങളും അധികരിച്ചുകൊണ്ടിരിക്കുകയാണ്! കോടാനുകോടി മനുഷ്യർക്കിടയിൽ പ്രയാസങ്ങളും ദുരിതങ്ങളും വിഷമങ്ങളും അനുഭവിക്കാത്തവർ വളരെ വിരളം! പ്രശ്നങ്ങൾ അനുഭവിക്കുന്ന എല്ലാവരും പരിഹാരം തേടിയുള്ള പ്രയാണത്തിലാണ്.

എന്നാൽ, ചിലരുടെ പരിഹാരമന്വേഷിച്ചുകൊണ്ടുള്ള യാത്ര ചെന്നെത്തുന്നത് 'ആൾദൈവ'ങ്ങളിലും, ആത്മീയ ചൂഷകരിലുമൊക്കെയാണ്. ഇതാണ് മനുഷ്യന്റെ ഏറ്റവും വലിയ പരാജയവും.

അല്ലാഹു പറഞ്ഞു: "കുറച്ചൊക്കെ ഭയം, പട്ടിണി, ധന നഷ്ടം, ജീവ നഷ്ടം, വിഭവ നഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക" (ക്വുർആൻ 2: 155).

പരീക്ഷണ ഘട്ടങ്ങളിൽ വിശ്വാസി കൈക്കൊള്ളേണ്ട നിലപാട് എന്താണ്? 'ക്ഷമ കൈക്കൊള്ളുക' എന്നത് തന്നെ. അതോടൊപ്പം ആത്മാർഥമായി രക്ഷക്കായി പ്രാർഥിക്കുകയും ചെയ്യുക.

അല്ലാഹു പറഞ്ഞു: "തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിട്ടുള്ളത് ക്ലേശം സഹിക്കേണ്ട നിലയിലാകുന്നു" (ക്വുർആൻ സൂറത്ത് അൽബലദ്:4). ഇത് മനസ്സിലാക്കാത്തവർ നിസ്സാരമായ പ്രയാസങ്ങൾ ബാധിക്കുമ്പോഴേക്കും കൂടുതൽ അസ്വസ്ഥരായി മാറുകയാണ് ചെയ്യുന്നത്. ഈ അസ്വസ്ഥതയാണ് യഥാർഥത്തിൽ മനുഷ്യനെ പരാജയങ്ങളിലേക്കും അപകടങ്ങളിലേക്കും കൊണ്ടെത്തിക്കുന്നത്.

ഏതൊരു പ്രയാസത്തെയും അനായാസം, സാവധാനം തരണം ചെയ്യുക എന്ന ക്ഷമയുടെ മാർഗം ഉപേക്ഷിച്ച് പെട്ടെന്ന് കാര്യങ്ങൾ സാധിക്കാൻ മുസ്‌ലിംകളിൽ പലരും ആത്മീയ ചൂഷകരിലേക്കും ദർഗകളിലേക്കും ജാറങ്ങളിലേക്കുമാണ് പാഞ്ഞടുക്കുന്നത്. അവിടങ്ങളിൽനിന്ന് ലഭിക്കുന്നത് ശരീരത്തിൽ തേക്കാനും കെട്ടാനും കുടിക്കാനുമൊക്കെയുള്ള എണ്ണയും നൂലും ഭസ്മവും മറ്റുമാണ്! അത് ഭക്തിയോടെ അവർ നിർവഹിക്കുകയും ചെയ്യുന്നു!

പരിഹാരമന്വേഷിച്ചുള്ള ഓട്ടം വിനാശത്തിലേക്കാണെന്ന് അവർ മനസ്സിലാക്കുന്നില്ല. ഒരു കണ്ണും കാണാത്തതും, ഒരു കാതും കേൾക്കാത്തതും, ഒരു മനസ്സിലും വിഭാവനം ചെയ്യാത്തതുമായ മഹാ സൗഭാഗ്യമായ സ്വർഗം നഷ്ടപ്പെടുത്തുന്ന പ്രവർത്തനമാണിതെന്ന് അവർ ചിന്തിക്കുന്നില്ല. കഠിന കഠോരമായ നരകജീവിതം ചോദിച്ചു വാങ്ങുന്നതാണ് ഈ ഏർപ്പാടെന്നും അവർ മനസ്സിലാക്കുന്നില്ല.

നബിﷺയുടെ ചില വചനങ്ങൾ നോക്കൂ: "ആര് ഏലസ്സ് ബന്ധിച്ചുവോ അവൻ ശിർക്ക് ചെയ്തു" (അഹ്മദ്). "ആരെങ്കിലും ഒരു ജോത്സ്യനെയോ, ഭാവിപറയുന്നവനെയോ സമീപിക്കുകയും, അയാൾ പറയുന്നത് സത്യപ്പെടുത്തുകയും ചെയ്യുന്ന പക്ഷം അവൻ മുഹമ്മദ് നബിക്ക് അവതരിച്ചതിൽ അവിശ്വസിച്ചിരിക്കുന്നു"(അഹ്മദ്). "ഒരാൾ ഭാവി പറയുന്നവനെ സമീപിക്കുകയും അവനോടെന്തെങ്കിലും ചോദിക്കുകയും ചെയ്താൽ നാൽപത് രാവുകളിലെ നമസ്കാരം അവനിൽ നിന്ന് (അല്ലാഹുവിങ്കൽ) സ്വീകാര്യമല്ല"(മുസ്‌ലിം).

നോക്കൂ! എന്തുമാത്രം ഗൗരവമാണ് കാര്യം. ശിർക്ക് ചെയ്തവനായി, പ്രവാചകനിൽ അവിശ്വസിച്ചവനായി, കർമങ്ങൾ നിഷ്ഫലമായി ദുർഗതി പ്രാപിക്കുന്ന അവസ്ഥ വളരെ ദയനീയം തന്നെ!

ഇതെല്ലാം പറഞ്ഞ് ബോധ്യപ്പെടുത്തിക്കൊടുത്തപ്പോൾ, നാഗൂർ ഔലിയയുടെ ദർഗയിൽ നിന്നും ലഭിച്ച, കയ്യിൽ കെട്ടിയ നൂൽ പൊട്ടിച്ചെറിഞ്ഞ് പൊട്ടിക്കരയുകയും പശ്ചാതപിക്കുകയും ചെയ്ത ഒരു പാവം മനുഷ്യനെ ഓർമവരികയാണ്. അറിവില്ലായ്മ തന്നെയാണ് മനുഷ്യനെ നശിപ്പിക്കുന്നത്.

-ദുൽക്കർഷാൻ.എ.എസ്

മുഖമൊഴി

# ഹിജ്റയുടെ സന്ദേശം

**1438** വർഷങ്ങൾക്ക് മുമ്പാണ് ആ സംഭവം നടന്നത്. ലോകം ഇരുളിലാണ്ടു കിടന്നിരുന്ന കാലം. അങ്ങകലെ മക്കയിൽ മാനവരാശിയെ വെളിച്ചത്തിലേക്ക് നയിക്കുവാൻ വേണ്ടി പ്രപഞ്ച സ്രഷ്ടാവ് നിയോഗിച്ച മുഹമ്മദ് നബിﷺക്കും അനുചരന്മാർക്കും തങ്ങൾ ജനിച്ചു വളർന്ന നാടും വീടും സമ്പത്തുമെല്ലാം വിട്ടേച്ചു കൊണ്ട് മദീനയിലേക്ക് പലായനം ചെയ്യേണ്ടിവന്ന താണ് ആ സംഭവം. വർഷങ്ങളോളം നീണ്ട ശാരീരികവും മാനസികവുമായ പീഡനങ്ങളും ഊരുവിലക്കുമെല്ലാം സഹിച്ച ശേഷമാണ് പലായനം ചെയ്യുവാൻ ലോക രക്ഷിതാവിന്റെ നിർദേശമുണ്ടായത്.

പലായനം കേവലമൊരു യാത്രയല്ല, പറിച്ചുനടലാണ്. മഹാത്യാഗമാണ്. പ്രിയപ്പെട്ടതും പ്രിയപ്പെട്ടവരുമായ പലതിനെയും പലരെയും വിട്ടേച്ചുകൊണ്ടുള്ള യാത്ര. ഹൃദയം നുറുങ്ങുന്ന വേദനയോടെയല്ലാതെ ആർക്കുമതിന് സാധ്യമല്ല. അതൊരു നാടുവിടലാണ്. ജോലിതേടിയോ കച്ചവടാവശ്യാർഥമോ വിവാഹാവശ്യാർഥമോ ഉള്ളതല്ല; വിശ്വാസ സംരക്ഷണാർഥമുള്ളത്. സത്യവിശ്വാസിയായി ജീവിച്ച് സൽകർമങ്ങൾ ചെയ്ത് ദൈവ പ്രീതി കരസ്ഥമാക്കി മരിക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കുന്നേടത്തേക്ക് അത് ലഭിക്കാത്ത നാട്ടിൽനിന്നുള്ള യാത്ര. അനിവാര്യമായ ഘട്ടത്തിൽ അവരതിന് വൈമന്യം കാണിച്ചില്ല. അവരുടെ മനസ്സിൽ പരലോക രക്ഷ മാത്രമായിരുന്നു. അതിനു വേണ്ടി ഏത് അഗ്നിപരീക്ഷയും നേരിടാൻ അവർ ഒരുക്കമായിരുന്നു. മതമനുസരിച്ച് ജീവിക്കുവാൻ വേണ്ടി മാത്രമാണ് അവർ സ്വദേശം വെടിയാൻ തയ്യാറായത്. സ്രഷ്ടാവിന്റെ കാരുണ്യത്തിലായിരുന്നു അവരുടെ പ്രതീക്ഷ.

“വിശ്വസിക്കുകയും, സ്വദേശം വെടിയുകയും, അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദിൽ ഏർപെടുകയും ചെയ്തവരാരോ അവർ അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷിക്കുന്നവരാകുന്നു...”(ക്വുർആൻ 2:218).

എല്ലാറ്റിലും വലുതായി അല്ലാഹുവിനെയും അവന്റെ ദൂതനെയും കാണുന്നവർക്കേ ഈ മഹാത്യാഗത്തിന് കഴിയുകയുള്ളൂ.

“(നബിയേ,) പറയുക: നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രൻമാരും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗത്തിലുള്ള സമരത്തെക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നത് വരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല” (9:24).

“...ആകയാൽ സ്വന്തം നാട് വെടിയുകയും, സ്വന്തം വീടുകളിൽ നിന്ന് പുറത്താക്കപ്പെടുകയും, എന്റെ മാർഗത്തിൽ മർദിക്കപ്പെടുകയും, യുദ്ധത്തിൽ ഏർപെടുകയും, കൊല്ലപ്പെടുകയും ചെയ്തിട്ടുള്ളവരാരോ അവർക്ക് ഞാൻ അവരുടെ തിൻമകൾ മായ്ച്ചുകൊടുക്കുന്നതും, താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവരെ ഞാൻ പ്രവേശിപ്പിക്കുന്നതുമാണ്. അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലമത്രെ അത്. അല്ലാഹുവിന്റെ പക്കലാണ് ഉത്തമമായ പ്രതിഫലമുള്ളത്” (3:195).

വിശ്വാസ സംരക്ഷണത്തിനായി അജ്ഞാന കാലമായ ആറാം നൂറ്റാണ്ടിൽ ദൈവദൂതനും അനുചരന്മാർക്കും പലായനം ചെയ്യേണ്ടിവന്നെങ്കിൽ അറിവിന്റെയും സംസ്കാരത്തിന്റെയും ഉത്തുംഗതയിലെത്തിനിൽക്കുന്നു എന്ന് വിലയിരുത്തപ്പെടുന്ന വർത്തമാനകാലത്തും മാനവരാശിക്ക് അപമാനമായി അത് സംഭവിച്ചുകൊണ്ടിരിക്കുന്നു. മ്യാൻമറിലെ മുസ്‌ലിംകൾക്കാണ് ഈ ദുരവസ്ഥ സംജാതമായിരിക്കുന്നത്. കൂട്ടക്കുരുതിക്കിടയിൽ അവർ ഓടിരക്ഷപ്പെടുകയാണ്. വീടുകളും ഗ്രാമങ്ങളും ചുട്ടെരിച്ച് കളയുന്ന മനുഷ്യമൃഗങ്ങളിൽനിന്ന് രക്ഷപ്പെടാൻ സ്വദേശം വെടിയുകയല്ലാതെ അവരുടെ മുന്നിൽ വഴിയേതുമില്ല. ഒരു വഴിയുണ്ട്; ഇസ്‌ലാംമതം ഉപേക്ഷിച്ച് ബുദ്ധമതം സ്വീകരിക്കുക. ഉറ്റവരും ഉടയവരും വെട്ടിയരിഞ്ഞ്‌വീഴ്ത്തപ്പെടുമ്പോഴും ജീവനോടെ കത്തിക്കപ്പെടുമ്പോഴും അവരതിന് തയ്യാറാകുന്നില്ല. അവരുടെ ചുണ്ടുകളിൽനിന്നുതിരുന്നത് ‘ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹ്’എന്ന ഏകദൈവ വിശ്വാസത്തിന്റെ സാക്ഷ്യവചനമാണ്.

സർവശക്തൻ അവർക്ക് പലായനത്തിന്റെയും സഹനത്തിന്റെയും പ്രതിഫലം നൽകുകയും ആത്യന്തികമായ രക്ഷാമാർഗം തുറന്നുകൊടുക്കുകയും ചെയ്യുമാറാകട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം. ആ ആയുധമേ നമ്മുടെ പക്കലുള്ളൂ. അത് തന്നെയാണ് ഏറ്റവും വലിയ ആയുധം. ●

സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
mail@nerpatham.com






# മുഹർറം ഒരു പവിത്ര മാസം

**ഈ** ലോകത്തിന്റെയും അതിലുള്ള മുഴുവൻ പ്രതിഭാസങ്ങളുടെയും സ്രഷ്ടാവ് അല്ലാഹുവാണ്. മനുഷ്യരെ സംബന്ധിച്ചിടത്തോളം വളരെ ഉപകാരപ്രദമായ ഒരു പ്രതിഭാസമാണ് രാവും പകലും. തങ്ങൾക്ക് അല്ലാഹു നിർണയിച്ചിട്ടുള്ള ഉപജീവനം കണ്ടെത്തുവാൻ ഉപയുക്തമായ രൂപത്തിലുള്ള പകലും ക്ഷീണം മാറ്റുവാൻ ശാന്തസുന്ദരമായ രാത്രിയും നൽകിയതിൽ ചിന്തിക്കുന്നവർക്ക് ദൃഷ്ടാന്തമുണ്ടെന്നാണ് അല്ലാഹു പറയുന്നത്.

“തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും, രാപകലുകൾ മാറി മാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്” (ക്വുർആൻ 3:190).

അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ദിവസങ്ങളും ആഴ്ചകളും അടങ്ങിയതാണ് മാസം. അല്ലാഹുവിന്റെ അടുത്ത് മാസങ്ങൾ പന്ത്രണ്ടെണ്ണമെന്ന് വിശുദ്ധ ക്വുർആൻ പറയുന്നു:

“ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ദിവസം അല്ലാഹു രേഖപ്പെടുത്തിയതനുസരിച്ച് അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം (യുദ്ധം) വിലക്കപ്പെട്ട മാസങ്ങളാകുന്നു. അതാണ് വക്രതയില്ലാത്ത മതം. അതിനാൽ ആ (നാല്) മാസങ്ങളിൽ നിങ്ങൾ നിങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കരുത്...” (ക്വുർആൻ 9:36).

അല്ലാഹു ചില മാസങ്ങൾക്കും ദിവസങ്ങൾക്കും സമയത്തിനും പ്രത്യേകത നൽകിയിട്ടുണ്ട്. ഉപരിസൂചിത സൂക്തത്തിൽനിന്ന് നാല് മാസങ്ങൾക്ക് പ്ര

ത്യേകതയുണ്ടെന്ന് നമുക്ക് മനസ്സിലാക്കാം. അതുപോലെ റമദാൻ മാസത്തിന് പ്രത്യേകതയുണ്ടെന്നും ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹുവോ പ്രവാചകനോ ശ്രേഷ്ഠതയുണ്ടെന്ന് പറഞ്ഞിട്ടുള്ള മാസങ്ങൾക്കും ദിവസങ്ങൾക്കും സമയങ്ങൾക്കും പ്രത്യേകതയും ശ്രേഷ്ഠതയുമുണ്ട്. അത് അങ്ങനെ തന്നെ അംഗീകരിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്.

അല്ലാഹു പവിത്രമാണെന്ന് വിശുദ്ധക്വുർആനിലൂടെ വ്യക്തമാക്കിയ മാസങ്ങളിൽ ഒരു മാസമായ മുഹർറം മാസത്തിലെ ചില ദിവസങ്ങളുടെ ശ്രേഷ്ഠതകളെ സംബന്ധിച്ചാണ് ചില കാര്യങ്ങൾ ഇവിടെ വിശദീകരിക്കുന്നത്.

**ജാഹിലിയ്യത്തിൽ**

ഇസ്‌ലാമിന് മുമ്പ് ജാഹിലിയ്യത്തിൽ (അജ്ഞാനകാലം) പോലും ക്വുറൈശികൾ മുഹർറം മാസത്തിൽ ചില ദിവസങ്ങളിൽ നോമ്പനുഷ്ഠിച്ചിരുന്നു. റമദാൻ നോമ്പ് നിർബന്ധമാക്കുന്നതിന് മുമ്പ് ആശൂറാഇന്റെ നോമ്പ് അനുഷ്ഠിക്കുവാനായി പ്രവാചകൻﷺ ജനങ്ങളോട് കൽപിച്ചിരുന്നു. റമദാനിലെ നോമ്പ് നിർബന്ധമാക്കപ്പെട്ടതിന് ശേഷം അത് സുന്നത്താക്കുകയാണ് ചെയ്തത്. ഒരു ഹദീഥ് ശ്രദ്ധിക്കുക:

ആഇശ رضي الله عنها പറയുന്നു: "ക്വുറൈശികൾ ജാഹിലിയ്യത്തിൽ ആശൂറാഇ(മുഹർറം പത്ത്)ന്റെ നോമ്പ് അനുഷ്ഠിച്ചിരുന്നു. പ്രവാചകൻﷺയും അനുഷ്ഠിച്ചിരുന്നു. മദീനയിലേക്ക് വന്നപ്പോൾ പ്രവാചകൻﷺ അത് അനുഷ്ഠിക്കുകയും ജങ്ങളോട് അനുഷ്ഠിക്കുവാൻ കൽപിക്കുകയും ചെയ്തിരുന്നു. അങ്ങനെ റമദാൻ നിർബന്ധമാക്കിയപ്പോൾ ആശൂറാഅഇന്റെ നോമ്പ് ഉപേക്ഷിക്കുകയുണ്ടായി. ഉദ്ദേശിക്കുന്നവർ നോമ്പനുഷ്ഠിക്കുകയും നോമ്പനുഷ്ഠിക്കുവാൻ ഉദ്ദേശിക്കാത്തവർ അത് ഒഴിവാക്കുകയും ചെയ്തു" (ബുഖാരി).

**മുഹർറം പത്ത്**

മുഹർറം മാസത്തെ അല്ലാഹു പവിത്രമാക്കിയിരിക്കുന്നു, അതിൽ തന്നെ പത്താം ദിവസത്തെ പ്രത്യേകം ശ്രേഷ്ഠതയുള്ളതായി പ്രഖ്യാപിച്ചിരിക്കുന്നു. കാരണം ആ ദിവസത്തിലാണ് അല്ലാഹു മൂസാ നബിعليه السلامയെ ഫിർഔനിൽ നിന്നും രക്ഷപ്പെടുത്തിയിരിക്കുന്നത്. ഒരു ഹദീസ് ശ്രദ്ധിക്കുക:

ഇബ്നു അബ്ബാസ് رضي الله عنهവിൽ നിന്ന് നിവേദനം: പ്രവാചകൻﷺ മദീനയിലേക്ക് വന്നു, ആ സന്ദർഭത്തിൽ ജൂതന്മാർ ആശൂറാഅ് (മുഹർറം പത്ത്)ന് നോമ്പനുഷ്ഠിക്കുന്നതായി കണ്ടു, അപ്പോൾ തിരുമേനിﷺ ചോദിച്ചു, ഇതെന്താണ്? (നിങ്ങൾ എന്ത്കൊണ്ടാണ് നോമ്പനുഷ്ഠിക്കുന്നത്) അവർ പ്രത്യുത്തരം നൽകി: ഇത് നല്ല ഒരു ദിനമാണ്, ഈ ദിവസമാണ് ബനൂ ഇസ്‌റാഈല്യരെ അവരുടെ ശത്രുക്കളിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തിയത്. അത്കൊണ്ട് ഈ ദിവസം മൂസാعليه السلام നോമ്പനുഷ്ഠിക്കുകയുണ്ടായി. അപ്പോൾ തിരുമേനിﷺ പറഞ്ഞു: മൂസായോട് നിങ്ങളേക്കാൾ കൂടുതൽ അർഹതയുള്ളവൻ ഞാനാണ്, അങ്ങനെ ആ ദിവസം തിരുമേനിﷺ നോമ്പനുഷ്ഠിച്ചു, ആ ദിവസം നോമ്പനുഷ്ഠിക്കുവാൻ കൽപിക്കുകയുമുണ്ടായി (ബുഖാരി).

**ശ്രേഷ്ഠത**

മുഹർറം പത്തിൽ നോമ്പനുഷ്ഠിക്കുന്നതിന്റെ പ്രത്യേകത നമുക്ക് സ്വഹീഹായ ഹദീസുകളിൽ കാണുവാൻ സാധിക്കും.

അബൂഹുറയ്റ رضي الله عنهവിൽ നിന്ന് നിവേദനം. പ്രവാചകൻﷺ പറയുകയുണ്ടായി: "റമദാൻ നോമ്പിന് ശേഷം ഏറ്റവും ശ്രേഷ്ഠമായ നോമ്പ് അല്ലാഹുവിന്റെ മാസമായ മുഹർറം മാസത്തിലെ നോമ്പാണ്, നിർബന്ധ നമസ്കാരത്തിന് ശേഷം ഏറ്റവും ശ്രേഷ്ഠതയുള്ള നമസ്കാരം രാത്രിയിലുള്ള നമസ്കാരമാണ്" (മുസ്‌ലിം).

ഇബ്നുഅബ്ബാസ് رضي الله عنه പറയുന്നു: "ആശൂറാഅ് നോമ്പനുഷ്ഠിക്കുവാൻ വേണ്ടി ഉദ്ദേശിക്കുകയും പ്രതീക്ഷിച്ചിരിക്കുകയും ചെയ്യുന്നത്പോലെ മറ്റൊരു ശ്രേഷ്ഠമാക്കപ്പെട്ട ദിവസത്തെയും പ്രവാചകൻﷺ പ്രതീക്ഷിക്കുന്നതായി ഞാൻ കണ്ടില്ല, അതുപോലെ റമദാൻ മാസത്തെയും"(ബുഖാരി).

**പ്രതിഫലം**

മുഹർറം പത്തിലുള്ള വ്രതത്തിന് പ്രത്യേകം പുണ്യവും പ്രതിഫലവുമുണ്ടെന്ന് നബിﷺ അറിയിച്ചിട്ടുണ്ട്.

പ്രവാചകൻﷺ പറയുന്നു: "അറഫാദിനത്തിലുള്ള നോമ്പിനാൽ അതിന് മുമ്പുള്ള ഒരു വർഷത്തെയും അതിന് ശേഷമുള്ള ഒരു വർഷത്തെയും പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. ആശൂറാഅ് നോമ്പിന് അതിന് ശേഷമുള്ള ഒരു വർഷത്തെ പാപങ്ങൾ പൊറുക്കപ്പെടുവാനുള്ള പ്രതിഫലം ഞാൻ അല്ലാഹുവിൽ നിന്ന് പ്രതീക്ഷിക്കുന്നു" (മുസ്‌ലിം).

**അല്ലാഹു ചില മാസങ്ങൾക്കും ദിവസങ്ങൾക്കും സമയത്തിനും പ്രത്യേകത നൽകിയിട്ടുണ്ട്. അതുപോലെ റമദാൻ മാസത്തിന് പ്രത്യേകതയുണ്ടെന്നും ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹുവോ പ്രവാചകനോ ശ്രേഷ്ഠതയുണ്ടെന്ന് പറഞ്ഞിട്ടുള്ള മാസങ്ങൾക്കും ദിവസങ്ങൾക്കും സമയങ്ങൾക്കും പ്രത്യേകതയും ശ്രേഷ്ഠതയുമുണ്ട്. അത് അങ്ങനെ തന്നെ അംഗീകരിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്.**



**താസൂആഅ്**

മുഹർറം ഒമ്പതിനാണ് താസൂആഅ് എന്ന് പറയുന്നത്. ആ ദിവസവും നോമ്പനുഷ്ഠിക്കുന്നത് സുന്നത്താണെന്ന് ഹദീഥുകളിൽ നിന്ന് നമുക്ക് ഗ്രഹിക്കുവാൻ സാധിക്കും.

അബ്ദുല്ലാഹിബ്നു അബ്ബാസ്ﷺ പറയുന്നു: പ്രവാചകൻﷺ ആശൂറാഅ് ദിവസം നോമ്പനുഷ്ഠിക്കുകയും മറ്റുള്ളവരോട് അതിന് കൽപിക്കുകയും ചെയ്തപ്പോൾ അവർ (സ്വഹാബികൾ) പറയുകയുണ്ടായി: 'പ്രവാചകരേ, ഇന്നേ ദിവസത്തെ ജൂതക്രൈസ്തവർ മഹത്വപ്പെടുത്തുന്നുണ്ടല്ലോ.' അപ്പോൾ നബിﷺ പറഞ്ഞു: 'അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അടുത്ത വർഷം ഒൻപതാമത്തെ ദിവസവും (താസൂആഅ്) നാം നോമ്പനുഷ്ഠിക്കുന്നതാണ്.' ഇബ്നു അബ്ബാസ്ﷺ പറഞ്ഞു: 'അടുത്ത വർഷം വന്നപ്പോഴേക്ക് തിരുമേനിﷺ വഫാതായിരുന്നു"(മുസ്‌ലിം)

**ശകുനപ്പിഴവിന്റെ മാസമല്ല**

മുഹർറം മാസത്തിന്റെ പൊന്നമ്പിളി മാനത്ത് പ്രത്യക്ഷപ്പെട്ട് കഴിഞ്ഞാൽ നമ്മുടെ നാട്ടിൽ ചിലയാളുകൾ ഈ മാസത്തെ ശകുനമായി കാണാറുണ്ട്. പ്രത്യേകിച്ച് അതിലെ ആദ്യത്തെ പത്ത് ദിനങ്ങളെ. ആ ദിനങ്ങളിൽ യാത്ര പുറപ്പെടുകയോ, വിവാഹം കഴിക്കുകയോ, മറ്റു നല്ല കാര്യങ്ങൾ ചെയ്യുകയോ ചെയ്യാറില്ല. കാരണം അത് ദുശ്ശകുനത്തിന്റെ ദിനമായിട്ടാണ് അവർ കണക്കാക്കുന്നത്. പണ്ഡിതന്മാർ അങ്ങനെയാണ് അവരെ പഠിപ്പിക്കുന്നത്.

എന്നാൽ പ്രവാചകൻﷺയോ, പ്രവാചകനെ മുഴുവൻ കാര്യങ്ങളിലും പിൻപറ്റിയ സച്ചരിതരായ സ്വഹാബികളോ അങ്ങനെ പഠിപ്പിച്ചതായി നമുക്ക് കാണാൻ സാധ്യമല്ല. അല്ലാഹു വിശുദ്ധ ക്വുർആനിലൂടെ പഠിപ്പിക്കുന്നത് പവിത്രമായ നാല് മാസങ്ങളിൽ ഒരു മാസമാണ് മുഹർറം എന്നാണ്. ഇസ്‌ലാം ഏതെങ്കിലും ദിവസത്തെയോ മാസത്തെയോ ദുശ്ശകനത്തിന്റെ ദിവസമായും മാസമായും പഠിപ്പിക്കുന്നില്ല. മുഹർറം മാസത്തിലെ നഹ്സ് ഉണ്ടാക്കിയത് ഇസ്‌ലാമിൽനിന്ന് വ്യതിചലിച്ച് പോയ ശിയാക്കളാണ് എന്ന് നമുക്ക് ആധികാരികമായ ഗ്രന്ഥങ്ങളിൽ കാണാൻ സാധിക്കും. ശിയാക്കളുടെ ഒരുപാട് കാര്യങ്ങൾ പൗരോഹിത്യം കടമെടുത്ത കൂട്ടത്തിൽ ദുശ്ശകുനവും സ്വീകരിച്ചു എന്നതാണ് യാഥാർഥ്യം.

പ്രവാചകൻﷺ പറയുന്നത് നാം ശ്രദ്ധിക്കുക. അബൂഹുറയ്റﷺവിൽ നിന്ന്: പ്രവാചകൻﷺ പറയുകയുണ്ടായി: "അദ്‌വയും (രോഗം വരുന്നത് അല്ലാഹുവിന്റെ വിധിയുടെ ഭാഗമല്ല, മറിച്ച് രോഗം തനിയെ വരുന്നതാണെന്ന വിശ്വാസം), ദുശ്ശകുനവും (പക്ഷികളെ പറപ്പിച്ച് കൊണ്ട് ഭാഗ്യ പരീക്ഷണം നടത്തൽ), മയ്യിത്തിന്റെ എല്ലുകൾ പക്ഷികളായി രൂപപ്പെടുമെന്നുള്ള വിശ്വാസവും... ഇസ്‌ലാമിൽ ഇല്ലാത്തതാണ്" (ബുഖാരി, മുസ്‌ലിം).

ഏത് തരത്തിലുള്ള ദുശ്ശകുനം നോക്കലും ഇതിൽ പെടുന്നതാണ്. കറുത്ത പൂച്ച മുന്നിലൂടെ ഓടുന്നതും, പ്രഭാതത്തിൽ കാലിക്കൊട്ടയോ കാലച്ചാക്കോ കാണുന്നതും, ചീവീട് കരയുന്നതും, കൈനീട്ടം, (രാവിലെ കടയിൽ വന്ന് ആരെങ്കിലും കടം വാങ്ങിയാൽ ആ ദിവസം മുഴുവനും കടം തന്നെ യായിരിക്കുമെന്ന വിശ്വാസം), ഒരു യാത്രക്ക് ഒരുങ്ങുമ്പോൾ വഴിയിൽ വെച്ച് ആരെങ്കിലും അതിനെ തടഞ്ഞാൽ, ഇടക്ക് വെച്ച് ആരെങ്കിലും വാഹനത്തിൽ നിന്ന് ഇറങ്ങിയാൽ അത് ശകുനമാണെന്ന വിശ്വാസം തുടങ്ങിയവയെല്ലാം ഇതിൽ പെടുന്നതാണ്.

പ്രവാചകൻﷺ പറയുകയുണ്ടായി: "ദുശ്ശകുനം ശിർക്കാകുന്നു, ദുശ്ശകുനം ശിർക്കാകുന്നു..." (അഹ്മദ്. സ്വഹീഹായ ഹദീഥ്).

അബ്ദുല്ലാഹിബ്നു അംറ്ﷺ നിവേദനം. പ്രവാചകൻﷺ പറഞ്ഞു: "ആരുടെയെങ്കിലും ആവശ്യം ദുശ്ശകുനത്താൽ തടയപ്പെടുകയാണെങ്കിൽ അവൻ ശിർക്ക് ചെയ്തു." അപ്പോൾ സ്വഹാബികൾ ചോദിച്ചു: "പ്രവാചകരേ, അതിനുള്ള പ്രായശ്ചിത്തം എന്താണ്?" തിരുമേനിﷺ പറഞ്ഞു: "ഇങ്ങനെ പറയലാണ്: അല്ലാഹുവേ, നിന്റെ നന്മയല്ലാതെ ഒരു നന്മയുമില്ല. നിന്റെ ശകുനമല്ലാതെ മറ്റൊരു ശകുനവുമില്ല, നീയല്ലാതെ യഥാർഥത്തിൽ ഒരു ഇലാഹുമില്ല" (അഹ്മദ്).

ഒരു മുസ്‌ലിം മതത്തിന്റെ പേരിൽ ചെയ്യുന്ന മുഴുവൻ കാര്യങ്ങൾക്കും തെളിവ് വേണം. പ്രമാണങ്ങൾ പഠിപ്പിക്കാത്ത കാര്യങ്ങൾ മതത്തിന്റെ പേരിൽ വെച്ചുകെട്ടുന്നത് കടുത്ത അപരാധമാണ്.

"നന്മയായിട്ട് നിനക്ക് എന്തൊന്ന് വന്നുകിട്ടിയാലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. നിന്നെ ബാധിക്കുന്ന ഏതൊരു ദോഷവും നിന്റെ പക്കൽ നിന്നുതന്നെ ഉണ്ടാകുന്നാണ്. (നബിയേ,) നിന്നെ നാം മനുഷ്യരിലേക്കുള്ള ദൂതനായിട്ടാണ് നിയോഗിച്ചിരിക്കുന്നത്.(അതിന്) സാക്ഷിയായി അല്ലാഹു മതി" (ക്വുർആൻ 4:79).

ശമീർ മദീനി
shameermadeeni@gmail.com



# ആരോഗ്യമുള്ള മനസ്സ്

**"തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും നിങ്ങളുടെ കാര്യത്തിൽ അതീവതാൽപര്യമുള്ളവനും സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം" (ക്വുർആൻ 9:128)**

ശരീരത്തിന്റെ ആരോഗ്യത്തെക്കാൾ നാം ശ്രദ്ധിക്കേണ്ടത് മനസ്സിന്റെ ആരോഗ്യത്തെയാണ്. അതിന് രോഗം ബാധിച്ചാൽ ശരീരമാകെ ദുഷിക്കുന്നതാണ്. അത് നന്നായാലോ ശരീരമാസകലം നന്നായി. നബിﷺയുടെ അധ്യാപനം അങ്ങനെയാണ്.

മനസ്സിന്റെ ആരോഗ്യം ആകാരസൗന്ദര്യത്തിലോ ശരീരവലിപ്പത്തിലോ കായികബലത്തിലൂടെയോ അല്ല പ്രകടമാവുന്നത്. മറിച്ച്, സത്യവിശ്വാസവും സൽസ്വഭാവങ്ങളും സൽഗുണങ്ങളുമാണ് അതിന്റെ ആരോഗ്യലക്ഷണങ്ങൾ.

മനുഷ്യത്വവും കനിവുമുള്ള ഹൃദയമാണ് നല്ല മനുഷ്യനെ വേർതിരിക്കുന്നത്. സ്വന്തം മക്കളോടും ഭാര്യയോടും ഭർത്താവിനോടും മാതാപിതാക്കളോടും പോലും കനിവ് കാണിക്കാത്ത ഒരു പുതിയ സംസ്കാരമാണ് ആധുനികസമൂഹത്തിൽ കാണപ്പെടുന്നത്. ശരീരത്തിന്റെ ആരോഗ്യകാര്യത്തിൽ ഏറെ ശ്രദ്ധിക്കുന്ന ആധുനികസമൂഹത്തിന്റെ വിരോധാഭാസമായ ഒരു കാഴ്ചയാണിത്. കാരുണ്യത്തിന്റെ നീർചാലുകൾ വറ്റിവരണ്ട ഹൃദയങ്ങൾക്ക് കാരുണ്യവാനായ അല്ലാഹുവിന്റെ കൃപാകടാക്ഷം അന്യമായിരിക്കുമെന്നാണ് നബിﷺ പഠിപ്പിക്കുന്നത്.

ഒരിക്കൽ നബിﷺ പേരക്കുട്ടിയായ ഹസൻ﵁നെ ചുംബിക്കുന്നത് കണ്ട ഗ്രാമീണനായ അഖ്റഅ്﵁ അത്ഭുതത്തോടെ പറഞ്ഞു: "എനിക്ക് പത്ത് മക്കളുണ്ട്. ഞാനവരിൽ ഒരാളെയും ചുംബിച്ചിട്ടില്ല." അദ്ദേഹത്തെ നോക്കിക്കൊണ്ട് നബിﷺ പറഞ്ഞു: "കരുണ ചെയ്യാത്തവരോട് തിരിച്ച് കരുണയുണ്ടാവുകയില്ല" (ബുഖാരി, മുസ്‌ലിം)

സകല സൽസ്വഭാവങ്ങളെയും കരുപ്പിടിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങളാണ് കനിവും ആർദ്രതയും. നബിﷺ നിർമലഹൃദയത്തിന്റെ ഉത്തമമാതൃകയായിരുന്നു. ശത്രുക്കളോട് പോലും അതുല്യമായ വിട്ടുവീഴ്ചയും കാരുണ്യവുമായിരുന്നു പ്രവാചകന്റെ ജീവിതത്തിൽ ദർശിക്കാനാവുന്നത്. അവിടുന്ന് പറഞ്ഞു: "ആർക്കെങ്കിലും കനിവിൽനിന്നുള്ള വിഹിതം നൽകപ്പെട്ടിട്ടുണ്ടെങ്കിൽ നിശ്ചയമായും നന്മയുടെ നല്ലൊരു വിഹിതമാണ് നൽകപ്പെട്ടിരിക്കുന്നത്. ആർക്കെങ്കിലും അത് തടയപ്പെട്ടുവെങ്കിൽ നന്മയുടെ വിഹിതമാണ് അയാൾക്ക് നിഷേധിക്കപ്പെട്ടത്" (അഹ്മദ്, തിർമുദി).

സ്നേഹവും കാരുണ്യവും സഹാനുഭൂതിയുമൊക്കെ സത്യവിശ്വാസത്തിന്റെ പൂർണതയും അല്ലാഹുവിന്റെ അനുഗ്രഹത്തിന് അർഹമാക്കുന്നതായ സൽഗുണങ്ങളുമായിട്ടാണ് നബിﷺ പഠിപ്പിച്ചിട്ടുള്ളത്. എന്നാൽ പരുഷതയും കടുംപിടുത്തവുമൊക്കെയാണ് ഇന്ന് ചിലർ മഹത്ത്വമായി കാണുന്നത്. രണ്ടാളുകളെ ഭരിക്കാൻ കിട്ടിയാൽ അവിടെ സ്വേഛാധിപത്യവും തോന്നിവാസവുംകൊണ്ട് 'കരുത്ത്' തെളിയിക്കാൻ ശ്രമിക്കുന്നത് സത്യവിശ്വാസത്തിൽനിന്നും പ്രവാചകാധ്യാപനങ്ങളിൽ നിന്നുമുള്ള അകലമാണ് വ്യക്തമാക്കുന്നത്.

ജീവജാലങ്ങൾ അടക്കമുള്ള സർവതിനോടും കനിവും കരുണയുമുണ്ടായിരുന്ന പ്രവാചകനെക്കുറിച്ച് അല്ലാഹു എടുത്തുപറഞ്ഞ ഉൽകൃഷ്ട സ്വഭാവഗുണങ്ങൾ ഏതൊരു നേതാവിനും ഉണ്ടാകേണ്ട മഹത്തായ യോഗ്യതകളാണ്. അല്ലാഹു പറയുന്നു: "(നബിയേ) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു..." (3:159).

തന്റെ കീഴിലുള്ളവർക്ക് അബദ്ധങ്ങൾ സംഭവിച്ചാൽ അത് തിരുത്താനും പൊറുക്കാനും കഴിയുമ്പോഴാണ് സ്നേഹംകൊണ്ട് അണികളുടെ മനസ്സുകളെ കീഴടക്കാൻ നേതൃത്വത്തിന് സാധിക്കുക. വീട്ടിലും സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കുമിടയിലും നന്മകൾ പ്രചരിപ്പിക്കുന്നവരാകാൻ മനസ്സിന്റെ ആരോഗ്യം വീണ്ടെടുക്കേണ്ടിയിരിക്കുന്നു. നാഥൻ അനുഗ്രഹിക്കട്ടെ!

**സുഫ്‌യാൻ അബ്ദുസ്സലാം**
sufyanasalam@gmail.com




# ഇസ്വ്‌ലാഹ്, സലഫ്, ജിഹാദ് സംജ്ഞകളും കേരളത്തിലെ മുജാഹിദ് പ്രസ്ഥാനവും

പറവൂരിൽ വർഗീയതക്കെതിരെയും അസഹിഷ്ണുതക്കെതിരെയും ലഘുലേഖകൾ വിതരണം ചെയ്ത ഇസ്‌ലാമിക പ്രബോധകർക്കു നേരെ സംഘ്പരിവാർ അഴിച്ചുവിട്ട അതിക്രമങ്ങളെ അപലപിച്ചുകൊണ്ട് വി.ഡി സതീശൻ എം.എൽ.എ കേരള നിയമസഭയിൽ നടത്തിയ പ്രസംഗം വളരെ ശ്രദ്ധേയമായിരുന്നു. അദ്ദേഹം പറഞ്ഞു: “സാർ, മുജാഹിദുകൾ നിരവധി വർഷങ്ങളായി മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ കാലത്തും മൊയ്തു മൗലവിയുടെ കാലത്തും വക്കം മൗലവിയുടെ കാലത്തുമെല്ലാം പ്രചരിപ്പിച്ചിരുന്ന അവരുടെ ഏകദൈവവിശ്വാസത്തിന്റെ ഒരു ചെറിയൊരു ഭാഗം മാത്രമാണിത്. മറ്റുള്ള മതവിഭാഗങ്ങളെ പ്രകോപിപ്പിക്കുന്ന ഒന്നും തന്നെ ആ ലഘുലേഖകളില്ല.” പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും ഇക്കാര്യങ്ങൾ സൂചിപ്പിച്ചു. കേരളത്തിലെ മാധ്യമങ്ങൾ ആ പ്രസംഗങ്ങൾ റിപ്പോർട്ട് ചെയ്തു. കേരള മുസ്‌ലിം ജനതയിൽ ജനാധിപത്യവും മതേതരത്വവും വളർത്തിയെടുക്കുന്നതിൽ മുന്നിൽ നിൽക്കുകയും വർഗീയതക്കെതിരെയും തീവ്രവാദത്തിനെതിരെയും അതിശക്തമായ നിലപാടുകളെടുക്കുകയും ചെയ്തിട്ടുള്ള മുജാഹിദ് പ്രസ്ഥാനത്തിന്റെ പ്രവർത്തകരാണ് പറവൂരിൽ വേട്ടയാടപ്പെട്ടതെന്ന സതീശന്റെ പ്രസ്താവന മുജാഹിദ് പ്രസ്ഥാനത്തിന്റെ ഒരു നൂറ്റാണ്ടിലേറെയുള്ള പുരോഗമനപരവും സുതാര്യവുമായ പ്രവർത്തനങ്ങൾക്കുള്ള കേരളത്തിലെ മതേതര മനസ്സിന്റെ അംഗീകാരമാണ്. ‘മുജാഹിദ്’, ‘മുജാഹിദീൻ’ തുടങ്ങിയ പദങ്ങൾ ഭീകരതയുടെ പര്യായമായി ലോകമാകമാനം പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണ് ജനാധിപത്യത്തിന്റെ ശ്രീകോവിലെന്നറിയപ്പെടുന്ന കേരളനിയമസഭ തന്നെ ആ പദത്തെയും ആ പദം പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തെയും ബഹുമാനപൂർവ്വം സ്മരിക്കുന്നത്. കേരളത്തിന്റെ പൊതുബോധം എത്ര മാത്രം മതേതരമാണെന്ന് വിളിച്ചറിയിക്കുന്ന നിമിഷങ്ങളായിരുന്നു അത്.

മുജാഹിദ് പ്രസ്ഥാനം മുസ്‌ലിം സമുദായത്തെ വിശ്വാസപരമായും സാംസ്‌കാരികമായും സമുദ്ധരിക്കുന്നതിനു വേണ്ടി രൂപം കൊണ്ട നവോത്ഥാനപ്രസ്ഥാനമാണെന്ന് അറിയാത്തവരായി ആരുമുണ്ടാവില്ല. ഇസ്‌ലാമിനെ ഇതര മതസ്ഥർക്ക് മുമ്പിൽ വളച്ചുകെട്ടില്ലാതെ പരിചയപ്പെടുത്തുകയെന്ന ദൗത്യവും മുജാഹിദുകൾ നിർവഹിച്ചുകൊണ്ടിരിക്കുന്നു. ജനാധിപത്യ വ്യവസ്ഥിതിക്കു കീഴിൽ ജീവിക്കുന്നതോ അതിനു വേണ്ടി പ്രവർത്തിക്കുന്നതോ അനിസ്‌ലാമികമാണെന്ന തീവ്രവാദത്തെയും, മുസ്‌ലിം സമുദായത്തിനെതിരെ വരുന്ന അക്രമങ്ങളെ ജനാധിപത്യ മാർഗങ്ങളിലൂടെയല്ലാതെ കായികമായി നേരിടണമെന്ന തീവ്രവാദത്തെയും അതിശക്തമായി പ്രതിരോധിച്ചവരാണ് കേരളത്തിലെ മുജാഹിദുകൾ. ജിഹാദ്, മുജാഹിദ് തുടങ്ങിയ പദങ്ങളെ വിശുദ്ധ ഖുർആനിന്റെയും പ്രവാചകവചനങ്ങളുടെയും അടിസ്ഥാനത്തിൽ കേരളീയ സമൂഹത്തെ പഠിപ്പിച്ചതും മുജാഹിദുകൾ തന്നെയാണ്. ഇത്തരം പദങ്ങൾ ഉപയോഗിക്കുന്നത് ദോഷകരമാണെന്ന ചിന്തകൾ മുസ്‌ലിം സമൂഹത്തിൽ പോലും കടന്നുകൂടിയിട്ടുണ്ട്. ഇത്തരം സംജ്ഞകൾ ഉപയോഗിച്ചാൽ സായുധരായ ഭീകരവാദികളാണോ തങ്ങളെന്ന് സംശയിക്കപ്പെടുമോ എന്ന ആശങ്ക വെച്ചുപുലർത്തുന്നവരുമുണ്ട്.

മുജാഹിദ് എന്ന പദം കേരളത്തിലെ മുജാഹിദുകൾ ആലങ്കാരികമായി സ്വീകരിച്ചതല്ല. സമുദായത്തിൽ അള്ളിപ്പിടിച്ചിരിക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തീവ്രവാദങ്ങളും ഇല്ലായ്മ ചെയ്യുന്നതിനും സമുദായത്തിന് മതപരവും വിദ്യാഭ്യാസപരവും രാഷ്ട്രീയവുമായ ദിശാബോധം നൽകുന്നതിനുമായി സംഘടിച്ച ഏതാനും പണ്ഡിതന്മാരും സാധാരണക്കാരും ഒരു പ്രസ്ഥാനമായി മാറുകയായിരുന്നു. വിശ്രമമില്ലാതെ പ്രവർത്തിച്ചുകൊണ്ട് ഭൗതിക താൽപര്യങ്ങളില്ലാതെ ത്യാഗം ചെയ്യാൻ അവർ തയ്യാറായി. ആയിരത്തി എണ്ണൂറുകളുടെ അവസാനം ആരംഭിച്ച ആ പ്രവർത്തനങ്ങൾ 1950 ൽ മുജാഹിദ് പ്രസ്ഥാനമെന്ന പേരിൽ അറിയപ്പെട്ടുവന്നു. 1944ൽ അരീക്കോട് എൻ. വി. അബ്ദുസ്സലാം മൗലവിയുടെ നേതൃത്വത്തിൽ ആരംഭിച്ച ജംഇയ്യത്തുൽ മുജാഹിദീൻ എന്ന സംഘടനയാണ് മുജാഹിദ് എന്ന പദം ഈ പ്രസ്ഥാനത്തിന് സംഭാവന ചെയ്തത്. 'നമ്മുടെ മാർഗത്തിൽ ത്യാഗപരിശ്രമങ്ങളിൽ ഏർപെട്ടവരാരോ, അവരെ നമ്മുടെ വഴികളിലേക്ക് നാം നയിക്കുക തന്നെ ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹു സദ്വൃത്തരോടൊപ്പമാകുന്നു' എന്ന വിശുദ്ധ ഖുർആനിലെ സൂറത്തുൽ അൻകബൂത്തിലെ അവസാന സൂക്തമാണ് മുജാഹിദെന്ന പേര് സ്വീകരിക്കാൻ അബ്ദുസ്സലാം മൗലവിക്ക് പ്രചോദനമായതെന്ന് ചരിത്രം കുറിക്കുന്നു. കാരണം ലോകത്ത് കഴിഞ്ഞു പോയ മുഴുവൻ ദൈവദൂതന്മാരും പ്രവാചകന്മാരും അല്ലാഹുവിന്റെ സന്ദേശം ജനങ്ങളിലെത്തിച്ച് അവർക്ക് ഇഹപരവിജയത്തിനുള്ള മാർഗം കാണിച്ചുകൊണ്ടുക്കുന്നതിനുവേണ്ടി ഒട്ടേറെ ത്യാഗപരിശ്രമങ്ങൾ അഥവാ ജിഹാദ് ചെയ്തിട്ടുണ്ട്. പ്രവാചകന്മാരുടെ മാർഗം സ്വീകരിക്കുന്നവർക്കും അതേ ത്യാഗപരിശ്രമങ്ങൾ തന്നെയാണ് നിർവഹിക്കാനുള്ളത്. അല്ലാഹുവിന്റെ മാർഗത്തിൽ സ്വീകരിക്കപ്പെടേണ്ട ഏതൊരു ത്യാഗവും ആ അർഥത്തിൽ ജിഹാദാണ്.




ജിഹാദ് എന്ന പദത്തിന് ഒരുപാട് അർഥതലങ്ങളുണ്ട്. ഒട്ടനവധി വ്യാഖ്യാനങ്ങൾക്കും ദുർവ്യാഖ്യാനങ്ങൾക്കും അത് വിധേയമായിട്ടുമുണ്ട്. ഒരു കാര്യം സാധിച്ചുകിട്ടുന്നതിനുവേണ്ടി വിഷമങ്ങൾ സഹിച്ചുകൊണ്ടും എതിർപ്പുകളെ തൃണവത്കരിച്ചുകൊണ്ടും തീവ്രശ്രമം നടത്തുക അഥവാ കഴിവിന്റെ പരമാവധി പ്രയത്നിക്കുക എന്നൊക്കെയാണ് ജിഹാദിന്റെ ഭാഷാർഥം. സ്വന്തം മനസ്സിനോടും ശരീരത്തോടുമുള്ള ജിഹാദ്, പിശാചിനോടുള്ള ജിഹാദ്, മുസ്‌ലിംകളെ ശത്രുക്കളായി കാണുകയും അവരെ ഉന്മൂലനം ചെയ്യാൻ ഉദ്ദേശിക്കുകയും ചെയ്യുന്ന ശത്രുക്കളോടുള്ള ജിഹാദ് തുടങ്ങി സാഹചര്യങ്ങൾക്കനുസരിച്ച് ജിഹാദിന്റെ

ആശയം മാറുന്നു. കേരളത്തിലെ മുജാഹിദുകളെ സംബന്ധിച്ചിടത്തോളം മുസ്‌ലിം സമുദായത്തിലെ ഓരോ അംഗങ്ങളോടും ക്വുർആനിന്റെയും പ്രവാചകചര്യയുടെയും അടിസ്ഥാനത്തിൽ ത്യാഗപരിശ്രമങ്ങൾ ചെയ്ത് ജീവിതം ക്രമപ്പെടുത്താൻ ഉദ്ബോധിപ്പിക്കുകയാണ് ചെയ്യുന്നത്. അത്തരമൊരു ജീവിതം സാധ്യമാവണമെങ്കിൽ പൈശാചിക ദുർബോധനങ്ങൾക്കെതിരെ ജിഹാദ് ചെയ്തുകൊണ്ട് മനസ്സിനെയും ശരീരത്തെയും സംരക്ഷിക്കണം. മനസ്സിൽ ഉരുണ്ടുകൂടുന്ന തീവ്രവും ഭീഭത്സവുമായ ചിന്തകളെ ദൈവഭയം കൊണ്ട് പ്രതിരോധിക്കാൻ സാധിക്കുമ്പോൾ മാത്രമെ ഒരാൾ യഥാർഥ മുജാഹിദാവുകയുള്ളൂ. ശക്തമായ നിയമവ്യവസ്ഥ നിലവിലുള്ളപ്പോൾ ശത്രുവിനെതിരെയാണെങ്കിൽ പോലും സ്വയം ആയുധമെടുക്കുന്നത് ഇസ്‌ലാം പഠിപ്പിച്ച ജിഹാദല്ലെന്നു മുജാഹിദുകൾ വിശ്വസിക്കാൻ കാരണം ജിഹാദിന്റെ ശരിയായ വ്യാഖ്യാനം മനസ്സിലാക്കിയതാണ്. ആക്രമിക്കപ്പെടുമ്പോളും ജനാധിപത്യമാർഗങ്ങൾ ഉപയോഗപ്പെടുത്തി നിയമപാലക സംവിധാനങ്ങളും നീതിന്യായ വ്യവസ്ഥകളും ഉപയോഗപ്പെടുത്തിക്കൊണ്ട് മാത്രമെ അതിനെ ചെറുക്കാവൂ എന്നാണ് മുജാഹിദുകൾ പഠിപ്പിക്കപ്പെട്ടത്. പകൽവെളിച്ചത്തിലെ ആൾക്കൂട്ട ഭീകരതയും ഇരുളിൻ മറവിലെ ആക്രമണ പ്രത്യാക്രമണങ്ങളും ഒരുപോലെ നിഷിദ്ധമാണെന്ന് മുജാഹിദുകൾ വിശ്വസിക്കുന്നു.

സായുധപോരാട്ടങ്ങൾ ലക്ഷ്യമാക്കി ഇസ്‌ലാമിന്റെ പേരിൽ രൂപംകൊണ്ട ജിഹാദീ പ്രസ്ഥാനങ്ങൾ ധാരാളമാണ്. 'സമൂഹത്തിനു നന്മ ചെയ്യുന്നതിന് വേണ്ടിയുള്ള ത്യാഗപരിശ്രമങ്ങൾ' എന്ന വിശുദ്ധ ക്വുർആൻ പഠിപ്പിച്ച ജിഹാദിന്റെ ശരിയായ താൽപര്യങ്ങളെ വികൃതമാക്കിയതിൽ ഈ പ്രസ്ഥാനങ്ങൾക്ക് തന്നെയാണ് മുഖ്യമായ പങ്ക്. അതേസമയം ജിഹാദിനെ ദുർവ്യാഖ്യാനിച്ച് ഇസ്‌ലാമിനെ ഒരു ഭീകരപ്രസ്ഥാനമാക്കി അവതരിപ്പിക്കാൻ ഇസ്‌ലാം വിരുദ്ധ കേന്ദ്രങ്ങളും പരിശ്രമിക്കുന്നു. ഈ രണ്ടുവിഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന അറിവുകളുടെ അടിസ്ഥാനത്തിൽ മാത്രം നിലപാടുകൾ

**'മുജാഹിദ്', 'മുജാഹിദീൻ' തുടങ്ങിയ പദങ്ങൾ ഭീകരതയുടെ പര്യായമായി ലോകമാകമാനം പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണ് ജനാധിപത്യത്തിന്റെ ശ്രീകോവിലെന്നറിയപ്പെടുന്ന കേരളനിയമസഭ തന്നെ ആ പദത്തെയും ആ പദം പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തെയും ബഹുമാനപൂർവ്വം സ്മരിക്കുന്നത്. കേരളത്തിന്റെ പൊതുബോധം എത്രമാത്രം മതേതരമാണെന്ന് വിളിച്ചറിയിക്കുന്ന നിമിഷങ്ങളായിരുന്നു അത്.**




രൂപീകരിക്കുന്ന ചില ബുദ്ധിജീവികളുമുണ്ട്. 'മുഹമ്മദീയരുടെ വിശുദ്ധ യുദ്ധം', 'ആളുകളെ ഇളക്കിവിടാനുള്ള പ്രചാരണം' എന്നൊക്കെയാണ് എൻ.ബി.എസ് പ്രസിദ്ധീകരിച്ച മാധവൻ പിള്ളയുടെ ഇംഗ്ളീഷ് മലയാളം നിഘണ്ടുവിലുള്ളത്. 'Holy war fought by Muslims against those who reject Islam' (ഇസ്‌ലാമിനെ തള്ളിക്കളയുന്നവർക്കെതിരെ മുസ്‌ലിംകൾ നടത്തുന്ന വിശുദ്ധ യുദ്ധം) എന്ന് ഒക്സ്ഫോർഡും 'a stunt campaign' എന്ന് ചേംബേഴ്സ് ഡിക്ഷ്ണറിയും അർഥം നൽകുന്നു. ജിഹാദിന് ഇത്തരത്തിലുള്ള അർഥം ഇസ്‌ലാമിക പ്രമാണങ്ങളിൽ എവിടെയും കാണാൻ സാധിക്കില്ല. ഇസ്‌ലാമിക ഭരണം അടിച്ചേൽപ്പിക്കാനുള്ള മാർഗമായി ജിഹാദിനെ വിശദീകരിച്ച ചില ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കും ഇസ്‌ലാമിലെ ജിഹാദിനെ തെറ്റുധരിപ്പിക്കുന്നതിൽ അനൽപമായ പങ്കുണ്ട്.

മുജാഹിദ് പ്രസ്ഥാനം പ്രധാനമായും അറിയപ്പെടുന്നത് മൂന്നു പേരുകളിലാണ്. മുജാഹിദ് എന്ന പേരിനു പുറമെ ഇസ്‌ലാഹി, സലഫി തുടങ്ങിയ പേരുകളിലൂടെയും പ്രസ്ഥാനം അറിയപ്പെട്ടുവരുന്നു. ജിഹാദ്, ഇസ്‌ലാഹ്, സലഫി എന്നീ സംജ്ഞകളിലാണ് ഈ പ്രസ്ഥാനം പടുക്കപ്പെട്ടിട്ടുള്ളത്. ഓരോ പദങ്ങൾക്കും അതിന്റേതായ ലക്ഷ്യങ്ങളും ആശയങ്ങളുമുണ്ട്. പ്രവാചകന്മാരുടെ നിയോഗത്തിന്റെ ലക്ഷ്യം വിവരിക്കുമ്പോൾ ക്വുർആൻ ഉപയോഗിച്ച പദമാണ് 'ഇസ്‌ലാഹ്'. 'കേടുവന്നത് നന്നാക്കുക' എന്ന അർഥമാണ് അതിനുള്ളത്. പ്രവാചകന്മാർ ഭൂമിയിൽ നിർവഹിച്ച പ്രവർത്തനവും അതുതന്നെയായിരുന്നു. 'ഇൻ ഉരീദു ഇല്ലൽ ഇസ്‌ലാഹ മസ്തത്വഅ്തു' (എനിക്ക് സാധ്യമായത്ര ഇസ്‌ലാഹ് സം

സ്കരണം വരുത്തുവാനല്ലാതെ മറ്റൊന്നും ഞാൻ ഉദ്ദേശിക്കുന്നില്ല) എന്ന വചനം പ്രവാചകാധ്യാപനങ്ങൾ വിശദമാക്കുന്ന സന്ദർഭത്തിൽ ക്വുർആൻ എടുത്തു പറയുന്നു. ഒരു പ്രവാചകനും പുതുതായി ഒരാശയവും കൊണ്ടുവന്നിട്ടില്ല. മുൻപ്രവാചകന്മാർ പഠിപ്പിച്ചതിൽ നിന്നും സമൂഹം വ്യതിചലിക്കുമ്പോൾ കേടുപാടുകൾ തീർത്ത് ശരിയായ വിശ്വാസത്തിലേക്ക് നയിക്കുകയെന്ന ദൗത്യമാണ് അവർ നിർവഹിച്ചത്. സ്രഷ്ടാവായ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനായി സൃഷ്ടിക്കപ്പെട്ട മനുഷ്യരിൽ വിശ്വാസപരവും സാംസ്കാരികവുമായ വ്യതിചലനങ്ങൾ സംഭവിച്ചപ്പോഴാണ് പ്രവാചകന്മാർ കടന്നുവന്നത്. ജനങ്ങളിൽ കടന്നുകൂടിയ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ബോധവൽക്കരണം നടത്തി ജനമനസ്സുകളുടെ കേടുപാടുകൾ തീർക്കുക എന്ന ദൗത്യമാണ് അവർ നിർവഹിച്ചത്. ഇതാണ് മുജാഹിദുകളുടെയും പ്രവർത്തനം. കേരളീയ മുസ്ലിം സമൂഹത്തിന്റെ ഭൂതകാല ചരിത്രം പരിശോധിക്കുമ്പോൾ തൗഹീദിൽ നിന്നകന്ന് ശിർക്ക് കലർന്ന വിശ്വാസങ്ങൾ സ്വീകരിച്ച്, പ്രവാചകചര്യകൾക്ക് പകരം പുതുതായി രൂപം കൊണ്ട പുത്തനാചാരങ്ങൾ സ്വീകരിച്ച് അന്ധകാരത്തിലാപതിച്ചിരുന്ന ഒരു സമൂഹമായി അവർ മാറിയിരുന്നു. അവരെ ഇസ്ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ പരിവർത്തിപ്പിക്കുകയെന്ന ചരിത്രപരമായ ഉത്തരവാദിത്തമാണ് മുജാഹിദുകൾ നിർവഹിച്ചത്. ഏതൊരു പണ്ഡിതന്റെയും പരിഷ്കർത്താവിന്റെയും പ്രഥമവും പ്രധാനവുമായ പ്രവർത്തനം ഇസ്ലാഹാണ്.

ഇസ്ലാഹ് പ്രവർത്തനമായി അംഗീകരിച്ചവർക്ക് ആ പ്രവർത്തനത്തിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യണമെങ്കിൽ വിജ്ഞാനം അനിവാര്യമാണ്. പ്രവാചകന്മാർ നിർവഹിച്ച ദൗത്യം നിർവഹിക്കപ്പെടുമ്പോൾ പ്രവാചകന്മാരിലൂടെ അവതീർണമായ വിജ്ഞാനം അനിവാര്യമായിത്തീരുന്നു. അവസാനവേദമായ വിശുദ്ധക്വുർആനും അന്തിമപ്രവാചകനായ മുഹമ്മദ് നബിﷺയുമാണ് വിജ്ഞാനത്തിന്റെ സ്രോതസ്സ്. പ്രവാചകന്റെ കൂടെ ജീവിച്ച അദ്ദേഹത്തിന്റെ അനുചരന്മാരടക്കം ആദ്യ മൂന്നുനൂറ്റാണ്ടുകളിൽ ജീവിച്ച പൂർവസൂരികൾ അഥവാ 'അസ്സലഫുസ്സാലിഹ്' അവരാണ് ഇസ്ലാമിക വിജ്ഞാനത്തിന്റെ ആധാരം. ആ 'സലഫ്'നെ അംഗീകരിക്കുന്നവർ എന്ന നിലക്ക് മുജാഹിദുകൾ 'സലഫികൾ' എന്ന പേരിലുമറിയപ്പെടുന്നു. അതുകൊണ്ടുതന്നെ ഇസ്ലാഹ്, സലഫ്, ജിഹാദ് എന്നീ സംജ്ഞകൾ മുജാഹിദ് പ്രസ്ഥാനത്തിന്റെ മൂലക്കല്ലുകളാകുന്നു. അവയെ ഇളക്കിമാറ്റിയാൽ പിന്നെ മുജാഹിദ് പ്രസ്ഥാനമില്ല.




**ജിഹാദ് ദുർവ്യാഖ്യാനിക്കപ്പെട്ട പോലെത്തന്നെ ഇസ്ലാഹ്, സലഫ് എന്നീ പദങ്ങളും ദുർവ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. സച്ചരിതരായ പൂർവികരുടെ പാത സ്വീകരിക്കുകയെന്ന ആശയം മാത്രം ഉൾക്കൊള്ളുന്ന നിർദോഷകരമായ സലഫി എന്ന പദത്തെ ഭീകരതയുമായി ബന്ധിപ്പിക്കാൻ പലരും ശ്രമിച്ചുകൊണ്ടിരിക്കുന്നു. വേൾഡ് ട്രേഡ് സെന്റർ ആക്രമിക്കപ്പെട്ടതിനു ശേഷമാണ് ഇത്തരമൊരു ശ്രമം വ്യാപകമായത്.**

ജിഹാദ് ദുർവ്യാഖ്യാനിക്കപ്പെട്ട പോലെത്തന്നെ ഇസ്ലാഹ്, സലഫ് എന്നീ പദങ്ങളും ദുർവ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. സച്ചരിതരായ പൂർവികരുടെ പാത സ്വീകരിക്കുകയെന്ന ആശയം മാത്രം ഉൾക്കൊള്ളുന്ന നിർദോഷകരമായ സലഫി എന്ന പദത്തെ ഭീകരതയുമായി ബന്ധിപ്പിക്കാൻ പലരും ശ്രമിച്ചുകൊണ്ടിരിക്കുന്നു. 2001 സെപ്റ്റംബർ 11ന് വേൾഡ് ട്രേഡ് സെന്റർ ആക്രമിക്കപ്പെട്ടതിനു ശേഷമാണ് ഇത്തരമൊരു ശ്രമം വ്യാപകമായത്. ഉസാമ ബിൻ ലാദന്റെ ഐഡിയോളജിയുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഈ പ്രചാരണത്തിന് ആക്കം കൂടിയത്. സൗദി അറേബ്യ സലഫീ മാർഗം ഉൾക്കൊണ്ടിട്ടുള്ള ഒരു രാജ്യമായതുകൊണ്ട് സൗദിയിൽ വളർന്ന ഉസാമയും ഒരു സലഫിയാണെന്നായിരുന്നു ആരോപണം. റാഡിക്കൽ സലഫിസം പോലെയുള്ള പ്രയോഗം വളരെ വ്യാപകമായി. സത്യത്തിൽ സലഫിസം എന്ന ഒരു 'ഇസം' സലഫുകളിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിട്ടില്ല എന്നതാണ് വസ്തുത. തീവ്ര-ഭീകരപ്രവർത്തനങ്ങൾക്കെതിരെ സൗദി സ്വീകരിച്ച നടപടികൾ ലോകം അംഗീകരിച്ചതാണ്. ഉസാമയടക്കമുള്ള ഭീകരവാദികളെ സൗദിയുടെ മ

**ഈജിപ്തിലെ ഐഡിയോളജികളാണ് മുജാഹിദ് പ്രസ്ഥാനം സ്വീകരിച്ചതെന്ന് പ്രചരിപ്പിക്കുന്നവരുണ്ട്. ഇത് വസ്തുതക്ക് നിരക്കാത്തതാണ്. കേരളീയ സമൂഹങ്ങളെയും സാഹചര്യങ്ങളെയും പരിശോധിച്ച് അവിടെ നടത്തേണ്ട പരിഷ്കരണ പ്രവർത്തനങ്ങൾ വിശുദ്ധ ക്വുർആനിന്റെയും പ്രവാചകചര്യയുടെയും അടിസ്ഥാനത്തിൽ സലഫുകളുടെ മാർഗമനുസരിച്ച് നടത്തുകയാണ് മുജാഹിദുകൾ ചെയ്തിട്ടുള്ളത്.**

ണ്ണിൽ നിന്നും തുരത്തുകയോ ഉന്മൂലനം ചെയ്യുകയോ ചെയ്തിട്ടുണ്ട്. ഭീകരസംഘങ്ങളിൽ പലരും 'സലഫി' എന്ന പദത്തെ ജനങ്ങളിൽ സ്വാധീനം കിട്ടുന്നതിനായി ഉപയോഗപ്പെടുത്തുകയായിരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ സലഫി എന്ന പദത്തിന്റെ മൗലികമായ സന്ദേശം ജനങ്ങളിലെത്തിക്കുകയെന്ന ദൗത്യം യഥാർഥ സലഫികൾക്കുണ്ട്. 'ഇസ്‌ലാമിക തീവ്രവാദം' എന്ന പ്രയോഗം മാധ്യമങ്ങളടക്കം പലരും ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. അറബി ഭാഷയിലെ പല പദങ്ങളും തീവ്രവാദികൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് 'ഇസ്‌ലാം' തുടങ്ങിയ അറബി പദങ്ങളൊന്നും ഇനി ആരും ഉപയോഗിക്കരുതെന്നു പറയുന്നത് മൗഢ്യവും ഭീരുത്വവുമാണ്. പേരുകൾ മാത്രം നോക്കിയല്ല ആശയങ്ങളെയും പ്രവർത്തനങ്ങളെയും നിരീക്ഷിച്ചുകൊണ്ടാണ് പ്രസ്ഥാനങ്ങളെ വിലയിരുത്തേണ്ടത്.

മുഹമ്മദ് നബിﷺയുടെ സമുദായത്തിലെ ഏറ്റവും വിശിഷ്ടമായ തലമുറ സ്വഹാബികളും താബിഉകളും താബിഉത്താബിഉകളുമടങ്ങുന്ന 'സലഫി തലമുറ'യാണെന്ന കാര്യത്തിൽ സംശയമില്ല. സലഫുസ്സ്വാലിഹുകൾ ക്വുർആനും സുന്നത്തും പ്രമാണമാക്കി ജീവിച്ചവരായിരുന്നു. അവരെപ്പോലെ തന്നെ ക്വുർആനും സുന്നത്തും അടിസ്ഥാനപ്രമാണങ്ങളാക്കുന്ന രീതി മുജാഹിദുകളും അവലംബിക്കുന്നു. ആരാധനാകാര്യങ്ങളിൽ മാത്രമല്ല സ്വഭാവരംഗങ്ങളിലും ഇടപാടുകളിലും സാമ്പത്തികരംഗങ്ങളിലും പ്രബോധന ശൈലിയിലുമെല്ലാം 'സലഫിന്റെ' മാതൃക സസൂക്ഷ്മം പിന്തുടരുക എന്നതാണ് മുജാഹിദുകളുടെ നിലപാട്. സലഫുകൾ മനസ്സിലാക്കിയ ഇസ്‌ലാമിന്റെ ആദർശാടിത്തറ തൗഹീദാണ്. പ്രവാചക പ്രബോധനങ്ങളിൽ നിറഞ്ഞു നിൽക്കുന്നതും പ്രാമുഖ്യം നൽകപ്പെട്ടതും തൗഹീദാണ്. പ്രാർഥനകളും അഭൗതികമായ സഹായാർഥനകളും തേട്ടങ്ങളും നേർച്ചകളും വഴിപാടുകളും ബലികർമങ്ങളും എന്നിങ്ങനെ ആരാധനയുടെ പരിധിയിൽ വരുന്ന മുഴുവൻ കാര്യങ്ങളിലും അല്ലാഹുവിനെ ഏകനാക്കുക എന്നതാണ് തൗഹീദിന്റെ കാതൽ. ദൈവിക മതത്തെ മനുഷ്യ നിർമിത മതങ്ങളിൽ നിന്നും വ്യതിരിക്തമാക്കുന്ന തനിമ തൗഹീദാകുന്നു. ഏകദൈവാരാധനയുടെ ദൈവനിർദിഷ്ടമായ രീതി സ്വയം പഠിക്കുകയും അതനുസരിച്ച് ജീവിക്കുകയും മാനവരിലെ എല്ലാ വിഭാഗങ്ങൾക്കും അത് പകർന്നുകൊടുക്കുകയും ചെയ്യുകയെന്ന മഹദ്ദൗത്യമാണ് മുജാഹിദുകൾ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. സ്വന്തം സമുദായത്തിൽ തൗഹീദിൽ സംഭവിച്ചിട്ടുള്ള വ്യതിയാനങ്ങൾ ചൂണ്ടിക്കാണിക്കാതെ തൗഹീദിപ്രബോധനം സത്യസന്ധവും നീതിയുക്തവും സമഗ്രവും ആവില്ലെന്നു മുജാഹിദുകൾ വിശ്വസിക്കുന്നു.

ഇസ്‌ലാഹ് എന്ന പദം ഈജിപ്തിൽ നിന്നും കടന്നുവന്നതാണെന്നും അതുകൊണ്ടുതന്നെ ഈജിപ്തിലെ ഐഡിയോളജികളാണ് മുജാഹിദ് പ്രസ്ഥാനം സ്വീകരിച്ചതെന്നും പ്രചരിപ്പിക്കുന്നവരുണ്ട്. കേരളത്തിലെ മുജാഹിദ് പ്രസ്ഥാനം ഏതെങ്കിലും രാജ്യങ്ങളിൽ നിന്ന് ആവേശം ഉൾക്കൊണ്ടവരല്ല. കേരളീയ സമൂഹങ്ങളെയും സാഹചര്യങ്ങളെയും പരിശോധിച്ച് അവിടെ നടത്തേണ്ട പരിഷ്കരണ പ്രവർത്തനങ്ങൾ വിശുദ്ധ ക്വുർആനിന്റെയും പ്രവാചകചര്യയുടെയും അടിസ്ഥാനത്തിൽ സലഫുകളുടെ മാർഗമനുസരിച്ച് നടത്തുകയാണ് മുജാഹിദുകൾ ചെയ്തിട്ടുള്ളത്. സലഫി വിജ്ഞാനം ആർജിച്ചെടുക്കുകയും പ്രവാചകന്മാർ നടത്തിയ ഇസ്‌ലാഹിന് മുൻഗണന നൽകുകയും ചെയ്യുന്ന ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മുഴുവൻ പണ്ഡിതന്മാരുമായും മുജാഹിദ് പ്രസ്ഥാനത്തിന് ആശയപരമായ ബന്ധമുണ്ട്.

ഒരു ബഹുമത സമൂഹത്തിൽ മുസ്‌ലിം ന്യൂനപക്ഷം പുലർത്തേണ്ട നിലപാടുകൾ എന്തായിരിക്കണമെന്ന് കേരളത്തിലെ മുസ്‌ലിം നേതാക്കളെയും ഭരണരംഗങ്ങളിൽ പ്രവർത്തിക്കുന്നവരെയും ബഹുജനങ്ങളെയും ഒരു പോലെ ബോധ്യപ്പെടുത്താൻ മുജാഹിദുകൾക്ക് സാധിച്ചതുകൊണ്ടാണ് എത്ര വലിയ തെറ്റുധരിപ്പിക്കലുകളുണ്ടായിരുന്നിട്ടും ദുഷ്പ്രചാരണങ്ങൾ നടന്നിട്ടും മുജാഹിദ്, ഇസ്‌ലാഹി, സലഫി തുടങ്ങിയ സംജ്ഞകൾ സംശയങ്ങൾക്കിടമില്ലാത്ത വിധം കേരളീയ സമൂഹത്തിൽ സ്വീകാര്യമായിത്തീർന്നത്. ●

മൂസ സ്വലാഹി, കാര
mail@nerpatham.com

ലേഖനം



# പ്രവാചകചര്യ സത്യവിശ്വാസികൾക്ക് പ്രമാണമാണ്

**ഇ**സ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് പരിപൂർണമായി കീഴ്‌പെടാതെ, പല രൂപത്തിലും കോലത്തിലും പ്രമാണങ്ങളെ നിഷേധിക്കുന്ന പ്രവണത മുസ്‌ലിം സമൂഹത്തിൽ കണ്ടുവരുന്നുണ്ട്. മുൻകാലങ്ങളിൽ പ്രമാണ വിരോധികൾ ഏതു വഴികളാണോ അതിന് സ്വീകരിച്ചിരുന്നത് അതേ വഴികൾ തന്നെയാണ് നിഷേധികൾ ഇന്നും സ്വീകരിക്കുന്നത്.

അല്ലാഹു പറയുന്നു: "അവരുടെ ഹൃദയങ്ങളിൽ വല്ല രോഗവുമുണ്ടോ? അതല്ല അവർക്ക് സംശയം പിടിപെട്ടിരിക്കുകയാണോ? അതല്ല അല്ലാഹുവും അവന്റെ റസൂലും അവരോട് അനീതി പ്രവർത്തിക്കുമെന്ന് അവർ ഭയപ്പെടുകയാണോ? അല്ല, അവർ തന്നെയാകുന്നു അക്രമികൾ! തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ" (ക്വുർആൻ 24:50,51).

ഇബ്നു കഥീർ(റഹി) പറഞ്ഞു: "ഇവിടെ അല്ലാഹുവിന്റെയും റസൂലിﷺന്റെയും വിളിക്ക് ഉത്തരം നൽകുന്ന വിശ്വാസികളുടെ വിശേഷണത്തെ കുറിച്ചാണ് സൂചന. അല്ലാഹുവിന്റെ കിതാബും നബിയുടെ സുന്നത്തുമില്ലാതെ അവർ ദീനിനെ കൊതിക്കുകയില്ല" (തഫ്സീർ ഇബ്നു കഥീർ 3:396).

എന്നാൽ ഇതിന് നേർവിപരീതം പ്രവർത്തിക്കുന്നവർ, അതായത് 'ഞങ്ങൾ കേൾക്കുന്നു, ഞങ്ങൾ ധിക്കരിക്കുന്നു' എന്നത് ജൂത-ക്രിസ്ത്യാനികളുടെ നിലപാടാണ്.

**സ്വഹീഹായ ഹദീഥുകൾ സ്വീകരിക്കാതെ ദുർബല ഹദീഥുകളെ പിന്തുടരുന്നവരും ഹദീഥുകളെ പരിപൂർണമായി നിഷേധിക്കുന്നവരും, ഹദീഥുകളെ തങ്ങളുടെ പരിമിതമായ ബുദ്ധി ഉപയോഗിച്ച് അളക്കുന്നവരും, പലതും ആധുനിക ലോകത്ത് പ്രസക്തമല്ല മാറ്റിവെക്കേണ്ടവയാണെന്ന് പുലമ്പുന്നവരും ഹദീഥുകൾ നിഷേധിക്കുന്നതിൽ ഒരേ വൃത്തത്തിൽ തന്നെയാണെന്നത് സംശയിക്കേണ്ടതില്ല.**

അല്ലാഹു പറയുന്നു: "യഹൂദരിൽ പെട്ടവരത്രെ (ആ ശത്രുക്കൾ). വാക്കുകളെ അവൻ സ്ഥാനം തെറ്റിച്ച് പ്രയോഗിക്കുന്നു. തങ്ങളുടെ നാവുകൾ വളച്ചൊടിച്ച് കൊണ്ടും മതത്തെ കുത്തിപ്പറഞ്ഞ് കൊണ്ടും സമിഅ്നാ വഅസൈ്വനാ എന്നും ഇസ്മഅ് ഗൈറ മുസ്മഅ് എന്നും റാഇനാ എന്നും അവർ പറയുന്നു. സമിഅ്നാ വഅത്വഅ്നാ (ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു) എന്നും ഇസ്മഅ് (കേൾക്കണേ) എന്നും ഉൻളുർനാ (ഞങ്ങളെ ഗൗനിക്കണേ) എന്നും അവർ പറഞ്ഞിരുന്നെങ്കിൽ അതവർക്ക് കൂടുതൽ ഉത്തമവും വക്രതയില്ലാത്തതും ആകുമായിരുന്നു. പക്ഷേ, അല്ലാഹു അവരുടെ നിഷേധം കാരണമായി അവരെ ശപിച്ചിരിക്കുന്നു. അതിനാൽ അവർ വിശ്വസിക്കുകയില്ല; ചുരുക്കത്തിലല്ലാതെ" (ക്വുർആൻ 4:46).

അല്ലാഹുവിലേക്കും റസൂലി(സ്വ)ലേക്കും വിളിക്കപ്പെട്ടാൽ പുറംതിരിഞ്ഞ് പോകുന്നവർ കപട വിശ്വാസികളാണ്.

അല്ലാഹു പറയുന്നു: "അവർ പറയുന്നു: ഞങ്ങൾ അല്ലാഹുവിലും റസൂലിലും വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന്. പിന്നെ അതിന് ശേഷം അവരിൽ ഒരു വിഭാഗമതാ പിൻമാറിപ്പോകുന്നു. അവർ വിശ്വാസികളല്ല തന്നെ. അവർക്കിടയിൽ (റസൂൽ) തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും അവർ വിളിക്കപ്പെട്ടാൽ അപ്പോഴതാ അവരിൽ ഒരു വിഭാഗം തിരിഞ്ഞുകളയുന്നു" (ക്വുർആൻ 24:47,48).

പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടുവന്ന കാര്യങ്ങളിൽ ചിലത് സ്വീകരിക്കുക, ചിലത് ഒഴിവാക്കുക എന്നത് സത്യനിഷേധികളുടെ സ്വഭാവമാണ്.

അല്ലാഹു പറയുന്നു: "നീ അവരോട് (അതിനെപ്പറ്റി) ചോദിച്ചാൽ അവർ പറുയും: ഞങ്ങൾ തമാശ പറഞ്ഞു കളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളിൽ ഒരു വിഭാഗത്തിന് നാം മാപ്പുനൽകുകയാണെങ്കിൽ തന്നെ മറ്റൊരു വിഭാഗത്തിന് അവർ കുറ്റവാളികളായിരുന്നതിനാൽ നാം ശിക്ഷ നൽകുന്നതാണ്" (ക്വുർആൻ 9:65,66).

പ്രമാണങ്ങൾ പഠിപ്പിക്കുന്ന മൂല്യങ്ങൾ ഉൾക്കൊള്ളേണ്ടതിന് പകരം സംശയകരമായ നലപാട് സ്വീകരിക്കുന്നവർ സത്യനിഷേധികളാണ്. അല്ലാഹ പറയുന്നു: "എങ്കിലും അവർ സംശയത്തിൽ കളിക്കുകയാകുന്നു" (ക്വുർആൻ 44:9).

അല്ലാഹുവും റസൂലുംﷺ അറിയിച്ച കാര്യങ്ങളെ പരിഹസിക്കുക എന്നതും ഏറെ ഗൗരവമുള്ളത് തന്നെ.

അല്ലാഹു പറയുന്നു: "നീ അവരോട് (അതിനെപ്പറ്റി) ചോദിച്ചാൽ അവർ പറയും: ഞങ്ങൾ തമാശ പറഞ്ഞു കളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളിൽ ഒരു വിഭാഗത്തിന് നാം മാപ്പുനൽകുകയാണെങ്കിൽ തന്നെ മറ്റൊരു വിഭാഗത്തിന് അവർ കുറ്റവാളികളായിരുന്നതിനാൽ നാം ശിക്ഷ നൽകുന്നതാണ്" (ക്വുർആൻ 9:65,66).

തന്റെ അടിമകളോട് ഏറെ കാരുണ്യവാനായ രക്ഷിതാവ് പ്രമാണ വിരോധികളും പരിഹസിക്കുന്നവരുമായവരോട് സ്വീകരിക്കേണ്ട സമീപനത്തെക്കുറിച്ച് പറഞ്ഞുതരുന്നത് കാണുക:

"നമ്മുടെ ദൃഷ്ടാന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മറ്റു വല്ല വർത്തമാനത്തിലും പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്ന് തിരിഞ്ഞു കളയുക. ഇനി വല്ലപ്പോഴും നിന്നെ പിശാച് മറപ്പിച്ച് കളയുന്ന പക്ഷം ഓർമ വന്നതിന് ശേഷം അക്രമികളായ ആ ആളുകളുടെ കൂടെ നീ ഇരിക്കരുത്" (ക്വുർആൻ 6:68).

പ്രമാണങ്ങളുടെ പരിപൂർണ സംരക്ഷണം അല്ലാഹു ഏറ്റെടുത്തതാണ്: പരിപൂർണ സംരക്ഷണം അല്ലാഹുവിലാണെന്ന് പറഞ്ഞാൽ പ്രമാണങ്ങളിലേക്ക് എന്തെങ്കിലുമൊന്ന് കൂട്ടിച്ചേർക്കാനോ, ഉള്ളത് കുറച്ച് കളയാനോ സാധ്യമല്ലെന്നർഥം. അല്ലാഹു പറയുന്നു: "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (ക്വുർആൻ 15:9).

പ്രമാണങ്ങൾ മനസ്സിലാക്കുന്നേടത്ത് നാം മാർഗം സ്വീകരിക്കേണ്ടത് ഉത്തമ തലമുറയുടേതാണ്.

ഉത്തമ തലമുറ എന്നാൽ നബിﷺ എടുത്തു പറഞ്ഞ മൂന്ന് നൂറ്റാണ്ടിൽ ജീവിച്ചവരാണ്. അബ്ദുല്ല(رضي الله عنه)വി

ൽ നിന്ന് നിവേദനം. നബിﷺ പറഞ്ഞു: "ജനങ്ങളിൽ ഉത്തമർ എന്റെ തലമുറയാണ്. പിന്നെ അവരെ തുടർന്ന് വരുന്നവർ, പിന്നെ അവരെ തുടർന്ന് വരുന്നവർ" (ബുഖാരി: 2452).

ഇവരുടേതല്ലാത്ത ഒരു മാർഗം പിൻപറ്റുന്നവർ നിശ്ചയം നരകത്തിന്റെ വഴിയിൽ പ്രവേശിക്കുന്നതാണ്. അല്ലാഹു പറയുന്നു:

"തനിക്ക് സന്മാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവർ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചു വിടുന്നതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!" (ക്വുർആൻ 4:115).

ഇസ്‌ലാമിക വൃത്തത്തിലുള്ള കാര്യങ്ങൾ സമൂഹത്തിന് അറിയിച്ച് കൊടുക്കുന്ന അടിസ്ഥാന പ്രമാണങ്ങളിലൊന്നായ ഹദീഥുകൾ സ്വീകരിക്കുന്നേടത്ത് നാം എത്രത്തോളം കണിശത കാണിക്കുമെന്ന് ബോധ്യമാക്കിത്തരുന്ന ചില കാര്യങ്ങൾ നാം മനസ്സിലാക്കി. പ്രമാണങ്ങൾ മനസ്സിലാക്കുന്നേടത്ത് ഒന്നിനു പുറകെ മറ്റൊന്നായി അബദ്ധങ്ങൾ എക്കാലത്തും പിടികൂടാനുള്ള പ്രധാന കാരണം ഈമാനും ഇഖ്‌ലാസും അറിവും വിവേകവും ഒന്നിക്കാത്തതാണ്.

സ്വഹീഹായ ഹദീഥുകൾ സ്വീകരിക്കാതെ ദുർബല ഹദീഥുകളെ പിന്തുടരുന്നവരും ഹദീഥുകളെ പരിപൂർണമായി നിഷേധിക്കുന്നവരും, ഹദീഥുകളെ തങ്ങളുടെ പരിമിതമായ ബുദ്ധി ഉപയോഗിച്ച് അളക്കുന്നവരും, പലതും ആധുനിക ലോകത്ത് ജീവിച്ചിരിക്കുന്നവരെ കേൾപിക്കേണ്ടതില്ല; മാറ്റിവെക്കേണ്ടവയാണെന്ന് പുലമ്പുന്നവരും ഹദീഥുകൾ നിഷേധിക്കുന്നതിൽ ഒരേ വൃത്തത്തിൽ തന്നെയാണെന്നത് സംശയിക്കേണ്ടതില്ല. ഓർക്കുക, പരലോക മോക്ഷമാണ് നാം ആഗ്രഹിക്കുന്നതെങ്കിൽ ഇസ്‌ലാമിന്റെ ആധാരമായ പ്രമാണങ്ങൾ അംഗീകരിക്കലും അവയ്ക്ക് കീഴ്പ്പെടലുമാണ് നല്ലത്. ●


peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ഇ മദ്രസ**
**രോഗസന്ദർശനം: നാം അറിയേണ്ടത് ഭാഗം: 1**
**ഹസൻ അൻസാരി**
26.09.17 ചൊവ്വ 07:20 AM, 06:05 PM,

**കൂടിക്കാഴ്ച**
**അതി ദേശീയവാദവും തീവ്രവാദവമാണ്**
**സി. രാധാകൃഷ്ണൻ**
**റായിഫ് എടക്കനാട്**
27.09.17 ബുധൻ 09:00 PM, 11:15 PM
28.09.17 വ്യാഴം 10:35 AM

**അടിത്തറകൾ**
**മലക്കുകളുടെ പ്രവർത്തനങ്ങൾ**
**ഫദ്‌ലുൽ ഹഖ് ഉമരി**
05.09.17 ചൊവ്വ 04:30 PM, 09:30 PM
06.09.17 ബുധൻ 09:30 PM

**ഇൻസൈറ്റ്**
**അമാനുഷികതകൾ ഇല്ലാത്ത ആൾ ദൈവങ്ങൾ**
**റായിഫ് എടക്കനാട്**
27.09.17 ബുധൻ 07:05 AM, 07:00 PM
28.09.17 വ്യാഴം 02:55 PM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ, ഭാഗം: 71**
**അബൂബക്കർ സലഫി**
28.09.17 വ്യാഴം 4:30 PM, 9:30 PM, 08.09.17
29.09.17 വെള്ളി 9:30 PM

**ജനക്ഷേമം**
**ശ്രോതാക്കൾ അയച്ചുതന്ന ചോദ്യങ്ങൾ**
**ജി.എസ്.റ്റി പാനൽ ഡിസ്കഷൻ, ഭാഗം: 4**
**സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്**
**അസിസ്റ്റന്റ് കമ്മീഷണർ അബ്ദുൽ ലതീഫ്**
(സ്റ്റേറ്റ് മാസ്റ്റർ ട്രെയിനർ, ജി എസ് റ്റി സ്റ്റേറ്റ് വർക്കിംഗ് ഗ്രൂപ് അംഗം), **സ്റ്റേറ്റ് ടാക്സ് ഓഫീസർ എ.എം ഷംസുദ്ധീൻ** (മാസ്റ്റർ ട്രെയ്നർ ടെക്നിക്കൽ), **സ്റ്റേറ്റ് ടാക്സ് ഓഫീസർ മുഹമ്മദലി പോത്തുകാടൻ**
28.09.17 വ്യാഴം 9:00 PM, 11:15 PM
29.09.17 വെള്ളി 9:00 PM

**സ്നേഹക്കൂട്**
**എന്റെ കുട്ടി; എന്റെ ദുഃഖങ്ങൾ**
**അസഭ്യം പറയുന്ന കൗമാരം**
**സി. പി സലീം, താജുദ്ധീൻ സ്വാലാഹി**
29.09.17 വെള്ളി 08:20 AM, 30.09.17 ശനി 12:20, 08:20 PM

**സുപഥം**
**അന്ധവിശ്വാസങ്ങളുടെ ലോകം, ഭാഗം 4**
29.09.17 വെള്ളി, 04:30 PM, 09:30 PM
30.09.17 ശനി, 09:30 AM

**വഴികാട്ടി**
**എൻട്രൻസ് പ്രത്യേക പരിപാടി: ഭൗതികശാസ്ത്രം**
**ഫവാസ് എം. പി (Alumnus IIT Madras)**
**ഇനായത് (പീസ് റേഡിയോ പ്രതിനിധി**
01.10.17 ഞായർ 9:00 PM, 11:15 PM
02.10.17 തിങ്കൾ 10:30 AM

ബാലപഥം

റാഷിദ ബിൻത് ഉസ്മാൻ
AIWA കോളേജ് മോങ്ങം

ആശയ വിവർത്തനം



# മത്സരം

**ബി**ലാൽ സൽസ്വഭാവിയായ ഒരു കുട്ടിയാണ്. അവന്റെ ഇരു കണ്ണുകൾക്കും കാഴ്ച ശക്തിയില്ല. ഒരു അപകടത്തിൽ പെട്ടാണ് അവന്റെ കാഴ്ച നഷ്ടപ്പെട്ടത്. എന്നാൽ അവൻ അതിൽ തളർന്നുപോയിട്ടില്ല. നിരാശപ്പെട്ട് ജീവിക്കുന്നുമില്ല. മറ്റുള്ളവർക്ക് ഭാരമാകാതെ കഴിയുന്നത്ര കാര്യങ്ങൾ സ്വന്തമായി ചെയ്യാൻ അവൻ പഠിച്ചു കഴിഞ്ഞു.

ബിലാലിന്റെ അയൽവാസിയായ സമപ്രായക്കാരനാണ് അംജദ്. വലിയ പണക്കാരന്റെ മകൻ. അവൻ മഹാ അഹങ്കാരിയും വികൃതിയുമാണ്. ഒരു ദിവസം ബിലാലിനെ കളിയാക്കുവാനായി അംജദ് പറഞ്ഞു: “നമുക്ക് അടുത്ത ഗ്രമമായ അസീറിലേക്ക് ഒരു ഓട്ട മത്സരം നടത്തിയാലോ? നീ തയ്യാറുണ്ടോ?”

അതിന് ബിലാൽ മറുപടിയൊന്നും പറഞ്ഞില്ല. കണ്ണുകാണാത്ത തന്നെ അപമാനിക്കലാണ് അംജദിന്റെ ഉദ്ദേശമെന്ന് അവന് മനസ്സിലായി. കണ്ണു കാണാത്ത താൻ ഒറ്റക്ക് പല തവണ അവിടെയുള്ള കുടുംബക്കാരെ സന്ദർശിച്ചിട്ടുണ്ടെങ്കിലും കണ്ണ് കാണുന്ന ഒരാളുടെ കൂടെ ഓടി ജയിക്കാനാകുമോ? അവൻ ചിന്തിച്ചു.

“എന്താ ഒന്നും മിണ്ടാത്തത്? ധൈര്യമുണ്ടെങ്കിൽ എന്റെ വെല്ലുവിളി ഏറ്റെടുക്ക്. നീ ജയിച്ചാൽ എന്റെ വിലകൂടിയ പുതിയ ഷർട്ട് നിനക്ക് ഞാൻ സമ്മാനമായി നൽകാം” അംജദ് വിടാൻ ഒരുക്കമില്ലായിരിന്നു.

“ഉറപ്പാണോ?”ബിലാൽ ചോദിച്ചു.

അംജദ് പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു: “നീ ജയിച്ചാൽ ഞാനത് തന്നിരിക്കും.”

“മത്സരം നടക്കുന്ന ദിവസവും സമയവും ഞാൻ തീരുമാനിക്കും. ഓടുമ്പോൾ ഒരു ഉപകരണവും കയ്യിലോ ശരീരത്തിലോ കരുതാനും പാടില്ല” ബിലാൽ നിബന്ധന വെച്ചു.

കണ്ണ് കാണാത്ത ബിലാൽ ഒരിക്കലും ജയിക്കില്ല എന്ന ഉറപ്പിൽ അംജദ് അത് അംഗീകരിച്ചു.

നിലാവില്ലാത്ത ഒരു രാത്രിയാണ് ബിലാൽ തിരഞ്ഞെടുത്തത്. അംജദിന് അത് അംഗീരിക്കുകയല്ലാതെ മാർഗമുണ്ടായിരുന്നില്ല. ഓടുമ്പോൾ ഒരു ഉപകരണവും കയ്യിലോ ശരീരത്തിലോ കരുതാനും പാടില്ല എന്ന് ബിലാൽ പറഞ്ഞതിന്റെ രഹസ്യം അപ്പോഴാണ് അംജദിന് മനസ്സിലായത്. വെളിച്ചമില്ലാതെ ഇരുട്ടിൽ ഓടണം. എന്തു ചെയ്യും? ഓടുക തന്നെ!

ബിലാൽ കണ്ണു കാണാതെ യാത്ര ചെയ്ത് പരിജയിച്ച വഴിയിലൂടെ നടന്ന് അസീറിലെത്തി. ഇരുട്ടായതിനാൽ അംജദിന് ഓടാനെന്നല്ല നടക്കാൻ തന്നെ പ്രയാസമായിരുന്നു. ഒരുപാട് ദൂരമൊന്നുമില്ലെങ്കിലും കുറേ കഴിഞ്ഞതിനുശേഷം കുഴികളിൽ വീണും മറ്റുമുള്ള പരിക്കുകളോടെയാണ് അവൻ അസീറിലെത്തിയത്.

തന്നെ കാത്ത് നിൽക്കുകയായിരുന്ന ബിലാലിനെ അവൻ കണ്ടെത്തി.

“അംജദ് ഇപ്പോൾ എങ്ങനെയുണ്ട്?” ബിലാൽ ചോദിച്ചു.

“സുഹൃത്തേ, എന്നോട് ക്ഷമിക്കണം” അംജദ് കരച്ചിലിന്റെ വക്കത്തെത്തിയിരുന്നു.

ഇരുവരും പരസ്പരം കെട്ടിപ്പിടിച്ചു.

“എനിക്ക് ജയിച്ചതിന് നിന്റെ ഷർട്ടൊന്നും തരേണ്ട. നിന്റെ അഹങ്കാരം ഒന്നവസാനിപ്പിക്കണം എന്ന ലക്ഷ്യമേ എനിക്കുണ്ടായിരുന്നുള്ളൂ” ബിലാൽ പറഞ്ഞു.

“ബിലാൽ! നീ എന്റെ കണ്ണ് തുറപ്പിച്ചു. കണ്ണിന് കാഴ്ചയില്ലാത്തത് നിന്റെ കുഴപ്പമല്ല. കാഴ്ചയുള്ള ഞാൻ അതിന്റെ പേരിൽ അഹങ്കരിച്ചത് ഒട്ടും ശരിയായില്ലെന്ന് ഇപ്പോൾ ഞാൻ തിരച്ചറിയുന്നു.”

“സ്നേഹിതാ, അല്ലാഹു എല്ലാവരും അല്ലാഹുവിന്റെ സൃഷ്ടികളാണ്. എന്ത് കഴിവുണ്ടെങ്കിലും ആരും ആരുടെമേലും അഹന്ത കാണിച്ചു കൂടാ. വാ, നമുക്ക് പോകാം.”

ഇരുവരും കൈകൾ കോർത്തു പിടിച്ച് തിരിച്ചു നടക്കാൻ തുടങ്ങി.

കഥ

# 'യാത്രാ മുഹൂർത്തം'

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ജനലഴികൾക്കിടയിലൂടെ ഒഴുകിയെത്തിയ സൂര്യവെളിച്ചം മുഖത്ത് തട്ടിയപ്പോൾ ജമാൽ കണ്ണ് തുറന്നു. തലയിണയുടെ ചുവട്ടിൽനിന്ന് വാച്ചെടുത്ത് സമയം നോക്കി. അവന്റെ മുഖത്ത് പരിഭ്രമവും ദുഃഖവും കോപവും ഒരേസമയം പ്രകടമായി. അവൻ ചാടിയെണീറ്റു.

"ഉമ്മാ..." ജമാൽ അലറുകയായിരുന്നു.

"എന്താ ജമാലേ?" അടുക്കളയിൽനിന്നും ഉമ്മ.

"ഞാൻ എന്നെ അതിരാവിലെ വിളിക്കാൻ പറഞ്ഞതല്ലേ? ഇപ്പോൾ സമയം എട്ടുമണിയായി. ഇനി വണ്ടി കിട്ടുമോ ആവോ..."

ബ്രഷിൽ പേസ്റ്റു തേച്ച് സോപ്പും തോർത്തുമെടുത്ത് അടുത്തുള്ള കുളത്തിലേക്ക് കലിതുള്ളിക്കൊണ്ട് അവൻ ഓടിപ്പോയി.

"എന്താ ആമിന്വോ...? എന്തിനാ ഓനിങ്ങനെ ജദ്ബെളക്ണത്" എന്ന് ചോദിച്ചുകൊണ്ട് രാവിലെ ചായക്കടയിലേക്ക് പോയിരിക്കുകയായിരുന്ന പോക്കർ കോലായിലേക്ക് കയറി.

"ഓന് ഇന്ന് ബോംബായീക്ക് പോകണംന്ന് പറഞ്ഞീന്നത് ങ്ങള് മറന്നോ? ഇന്നന്നെ പോണം പോലും. സുബയ്ക്ക് വിളിച്ചാമ്പറഞ്ഞതാ. വിളിച്ച്ട്ട് കാര്യല്ലാത്തതോണ്ട് ഞാൻ വിളിച്ചില... അങ്ങനെ ഒര് പതിവ് ഓന് ഇല്ലല്ലോ."

"രണ്ടീസം കയ്ഞ്ഞിട്ട് പോയാ പോരേ ഓന്? ഇന്നും നാളിം ഒര് നല്ല ബിസയത്തിന് ഒരുങ്ങി പൊറപ്പെടാമ്പാടില്ലാന്ന് ഓനറീലേ? ഇന്ന് മുഹർറം ഒമ്പതല്ലേ? നഹസിന്റെ ദിവസത്തിലാ ഓന്റെ പോക്ക്?"

"ഓനെന്ത് മൊഹറം? എന്ത് നഹസ്? ദീനിനെപ്പറ്റി വല്ല ബോദോം ഓന്ണ്ടോ?"

സംസാരം മതിയാക്കി ആമിന അടുക്കളപ്പണിയിൽ മുഴുകി. പോക്കർ പഴയ ചാരുകസേരയിൽ ചിന്താമഗ്നനായി ഇരുന്നു.

ജമാൽ പെട്ടെന്ന് കുളി കഴിഞ്ഞിറങ്ങി. പ്രാതൽ ഒരുവിധം കഴിച്ചെന്ന് വരുത്തി. വേഗത്തിൽ വസ്ത്രം മാറി പെട്ടിയുമെടുത്ത് "ഞാൻ പോകുന്നു" എന്ന് പറഞ്ഞ് മുറ്റത്തേക്കിറങ്ങി.

"ജമാലേ, ഈ പോക്ക് നല്ലീനല്ല... ഇന്ന് പോണ്ടാന്ന് ഞാനാ പറയ്ണത്...അന്റെ വാപ്പ പോക്കരാണ് പറയ്ണത്..." അദ്ദേഹത്തിന്റെ ശബ്ദത്തിന് അൽപം കനമുണ്ടായിരുന്നു.

"ജമാലേ... രണ്ടീസം കയ്ഞ്ഞ്ട്ട് പോകാ... നഹസിന്റെ ദിവസം തന്നെ ന്റെ കുട്ടി പോകണ്ടാ... ഇന്നും നാളിം ഒര് ബയ്ക്ക് പൊറപ്പെടമ്പാട്ല്ലാന്ന് ഉസ്താദ്മാര് അന്നെ പഠിപ്പിച്ചിട്ടില്ലേ?" ആമിനയുടെ കണ്ണുകൾ ഇത് പറയുമ്പോൾ നിറഞ്ഞിരുന്നു.

"ഉമ്മാ, ഞാൻ ഇന്നത്തേക്ക് ടിക്കറ്റെടുത്തതാ... ഒരു ജോലിക്കു വേണ്ടി കാലം കുറെയായി അലയാൻ തുടങ്ങിയിട്ട്. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അവിടെ എത്തണമെങ്കിൽ ഇന്നു തന്നെ പോകണം. ഞാൻ പോകുന്നു" ജമാൽ തിരിഞ്ഞു നോക്കാതെ നടന്നകന്നു.

"മോനേ..." ആമിന മകന് പിണയാനിരിക്കുന്ന ആപത്തിനെക്കുറിച്ചോർത്ത് തേങ്ങിക്കരഞ്ഞു. പോക്കർ തളർന്നിരുന്നു.

അന്ന് ആ വീട്ടിൽ ശ്മശാന മൂകത തളംകെട്ടി നിന്നു. രാത്രി ഭക്ഷണം കഴിക്കാതെ ആമിനയും പോക്കരും നേരത്തെ തന്നെ കിടന്നു. നേരമേറെ കഴിഞ്ഞിട്ടും നിദ്ര അവരെ സ്പർശിക്കാതെ അറച്ചുനിന്നു. കൂരിരുട്ടിലേക്ക് തുറിച്ചു നോക്കിക്കൊണ്ട് രണ്ടുപേരും കിടന്നു. മുറ്റത്തെ മാവിൻകൊമ്പിലിരുന്ന് കുറ്റിച്ചൂളാൻ കരയുന്നു... നായകൾ ഓരിയിടുന്നു... അതോടെ രണ്ടുപേരുടെയും ഭയം ഇരട്ടിച്ചു. അന്ന് മൊബൈൽ ഫോൺ കണ്ടുപിടിച്ചിട്ടില്ലാത്തതിനാൽ വിവരങ്ങളറിയാൻ ഒരു മാർഗവുമില്ലായിരുന്നു.

"ന്റെ കുട്ടിക്കെന്തേലും പറ്റ്യോ ആവോ... രണ്ട് മൂന്നം ദിവസം വണ്ടീലിരിക്കണ്ടതല്ലേ. വണ്ടി പാളം തെറ്റ്യേ... തീ പുട്ച്ച്യേ... എന്തേലും..." ആമിനയുടെ കണ്ഠമിടറി.

"ഇജ്ജ് ബേജാറാകണ്ട ആമിന്വോ..മമ്പർത്തെ തങ്ങളെ കാവല്ണ്ടെങ്കി ഓന് ഒന്നും പറ്റൂലാ..." ആധി ഉള്ളിലൊതുക്കി പോക്കർ ഭാര്യയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

രാവേറെച്ചെന്നപ്പോൾ നിദ്ര രണ്ടുപേരെയും തഴുകിത്തലോടിയെത്തി. ഒപ്പം മറ്റൊന്നും...!

ആമിന അടുപ്പിലെ തീ കെടുത്താതെ അതിനു മുകളിൽ വിറക് ഉണങ്ങാൻ വെച്ചിരുന്നു. തീയിൽ തട്ടിയ ചുള്ളിക്കമ്പ് നീറി നീറി വിറകിനു തീപിടിച്ചു. തീ മുകളിലേക്ക് പടർന്നു പിടിച്ചു. അടുക്കളയുടെ തൊട്ടടുത്തായിരുന്ന ജമാലിന്റെ റൂമിനെ തീ വിഴുങ്ങി. പൊട്ടിയ ഓട്ടു കഷ്ണം റൂമിൽ വന്നു പതിച്ചപ്പോഴാണ് പോക്കരും ആമിനയും ഞെട്ടിയുണർന്നത്. നിലവിളിച്ചുകൊണ്ട് ഇരുവരും പുറത്തേക്കോടി. നിലവിളി കേട്ട അയൽവാസികൾ ഉറക്കച്ചടവോടെ ഓടിവന്ന് തീ കെടുത്തുന്നതിൽ വ്യാപൃതരായി. അടുക്കളയും ജമാലിന്റെ റൂമും പാടെ കത്തിനശിച്ചു. ഉയരുന്ന പുകച്ചുരുളുകളിലേക്ക് നോക്കിക്കൊണ്ട് ആമിന പറഞ്ഞു: "ന്റെ ബദ്‌രീങ്ങളേ... ജമാല് ഇന്നന്നെ പോയത് നന്നായി. അല്ലെങ്കി... ഓന് ആ മുറീല്... പൊറത്തെറങ്ങാമ്പറ്റാതെ..."

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# ആദ് സമുദായത്തിന്റെ പതനം

“എന്റെ ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. എന്നിട്ട് അവങ്കലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. എങ്കിൽ അവൻ നിങ്ങൾക്ക് സമൃദ്ധമായി മഴ അയച്ചുതരികയും, നിങ്ങളുടെ ശക്തിയിലേക്ക് അവൻ കൂടുതൽ ശക്തി ചേർത്തുതരികയും ചെയ്യുന്നതാണ്. നിങ്ങൾ കുറ്റവാളികളായിക്കൊണ്ട് പിന്തിരിഞ്ഞ് പോകരുത്.”(11:52).

അല്ലാഹുവിലേക്കുള്ള പാപമോചനത്തിനും പശ്ചാത്താപത്തിനും വലിയ മഹത്ത്വമുണ്ടെന്ന് പ്രവാചകന്മാർ അവരവരുടെ ജനതയോട് പറയുന്നതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. ഏതൊരടിമ തന്റെ യജമാനനിലേക്ക് പാപമോചനത്തിലൂടെയും പശ്ചാത്താപത്തിലൂടെയും അടുക്കുന്നുവോ, അവൻ റബ്ബിങ്കൽ ഇഷ്ടദാസനാകും- ഇൻശാ അല്ലാഹ്. പാപമോചനം തേടുന്നതിനെ സംബന്ധിച്ച് പ്രവാചകൻ ﷺ പറഞ്ഞത് കാണുക:

“ആരെങ്കിലും പാപമോചന പ്രാർഥന നടപ്പിലാക്കിയാൽ അവന് അല്ലാഹു എല്ലാ കഷ്ടപ്പാടിൽ നിന്നും ഒരു പോംവഴിയും എല്ലാ വ്യസനത്തിൽ നിന്നും ഒരു വിടവും അവൻ വിചാരിക്കാത്ത മാർഗത്തിലൂടെ അവന് ഉപജീവനവും നൽകുന്നതാണ്” (അബൂദാവൂദ്).

നബി ﷺ ദിവസവും അല്ലാഹുവിനോട് പാപമോചന പ്രാർഥനയും പശ്ചാത്താപവും നൂറിലധികം തവണ ചെയ്തിരുന്നു. പാപമോചനത്തിന്റെയും പശ്ചാത്താപത്തിന്റെയും എത്രയോ പ്രാർഥനകൾ ക്വുർആനിലും സുന്നത്തിലും കാണാൻ സാധിക്കും. മനസ്സറിഞ്ഞ് പാപമോചനത്തിനായി നാം പ്രാർഥിക്കുക.

**ആദ് സമുദായം, സ്വദാ, സ്വമൂദ്, ഹബാഅ് തുടങ്ങിയ വിഗ്രഹങ്ങളെയാണ് അവർ ആരാധിച്ചിരുന്നത്. ഇവയെയൊന്നും ആരാധിക്കരുതെന്നും അതിനൊന്നും യാതൊരു പ്രമാണവുമില്ലെന്നും അദ്ദേഹം അവരെ കാര്യകാരണ സഹിതം ബോധ്യപ്പെടുത്തിയെങ്കിലും അവർ പിന്മാറിയില്ല. അവർ വലിയ വലിയ സൗധങ്ങളും കൂറ്റൻതൂണുകളും ഭീമൻ കെട്ടിടങ്ങളും നിർമിമിക്കുന്നതിൽ വ്യാപൃതരായിരുന്നു.**

"ഹൂദ് പറഞ്ഞു: തീർച്ചയായും നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ശിക്ഷയും കോപവും (ഇതാ) നിങ്ങൾക്ക് വന്നുഭവിക്കുകയായി. നിങ്ങളും നിങ്ങളുടെ പിതാക്കൻമാരും പേരിട്ടുവെച്ചിട്ടുള്ളതും അല്ലാഹു യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടില്ലാത്തതുമായ ചില (ദൈവ) നാമങ്ങളുടെ പേരിലാണോ നിങ്ങളെന്നോട് തർക്കിക്കുന്നത്? എന്നാൽ നിങ്ങൾ കാത്തിരുന്ന് കൊള്ളുക. തീർച്ചയായും ഞാനും നിങ്ങളോടൊപ്പം കാത്തിരിക്കുകയാണ്"(ക്വുർആൻ 7:71).

സ്വദാ, സ്വമൂദ്, ഹബാഅ് തുടങ്ങിയ വിഗ്രഹങ്ങളെയാണ് അവർ ആരാധിച്ചിരുന്നത്. ഇവയെയൊന്നും ആരാധിക്കരുതെന്നും അതിനൊന്നും യാതൊരു പ്രമാണവുമില്ലെന്നും അദ്ദേഹം അവരെ കാര്യകാരണ സഹിതം ബോധ്യപ്പെടുത്തിയെങ്കിലും അവർ പിന്മാറിയില്ല. അവർ അവരുടെ ശക്തിയും കഴിവും വലിയ വലിയ സൗധങ്ങളും കൂറ്റൻതൂണുകളുടെ സഹായത്തോടെ ഭീമൻ കെട്ടിടങ്ങളും നിർമിച്ച് പുറത്തെടുത്തു. അത് അവരുടെ അഹങ്കാരത്തിന്റെയും ഹുങ്കിന്റെയും അടയാളമായിരുന്നു. ഹൂദ്ﷺ അവരോട് ചോദിച്ചു.

"വ്യർഥാ പൊങ്ങച്ചം കാണിക്കുവാനായി എല്ലാ കുന്നിൻ പ്രദേശങ്ങളിലും നിങ്ങൾ പ്രതാപചിഹ്നങ്ങൾ (ഗോപുരങ്ങൾ) കെട്ടിപ്പൊക്കുകയാണോ? നിങ്ങൾക്ക് എന്നെന്നും താമസിക്കാമെന്ന ഭാവേന നിങ്ങൾ മഹാസൗധങ്ങൾ ഉണ്ടാക്കുകയുമാണോ?" (ക്വുർആൻ 26:128,129).

"നിങ്ങൾ ബലം പ്രയോഗിക്കുകയാണെങ്കിൽ! നിഷ്ഠൂരൻമാരായിക്കൊണ്ട് നിങ്ങൾ ബലം പ്രയോഗിക്കുന്നു. ആകയാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുക" (ക്വുർആൻ 26:130,131).

അഹങ്കാരവും പൊങ്ങച്ചവും ഒഴിവാക്കി നിങ്ങൾക്ക് ആരോഗ്യവും കഴിവും നൽകിയ അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുകയും അല്ലാഹുവിന്റെ ദൂതനായ എന്നെ നിങ്ങൾ അനുസരിക്കുകയും ചെയ്യൂ എന്ന് അദ്ദേഹം അവരോട് പറഞ്ഞുനോക്കി. അവർ അതിന് ചെവി കൊടുത്തില്ല. അവർ എങ്ങനെയാണ് അദ്ദേഹത്തോട് പ്രതികരിച്ചതെന്ന് ക്വുർആൻ പറയുന്നത് കാണുക:

"അവർ പറഞ്ഞു: ഞങ്ങൾ അല്ലാഹുവെ മാത്രം ആരാധിക്കുവാനും ഞങ്ങളുടെ പിതാക്കൾ ആരാധിച്ചിരുന്നതിനെ ഞങ്ങൾ വിട്ടുകളയുവാനും വേണ്ടിയാണോ നീ ഞങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്? എങ്കിൽ ഞങ്ങളോട് നീ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നത് (ശിക്ഷ) നീ ഞങ്ങൾക്കു കൊണ്ടുവാ; നീ സത്യവാൻമാരിൽ പെട്ടവനാണെങ്കിൽ" (ക്വുർആൻ 7:70).

"അവർ പറഞ്ഞു: ഹൂദേ, നീ ഞങ്ങൾക്ക് വ്യക്തമായ ഒരു തെളിവും കൊണ്ടുവന്നിട്ടില്ല. നീ പറഞ്ഞതിനാൽ മാത്രം ഞങ്ങൾ ഞങ്ങളുടെ ദൈവങ്ങളെ വിട്ടുകളയുന്നതല്ല. ഞങ്ങൾ നിന്നെ വിശ്വസിക്കുന്നതുമല്ല" (ക്വുർആൻ 11:53).

"അദ്ദേഹത്തിന്റെ ജനതയിൽ നിന്ന് അവിശ്വസിച്ചവരും പരലോകത്തെ കണ്ടുമുട്ടുന്നതിനെ നിഷേധിച്ചു കളഞ്ഞവരും, ഐഹികജീവിതത്തിൽ നാം സുഖാഡംബരങ്ങൾ നൽകിയവരുമായ പ്രമാണിമാർ പറഞ്ഞു: ഇവൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങൾ തിന്നുന്ന തരത്തിലുള്ളത് തന്നെയാണ് അവൻ തിന്നുന്നത്. നിങ്ങൾ കുടിക്കുന്ന തരത്തിലുള്ളത് തന്നെയാണ് അവനും കുടിക്കുന്നത്. നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനെ നിങ്ങൾ അനുസരിക്കുകയാണെങ്കിൽ തീർച്ചയായും നിങ്ങളപ്പോൾ നഷ്ടക്കാർ തന്നെയാകുന്നു"(ക്വുർആൻ 23:33,34).

'ഞങ്ങളുടെ പൂർവപിതാക്കളെല്ലാം ആരാധിച്ച ഈ ആരാധ്യരെ ഒഴിവാക്കാൻ മാത്രം വലിയ തെളിവൊന്നും നീ ഞങ്ങൾക്ക് നൽകിയിട്ടില്ലല്ലോ. ഞങ്ങൾ ഭക്ഷിക്കുന്നത് പോലെ ഭക്ഷിക്കുന്ന, ഞങ്ങൾ കുടിക്കുന്നത് പോലെ കുടിക്കുന്ന, ഞങ്ങളിൽ നിന്ന് യാതൊരു വ്യത്യാസവും ഇല്ലാത്ത നിന്റെ ഒരു വാക്ക് കേട്ട് ഞങ്ങളുടെ വിശ്വാസത്തെ ഒഴിവാക്കാൻ വിഡ്ഢികളൊന്നുമല്ല ഞങ്ങളെന്നും അപ്രകാരം ഞങ്ങൾ ചെയ്താൽ തീർച്ചയായും ഞങ്ങൾ നഷ്ടക്കാരായി മാറുമെന്നും, അതിനാൽ ഞങ്ങൾ അതിന് തയ്യാറല്ല' എന്നൊക്കെയെല്ലാം അവർ തുറന്ന് പറഞ്ഞു!

"അവർ പറഞ്ഞു: നീ ഉപദേശം നൽകിയാലും ഉപദേശിക്കുന്നവരുടെ കൂട്ടത്തിൽ ആയില്ലെങ്കിലും ഞങ്ങളെ സംബന്ധിച്ചിടത്തോളം സമമാകുന്നു. ഇത് പൂർവികൻമാരുടെ സമ്പ്രദായം തന്നെയാകുന്നു. ഞങ്ങൾ ശിക്ഷിക്കപ്പെടുന്നവരല്ല" (ക്വുർആൻ 26:136,136).

ഇന്നും ആളുകൾ തെളിവുകൾ കേട്ടാലും 'നിങ്ങൾ ഞങ്ങളോട് വേദം ഓതേണ്ട. ഞങ്ങൾക്ക് ഒരു ക്വുർആനും കേൾക്കേണ്ട, ഒരു ഹദീസും കേൾക്കേണ്ട. ഞങ്ങൾ ഞങ്ങളുടെ ഉസ്താദുമാർ പറ

ഞ്ഞുതന്നതിനെയും ഞങ്ങളുടെ കാക്കകാരണവന്മാരുടെയും നടപടികളെയും മാത്രമെ പിന്തുടരൂ' എന്നൊക്കെ പറയുന്നവരുണ്ടല്ലോ! ഇത് പ്രവാചകന്മാരുടെ പിൻഗാമികളുടെ സമീപനമായിട്ടല്ല മറിച്ച്, പ്രവാചകന്മാരുടെ ശത്രുക്കളുടെ രീതിയായിട്ടാണ് നാം മനസ്സിലാക്കേണ്ടത്.

ആദ് സമുദായം ഹൂദ്ﷷനെ ശക്തിയുടെയും ആരോഗ്യത്തിന്റെയും പേരിൽ അഹങ്കാരത്തിന്റെ വാക്കുകൾ പറഞ്ഞ് എതിർത്തപ്പോൾ ഹൂദ്ﷷ അവർക്ക് ഇപ്രകാരം മറുപടി നൽകി:

"എന്നാൽ ആദ് സമുദായം ന്യായം കൂടാതെ ഭൂമിയിൽ അഹംഭാവം നടിക്കുകയും ഞങ്ങളെക്കാൾ ശക്തിയിൽ മികച്ചവർ ആരുണ്ട് എന്ന് പറയുകയുമാണ് ചെയ്തത്. അവർക്ക് കണ്ടുകൂടേ? അവരെ സൃഷ്ടിച്ച അല്ലാഹു തന്നെയാണ് അവരെക്കാൾ ശക്തിയിൽ മികച്ചവനെന്ന്! നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ച് കളയുകയായിരുന്നു." (41:15)

അവർ അദ്ദേഹത്തെ ഭീഷണിപ്പെടുത്തി പ്രബോധന വീഥിയിൽ നിന്ന് തടഞ്ഞുനിർത്താൻ ശ്രമിച്ചെങ്കിലും അദ്ദേഹം ധീരമായി അതിനെയെല്ലാം നേരിട്ടു. ക്വുർആൻ പറയുന്നത് കാണുക:

"ഞങ്ങളുടെ ദൈവങ്ങളിൽ ഒരാൾ നിനക്ക് എന്തോ ദോഷബാധ ഉളവാക്കിയിരിക്കുന്നു എന്ന് മാത്രമാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഹൂദ് പറഞ്ഞു: നിങ്ങൾ പങ്കാളികളായി ചേർക്കുന്ന യാതൊന്നുമായും എനിക്ക് ബന്ധമില്ല എന്നതിന് ഞാൻ അല്ലാഹുവെ സാക്ഷി നിർത്തുന്നു. (നിങ്ങളും) അതിന്ന് സാക്ഷികളായിരിക്കുക. അല്ലാഹുവിന് പുറമെ അതുകൊണ്ട് നിങ്ങളെല്ലാവരും കൂടി എനിക്കെതിരിൽ തന്ത്രം പ്രയോഗിച്ച് കൊള്ളുക. എന്നിട്ട് നിങ്ങൾ എനിക്ക് ഇടതരികയും വേണ്ട. എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിന്റെ മേൽ ഞാനിതാ ഭരമേൽപിച്ചിരിക്കുന്നു. യാതൊരു ജന്തുവും അവൻ അതിന്റെ നെറുകയിൽ പിടിക്കുന്ന(നിയന്ത്രിക്കുന്ന)തായിട്ടില്ലാതെയില്ല. തീർച്ചയായും എന്റെ രക്ഷിതാവ് നേരായ പാതയിലാകുന്നു. ഇനി നിങ്ങൾ പിന്തിരിഞ്ഞ് കളയുകയാണെങ്കിൽ, ഞാൻ നിങ്ങളുടെ അടുത്തേക്ക് അയക്കപ്പെട്ടത് ഏതൊരു കാര്യവുമായിട്ടാണോ അത് ഞാൻ നിങ്ങൾക്ക് എത്തിച്ചുതന്നിട്ടുണ്ട്. നിങ്ങളല്ലാത്ത ഒരു ജനതയെ എന്റെ രക്ഷിതാവ് പകരം കൊണ്ടുവരുന്നതുമാണ്. അവന്ന് യാതൊരു ഉപദ്രവവും വരുത്താൻ നിങ്ങൾക്കാവില്ല. തീർച്ചയായും എന്റെ രക്ഷിതാവ് എല്ലാ കാര്യവും സംരക്ഷിച്ച് പോരുന്നവനാകുന്നു" (11:54-57).



'ഹൂദേ, നിനക്ക് ഞങ്ങളുടെ ഏതോ ചില ആരാധ്യരുടെ ദോഷമേ ഇപ്പോൾ ബാധിച്ചിട്ടുള്ളൂ. ഞങ്ങളുടെ മുഴുവൻ ദൈവങ്ങളുടെയും ദോഷം ബാധിച്ചാൽ നിന്റെ അവസ്ഥയെന്താകും?' എന്നെല്ലാം പറഞ്ഞ് അദ്ദേഹത്തെ അവർ പേടിപ്പിക്കാൻ നോക്കിയെങ്കിലും അവരുടെ പേടിപ്പെടുത്തലിന് മുന്നിൽ അദ്ദേഹം വിറച്ചു നിന്നില്ല. നിങ്ങൾ അല്ലാഹുവിനു പുറമെ ആരാധിക്കുന്ന മുഴുവൻ ആരാധ്യരെയും ഞാൻ ഒഴിവാക്കുകയാണ്. ഞാൻ ആരാധനകളർപ്പിക്കുന്നതും കീഴ്‌വണങ്ങുന്നതും എല്ലാം അല്ലാഹുവിന് മാത്രമാണ്. അവന് പുറമെ നിങ്ങൾ ആരാധിക്കുന്നവർക്കൊന്നും എനിക്ക് ഗുണമായോ ദോഷമായോ യാതൊന്നും ചെയ്യാൻ കഴിയില്ല. നിങ്ങളും നിങ്ങൾ ആരാധിക്കുന്നവരും ചേർന്ന് എനിക്കെതിരിൽ വല്ലതും ചെയ്യാൻ ഒരുങ്ങുന്നുവെങ്കിൽ സമയം പാഴാക്കാതെ ചെയ്തുകൊള്ളുക. എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിൽ ഭരമേൽപിച്ച് കൊണ്ടാണ് ഞാൻ ജീവിക്കുന്നത്. അതിനാൽ ആ രക്ഷിതാവ് തീരുമാനിച്ചതേ എനിക്കെതിരിൽ നിങ്ങൾക്ക് വല്ലതും ചെയ്യാൻ കഴിയുമെങ്കിൽ നിങ്ങൾക്ക് ചെയ്യാൻ കഴിയുകയുള്ളൂ.അവൻ തീരുമാനിക്കാത്ത യാതൊന്നും എനിക്ക് വരുത്തുവാൻ നിങ്ങൾക്കല്ല; നിങ്ങളുടെ ആരാധ്യർക്കും സാധ്യമല്ല. അവനിൽ ഉറച്ച് വിശ്വസിക്കുന്നവരെ അവൻ പരാജയപ്പെടുത്തില്ല. അവൻ എന്നെ സഹായിക്കും. അവൻ നീതിമാനാണ്. അടിമകളോട് അനീതി പ്രവർത്തിക്കുന്നവനല്ല. അവനോട് ധിക്കാരം കാണിക്കുന്നവർക്ക് ആത്യന്തികമായി സഹായം നൽകി, അവനെ അനുസരിക്കുന്നവരോട് അനീതി കാണിക്കുന്നവനല്ല അല്ലാഹു. അതിനാൽ നിങ്ങൾ അല്ലാഹുവിനു പുറമെ ആരാധിക്കുന്നവയെ ഞാൻ ഒഴിവാക്കുന്നു. നിങ്ങൾ ചെയ്യുന്ന ശിർക്കിൽ നിന്ന് ഞാൻ ഒഴിവായവനുമാകുന്നു. അല്ലാഹു നിങ്ങൾക്ക് എത്തിച്ചുതരേണ്ടതായി അവൻ എന്നെ ഏൽപിച്ചത് ഞാൻ നിങ്ങൾക്ക് എത്തിച്ചിട്ടുണ്ട്. നിങ്ങൾ അത് സ്വീകരിക്കാതെ പിൻമാറുകയാണെങ്കിൽ നിങ്ങൾക്ക് പകരം അല്ലാഹു വേറെ ഒരു ജനതയെ കൊണ്ടുവരുന്നതാണ്... എന്നെല്ലാം അവരോട് അദ്ദേഹം ധീരമായി പ്രഖ്യാപിച്ചു. ●

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com






# വേരുറക്കേണ്ട സ്വഭാവങ്ങൾ

**1. ശ്രദ്ധയും മൗനവും**

അല്ലാഹു മനുഷ്യന് നൽകിയ രണ്ടു മഹാ അനുഗ്രഹങ്ങളാണ് സംസാര ശേഷിയും കേൾവിശക്തിയും. അവ രണ്ടും അനിവാര്യമായ തോതുകളിൽ മാത്രം ഉപയോഗിക്കുന്നതിലാണ് വ്യക്തിത്വത്തിന് മാർക്ക് കൂടുന്നതും കുറയുന്നതും. അതിനാൽ തന്നെ അവയുടെ അനിവാര്യ തോതുകളിലുള്ള ഉപയോഗവും അതിന്റെ പ്രാധാന്യവും കുട്ടികളിൽ നാം ചെറുപ്പത്തിലേ ശീലമാക്കി കൊണ്ട്‌വരേണ്ടതുണ്ട്. മനുഷ്യന് അല്ലാഹു നൽകിയ ഈ രണ്ട് അനുഗ്രഹങ്ങളുടെയും അളവ് ഒന്ന് നോക്കൂ; രണ്ടു കാതുകൾ കേൾക്കാൻ തന്നപ്പോൾ ഒരു നാവ് ആണ് സംസാരത്തിന്നായി തന്നത്! നാവിന്റെ ഇരട്ടി കാതുകളാണ് ഉപയോഗിക്കേണ്ടതെന്ന ഒരു തത്ത്വം അതിലടങ്ങിയിട്ടുണ്ടോ ആവോ? അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ.

മനുഷ്യന് ഉണ്ടാവേണ്ട ഏറ്റവും നല്ല ഗുണങ്ങളിൽ ഒന്നാണ് മറ്റുള്ളവരുടെ സംസാരം മൗനമായി ശ്രദ്ധിച്ചു കേൾക്കുക എന്നത്. മറ്റുള്ളവരുടെ സംസാരത്തിനിടയിൽ കയറി സംസാരിക്കാതിരിക്കുകയും അവർ പറഞ്ഞു തീരും മുമ്പ് മറുപടി 'എറിയാ'തിരിക്കുകയെന്നത് ഇസ്‌ലാമിക പാരന്റിംഗിൽ വരുന്ന പരിശീലനമാണ്. ഇന്ന് വ്യക്തിത്വ വികാസത്തിന്റെ ഭാഗമായി നൽകുന്ന ക്ലാസ്സുകളിലെ ഒരു പ്രധാന ടിപ്പ് ഇതാണ് Listening skill. അഥവാ ആധുനിക സമൂഹം അത് തിരിച്ചറിഞ്ഞിരിക്കുന്നുവെന്നർഥം. മറ്റൊരു സംസാരം കേൾക്കുമ്പോൾ അത് ശ്രദ്ധിക്കാതെ ഏറ്റു പറയുകയോ സംസാരം മുറിക്കുകയോ ചെയ്യുന്നത് നല്ലതല്ല. വിശുദ്ധ ക്വുർആൻ പാരായണം കേൾക്കുന്ന നേരത്ത് മൗനം അവലംബിക്കാനും ശ്രദ്ധ കൊടുക്കാനും കൽപിക്കുന്ന ഒരു വചനം ഉണ്ട് വിശുദ്ധ ക്വുർആനിൽ. അല്ലാഹു പറയുന്നു:

"ക്വുർആൻ പരാമായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ച് കേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (7:204). പ്രമുഖ ക്വുർആൻ വ്യാഖ്യാതാവായ ഇബ്നു കഥീർ(റഹി) ഈ വചനത്തിന്റെ വ്യഖ്യാനത്തിൽ പറയുന്നത്, ഈ വചനം അവതരിച്ചത് ഒരു അൻസാരി ചെറുപ്പക്കാരന്റെ കാര്യത്തിലാണ്, നബിﷺ ക്വുർആൻ പാരായണം ചെയ്യുമ്പോഴെല്ലാം അയാളും ഓതിക്കൊണ്ടിരിക്കും. അപ്പോഴാണ് ഈ വചനം ഇറങ്ങിയത് എന്നാണ്. ആശയം മനസ്സിൽ കടക്കുംവിധം കേൾവിയെ തുറന്നിടണം എന്നാണ് ഇതിലൂടെ അല്ലാഹു പഠിപ്പിക്കുന്നത്.

**2. സത്യസന്ധത**

സത്യസന്ധത ഇസ്‌ലാമിക സ്വഭാവങ്ങളിലെ അടിസ്ഥാന ഗുണങ്ങളിൽ ഒന്നാണ്. അത് ബാല്യത്തിലേ നട്ടുവളർത്തുകയും അതിന് ഉണക്കവും തളർച്ചയും കാണുന്നിടത്ത് തിരുത്തലുകൾ നൽകുകയും ചെയ്യുകയെന്നതാണ് പാരന്റിങ്ങിലെ ഒരു പ്രധാന ജോലി. അല്ലാഹുവിന്റെ പ്രവാചകൻﷺ, കുട്ടികളിൽ ഈ ഗുണം വളരെയേറെ ശ്രദ്ധിക്കുകയും അതിനെ വിപരീതമായി ബാധിക്കുന്ന കാര്യങ്ങളിൽ സൂക്ഷ്മ നിരീക്ഷണം നടത്തുകയും ചെയ്യാറുണ്ടായിരുന്നു. പ്രത്യേകിച്ച് മാതാപിതാക്കളുടെ ഭാഗത്തു നിന്ന് അതിന്റെ ഗൗരവത്തെ ലളിതവത്കരിക്കുന്ന ഒന്നും വരാതിരിക്കാൻ നബിﷺ കണിശ നിലപാട് കൈക്കൊള്ളുകയും നിർദേശം നൽകുകയും ചെയ്തിരുന്നു. കാരണം മക്കൾ മാതൃകയായി ആദ്യം നോക്കുന്നത് അവരിലേക്കാണ്. മാതാപിതാക്കൾ സത്യം മാത്രം പറയുകയെന്ന ഇസ്‌ലാമിക രീതിയെ തെറ്റിച്ചാൽ അത് മക്കൾക്ക് സത്യസന്ധരാവുകയെന്ന നിഷ്കർഷ സ്വഭാവത്തിൽ വിട്ടുവീഴ്ചത്ത വരുത്താൻ പ്രോത്സാഹനമാകും.

മക്കളോട് നിസ്സാര കാര്യത്തിൽ പോലും കള്ളം പറയരുതെന്നും വഞ്ചന കാണിക്കരുതെന്നും അത് ഗാരവമുള്ളതാണെന്നും നബിﷺ പഠിപ്പിക്കുമായിരുന്നു. അബ്ദുല്ലാഹിബ്നു ആമിറിﷺൽ നിന്ന് ഇമാം അബൂദാവൂദ് ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: "ഒരിക്കൽ, നബിﷺ ഞങ്ങളുടെ വീട്ടിൽ ഇരിക്കുകയായിരുന്നു. അന്നേരം എന്റെ ഉമ്മ എന്നെ വിളിച്ചിട്ട് പറഞ്ഞു: 'ഇങ്ങോട്ട് വാ, നിനക്ക് ഒരു സാധനം തരാം.' ഇത് കേട്ട റസൂൽﷺ അവരോടു ചോദിച്ചു: 'എന്താണ് നീ അവന് കൊടുക്കുവാൻ വിചാരിച്ചത്?' ഉമ്മ പറഞ്ഞു: 'ഞാൻ അവന് കാരക്ക കൊടുക്കാനാണ് വിളിച്ചത്.' അപ്പോൾ നബിﷺ പറഞ്ഞു: 'എന്നാൽ, നീ ഒന്നും കൊടുക്കാൻ ഉദ്ദേശിച്ചിട്ടില്ലായിരുന്നുവെങ്കിൽ (അവൻ വരാൻ വേണ്ടി മാത്രം അങ്ങനെ പറഞ്ഞതായിരുന്നെങ്കിൽ) അല്ലാഹു നിന്റെ മേൽ ഒരു കളവു രേഖപ്പെടുത്തുമായിരുന്നു.'

നമ്മുടെ കുട്ടികളോട് നാം കളവും വാഗ്ദത്ത ലംഘനവും നടത്താറുണ്ടോ? അങ്ങനെ ചെയ്യുന്നവർ മക്കളോട് 'കളവു പറയരുതെ'ന്നും 'സത്യം മാത്രമേ പറയാവൂ' എന്നും ഉപദേശിക്കുന്നതിന്റെ നിരർഥകതയും അപകടവുമാണ് നബിﷺ നമുക്ക് ഇതിലൂടെ വെളിപ്പെടുത്തി തരുന്നത്.

**3. രഹസ്യം സൂക്ഷിക്കൽ**

കുട്ടികളിൽ വളരെയേറെ ഗൗരവത്തിൽ ശീലിപ്പിക്കേണ്ട ഒരു ഇസ്‌ലാമിക ഗുണമാണിത്. വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും കെട്ടുറപ്പും സുരക്ഷിതത്വവും നിലനിർത്തുന്നതിലും തകർക്കുന്നതിലും ഈ രംഗത്തെ സൂക്ഷ്മതക്കും അവഗണനക്കും വലിയ പങ്കുണ്ട്. പറയേണ്ട രഹസ്യങ്ങൾ പറയേണ്ടവരോട് മാത്രം പറയുകയും, പറയാൻ പാടില്ലാത്തിടത്ത് അത് വെളിപ്പെടുത്താതിരിക്കുകയും ചെയ്യുകയെന്നത് ഇസ്‌ലാമിക മൂല്യങ്ങളിൽ ഒന്നാണ്. നബിﷺ വളർത്തിയ കുട്ടികളിൽ ഇത് രൂഢമൂലമായിരുന്നു. അതിന്റെ ഗുണം വീടുകളിലും ഇസ്‌ലാമിക സമൂഹത്തിലും നിലനിന്നിരുന്നു. ഇന്ന് പല കുടുംബങ്ങളിലെയും ആഭ്യന്തര കലഹങ്ങൾക്ക് കാരണം കുട്ടികളുടെ സാന്നിധ്യത്തിൽ പറയപ്പെടുന്ന പലതും നിഷ്കളങ്കതയോടെ അവർ പുറത്തു പറയുന്നതാണ്. ഇങ്ങനെ ഒരു ഗുണം നമുക്ക് ഉണ്ടാവേണ്ടതുണ്ടെന്നും അത് അല്ലാഹുവിൽ പ്രതിഫലാർഹമാണെന്നും നാം മക്കളെ ബോധ്യപ്പെടുത്തണം.


## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

**മനുഷ്യന്റെ അഭിമാനവും സമ്പത്തും സുരക്ഷിതമായി നിലനിർത്തുന്നതിലും വളർത്തുന്നതിലും മുഖ്യ പങ്ക് വഹിക്കുന്ന ഒരു മാനവിക ഗുണമാണ് വിശ്വസ്തത. ഇസ്‌ലാം ഈ ഗുണത്തിന് വലിയ ഗൗരവം നൽകിയിട്ടുണ്ട്. ഇന്നത്തെ മക്കളാണ് നാളെ നമ്മുടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും വലിയ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാനുള്ളവർ. വിശ്വസ്തത കുഞ്ഞുനാളിലേ നാം മക്കളിൽ വളർത്തിയെടുക്കണം.**




നബിﷺയുടെ സേവകനായിരുന്ന അനസ് എന്ന കുട്ടിയുടെ സംഭവം ഇവിടെ സ്മരണീയമാണ്. വീട്ടിൽ എത്താൻ വൈകിയ മകനോട് എന്തുകൊണ്ടാണ് വൈകിയതെന്നു ചോദിച്ചപ്പോൾ ഞാൻ നബിﷺയുടെ ഒരു കാര്യത്തിന് പോയതാണ് എന്ന് പറഞ്ഞു. അതെന്തായിരുന്നുവെന്ന് ഉമ്മ തിരക്കിയപ്പോൾ നബിﷺയുടെ ശിക്ഷണത്തിൽ വളർന്ന ആ കുട്ടിയുടെ മറുപടി 'നബിﷺയുടെ രഹസ്യം ഞാൻ ആരോടും പറയുകയില്ല' എന്നായിരുന്നു. ആ ഉമ്മയുടെ പ്രതികരണം അതിലും ഉത്തമമായിരുന്നു. അവർ പറഞ്ഞു: 'അപ്രകാരം തന്നെയാണ് വേണ്ടത്. നബിﷺയുടെ രഹസ്യങ്ങൾ നീ ആരെയും അറിയിക്കരുത്'(അദബുൽ മുഫ്‌റദ്, ബുഖാരി). കുടുംബത്തിലെയും അയൽവീട്ടിലെയുമെല്ലാം രഹസ്യങ്ങൾ കുട്ടികളോട് കുത്തിക്കുത്തി ചോദിച്ച് പുറത്തെടുക്കുന്നവർക്ക് ഈ മാതാവിൽ ഉത്തമമായ മാതൃകയുണ്ട്.

**4. വിശ്വസ്തത**

മനുഷ്യന്റെ അഭിമാനവും സമ്പത്തും സുരക്ഷിതമായി നിലനിർത്തുന്നതിലും വളർത്തുന്നതിലും മുഖ്യ പങ്ക് വഹിക്കുന്ന ഒരു മാനവിക ഗുണമാണ് വിശ്വസ്തത. ഇസ്‌ലാം ഈ ഗുണത്തിന് വലിയ ഗൗരവം നൽകിയിട്ടുണ്ട്. ഇന്നത്തെ മക്കളാണ് നാളെ നമ്മുടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും വലിയ ഉത്തരവാദിത്തങ്ങൾ നിർവഹിക്കാനുള്ളവർ. വിശ്വസ്തത കുഞ്ഞുനാളിലേ നാം മക്കളിൽ വളർത്തിയെടുക്കണം. വീഴ്ചകൾ പരിശോധിക്കുകയും തെറ്റുകൾ തിരുത്തുകയും വേണം.

മക്കളെ പാടെ അവിശ്വസിക്കുന്ന രീതിയോ അവരെ കഴിവ് കെട്ടവരായി കാണുന്ന രീതിയോ നല്ലതല്ല. പ്രായത്തിന് അനുയോജ്യമായ ഉത്തരവാദിത്തങ്ങൾ അവരെ ഏൽപിക്കണം. അതിന് നാം കരുത്തും പ്രോത്സാഹനവും നൽകണം. അമിതവ്യയം ചെയ്യുന്നതിലെ അപകടം അവരെ ബോധ്യപ്പെടുത്തണം. നമ്മുടെ ചുറ്റുപാടുകളിൽ നിന്നുമുള്ള ഉദാഹരണങ്ങൾ അവർക്കു ചൂണ്ടിക്കാണിച്ചു കൊടുക്കുന്നതിലൂടെയാകുമ്പോൾ ഇത് കൂടുതൽ ഫലപ്രദമായിരിക്കും. സാമ്പത്തികമായി നല്ല നിലയിലായിരുന്ന വീട്ടിലെ മക്കളുടെ ധൂർത്തിലൂടെ ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ ചെന്ന് വീണ കുടുംബങ്ങളെ കാണിച്ചു കൊടുത്ത് സമ്പത്തും മറ്റും വിശ്വസ്തതയോടെ കൈകാര്യം ചെയ്യാൻ അവർക്ക് ദിശാബോധം നൽകുന്ന് ഏറെ ഗുണകരമായിരിക്കുമെന്നതിൽ സംശയമില്ല. നബിﷺ ഉണർത്തിയത് ശ്രദ്ധിക്കുക: '...മകൻ പിതാവിന്റെ സമ്പത്തിൽ ഉത്തരവാദിത്തം ഉള്ളവനാണ്. അവൻ താൻ ഉത്തരവാദിത്തം ഏല്പിക്കപ്പെട്ടതിനെ കുറിച്ച് ചോദ്യം ചെയ്യപ്പെടും...'(ബുഖാരി).

നബിﷺ കുഞ്ഞുപ്രായത്തിലേ ഈ ഗുണവിശേഷണം നേടിയിരുന്നു. കുട്ടികളിൽ അത് നിലനിൽക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. നബിﷺ കൊടുത്തയച്ച കാരക്കയിൽ നിന്ന് അവിടെ എത്തും മുമ്പ് ഒന്ന് എടുത്ത് തിന്നതിന്റെ പേരിൽ നബിﷺ ചെവിക്കു പിടിച്ചതായി സ്വഹാബിയായ അബ്ദുല്ലാഹിബ്നു ബസ്വർ പറഞ്ഞത് ഇമാം നവവി തന്റെ അൽ അദ്കാറിൽ വിശദീകരിക്കുന്നുണ്ട്.

ചുരുക്കത്തിൽ ഇത്തരം ഗുണങ്ങളുടെ കൃഷിയിടമാണ് നമ്മുടെ കുടുംബാന്തരീക്ഷം. അതിന്റെ വിത്തു പാകലും കള പറിക്കലും എല്ലാം അതാത് സമയങ്ങളിൽ വേണം. ഒരു നല്ല കൃഷിക്കാരൻ സദാ ജാഗരൂകനായിരിക്കും. മക്കളുടെ കാര്യത്തിൽ ഒരു നല്ല വിശ്വാസിയും തഥൈവ. **(തുടരും)** ●

ഡോ. അബ്ദുർറസ്സാക് അൽബദർ
വിവ. അബ്ദുൽ ജബ്ബാർ അബ്ദുല്ല



# സ്ത്രീ: ഇസ്‌ലാമിന്റെ സുരക്ഷയിൽ

ഇസ്‌ലാം സ്ത്രീകൾക്ക് സൂക്ഷ്മമായ ചില നിയമ വ്യവസ്ഥകൾ നിശ്ചയിച്ചു. പ്രസ്തുത വ്യവസ്ഥകളിലൂടെയാണ് അവൾക്ക് അവളുടെ അന്തസ്സും ലൈംഗികമായ സുരക്ഷയും അഭിമാനത്തിന്റെ സംരക്ഷണും നേടാനാവുക. ഇസ്‌ലാം അവളോട് ഹിജാബ് സ്വീകരിക്കുവാൻ കൽപിച്ചു. ആവശ്യങ്ങൾക്കു മാത്രം വീടിന് പുറത്തിറങ്ങിയാൽ മതി എന്ന് നിഷ്‌കർഷിച്ചു. സൗന്ദര്യപ്രദർശനത്തിൽ നിന്നും നഗ്നത പ്രകടിപ്പിക്കുന്നതിൽ നിന്നും സുഗന്ധമണിഞ്ഞ് പുറത്തിറങ്ങുന്നതിൽനിന്നും അവളെ വിലക്കി. പരപുരുഷന്മാരോട് കൂടിക്കലരുന്നതിൽ നിന്ന് അവളെ വിരോധിച്ചു. ഗൗരവതരമായ നിയമങ്ങൾ വേറേയു മുണ്ട്. നാണക്കേടിൽനിന്ന് കാവലും തിന്മകളിൽനിന്നും നെറികേടിൽനിന്നും സുരക്ഷയുമായിക്കൊണ്ട് മാത്രമാണ് ഈ നിയമങ്ങൾ പാലിക്കാൻ സ്ത്രീ കൽപിക്കപ്പെട്ടത്. അവൾളെ പവിത്രതയുടെയും പരിശുദ്ധിയുടെയും ഉടയാടകൾ അണിയിക്കുന്നതിനു വേണ്ടിയുമാണ് ഇത്തരം വ്യവസ്ഥകൾ. അവൾ ഇസ്‌ലാമിന്റെ തുലാസിൽ അമൂല്യമായ മുത്തും വിലയേറിയ പവിഴവുമാണ്. അവൾ എല്ലാ ഉപദ്രവങ്ങളിൽനിന്നും സംരക്ഷിക്കപ്പെടണം. അവൾക്ക് എല്ലാ മ്ലേച്ഛതകളിൽ നിന്നും സുരക്ഷ നൽകപ്പെടുകയും വേണം.

പ്രസ്തുത നിയമങ്ങളിൽനിന്നും മര്യാദകളിൽനിന്നും അതിപ്രധാനമായവയെ കുറിച്ചുള്ള സംക്ഷിപ്തമായ വിവരണം താഴെ കൊടുക്കുന്നു:

### ഹിജാബ്

തന്റെ മുഴുവൻ ശരീരവും അലങ്കാരങ്ങളും പരപുരുഷന്മാരിൽ നിന്ന് മറച്ചുകൊണ്ടാണ് സ്ത്രീ ഹിജാബ് അണിയേണ്ടത്. അല്ലാഹു പറഞ്ഞു:

"നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 33:59).

"നിങ്ങൾ അവരോട് (നബിയുടെ ഭാര്യമാരോട്) വല്ല സാധനവും ചോദിക്കുകയാണെങ്കിൽ നിങ്ങളവരോട് മറയുടെ പിന്നിൽ നിന്ന് ചോദിച്ചുകൊള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്..." (ക്വുർആൻ 33:53).

### ആവശ്യത്തിനല്ലാതെ പുറപ്പെടരുത്

അല്ലാഹു പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിക്കഴിയുകയും ചെയ്യുക. പഴയ അജ്ഞാനകാലത്തെ സൗന്ദര്യപ്രകടനം പോലുള്ള സൗന്ദര്യ പ്രകടനം നിങ്ങൾ നടത്തരുത്" (ക്വുർആൻ 33:33).

നബിﷺ പറഞ്ഞതായി ഇമാം തുർമുദി നിവേദനം ചെയ്യുന്നു: "സ്ത്രീ ഔറത്താകുന്നു. അവൾ പുറപ്പെട്ടാൽ ശെയ്ത്വാൻ അവളെ പരപുരുഷന്മാർക്ക് അലംകൃതമാക്കി കൊടുക്കും."

### അനുനയസ്വരത്തിൽ സംസാരിക്കരുത്

വല്ലവരോടും ആവശ്യത്തിനു സംസാരിക്കുകയാണെങ്കിൽ അനുനയത്തിൽ സംസാരിക്കരുത്. അല്ലാഹു പറഞ്ഞു:

"...നിങ്ങൾ (അന്യരോട്) അനുനയ സ്വരത്തിൽ സംസാരിക്കരുത്. അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിയേക്കും. ന്യായമായ വാക്ക് നിങ്ങൾ പറഞ്ഞു കൊള്ളുക" (ക്വുർആൻ 33:32).

### പരപുരുഷന്മാരോടൊപ്പം ഒഴിഞ്ഞിരിക്കരുത്

തിരുനബിﷺ പറഞ്ഞതായി ഇബ്നുഅബ്ബാസിൽ(റ)നിന്ന് ഇമാം ബുഖാരിയും മുസ്‌ലിമും നിവേദനം ചെയ്യുന്നു:

"ഒരു പുരുഷനും വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ട വ്യക്തിയോടൊപ്പമല്ലാതെ ഒരു സ്ത്രീയോടൊപ്പം ഒഴിഞ്ഞിരിക്കരുത്."

### പുരുഷന്മാരോട് കൂടിക്കലരരുത്

നബിﷺ പറഞ്ഞതായി ഹദീഥിൽ ഇപ്രകാരം സ്ഥിരപ്പെട്ടിട്ടുണ്ട്:

"സ്ത്രീകളുടെ സ്വഫ്ഫുകളിൽ ഏറ്റവും ശ്രേഷ്ഠമായത് അവയിൽ അവസാനത്തേതാണ്. ഏറ്റവും മോശമായത് അവയിൽ ആദ്യത്തേതുമാണ്."

**മുസ്‌ലിം സ്ത്രീക്ക് അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹം അതിമഹനീയവും ഔദാര്യം വമ്പിച്ചതുമാണ്. അവൾക്കുള്ള സൗഭാഗ്യത്തിന്റെയും അവളുടെ മഹത്ത്വം സംരക്ഷിക്കുന്നതിന്റെയും പവിത്രത പരിരക്ഷിക്കുന്നതിന്റെയും അന്തസ്സ് നിലനിർത്തുന്നതിന്റെയും കുഴപ്പങ്ങളും കെടുതികളും ചെറുക്കുന്നതിന്റേയും മാർഗങ്ങളെ ഒരുക്കിക്കൊടുത്തു കൊണ്ടാണത് കരഗതമാവുന്നത്.**

ഇത് പള്ളിയിലാണ്. അപ്പോൾ പിന്നെ ഇതരസ്ഥലങ്ങളിൽ എങ്ങനെയായിരിക്കും?

അന്യരായ സ്ത്രീപുരുഷന്മാർ കൂടിക്കലരുന്നതിലുള്ള അപകടങ്ങൾ അനവധിയാണ്. വിനകളാകട്ടെ അസംഖ്യവുമാണ്. അവയിൽ ചിലതിലേക്ക് സൂചന നൽകിയല്ലോ.

### മഹ്റമിനോടൊപ്പമല്ലാതെ യാത്ര പാടില്ല

നബിﷺ പറഞ്ഞതായി അബൂഹുറയ്റ(റ)യിൽ നിന്ന് ഇമാം മുസ്‌ലിം നിവേദനം ചെയ്യുന്നു:

"തനിക്ക് വിവാഹ ബന്ധം നിഷിദ്ധമാക്കപ്പെട്ട ഒരു വ്യക്തി ഒപ്പമില്ലാതെ ഒരു സ്ത്രീയും യാത്ര പോകൽ അനുവദനീയമല്ല."

### പുറത്തിറങ്ങുമ്പോൾ സുഗന്ധമുപയോഗിക്കരുത്

നബിﷺ പറഞ്ഞതായി ഇമാം മുസ്‌ലിം നിവേദനം ചെയ്യുന്നു:

"നിങ്ങളിലൊരുവൾ പള്ളിയിൽ ഹാജരാകുവാനുദ്ദേശിച്ചാൽ അവൾ സുഗന്ധം തൊടരുത്."

നബിﷺ പറഞ്ഞതായി ഇമാം അഹ്മദ് നിവേദനം ചെയ്യുന്നു:

"ഏതൊരു സ്ത്രീയാണോ സുഗന്ധം പൂശുകയും പുറപ്പെടുകയും ആളുകൾ അവളുടെ സുഗന്ധം അനുഭവിക്കുന്നതിനുവേണ്ടി അവരിലൂടെ നടക്കുകയും ചെയ്യുന്നത് അവൾ അഭിസാരികയാണ്..."

### അന്യപുരുഷന്മാരുടെ ദൃഷ്ടി തന്നിലേക്കു തിരിക്കുവാൻ ശ്രമിക്കരുത്

അല്ലാഹു പറഞ്ഞു:

"തങ്ങൾ മറച്ചു വെക്കുന്ന തങ്ങളുടെ അലങ്കാരം അറിയപ്പെടുവാൻ വേണ്ടി അവർ കാലിട്ടടിക്കുകയും ചെയ്യരുത്" (ക്വുർആൻ 24:31).

### പരപുരുഷന്മാരെ നോക്കുന്നതിൽനിന്ന് ദൃഷ്ടി താഴ്ത്തുക

അല്ലാഹു പറഞ്ഞു:

"സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തു സൂക്ഷിക്കുവാനും കൽപിക്കുക"(ക്വുർആൻ 24:31).

### അല്ലാഹുവിന് വഴിപ്പെടുന്നതും ഇബാദത്തെടുക്കുന്നതും യഥാവിധം സൂക്ഷിക്കുക

അല്ലാഹു പറഞ്ഞു: "...നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുക..."(ക്വുർആൻ 33:33).

മുസ്‌ലിം സ്ത്രീയുമായി ബന്ധപ്പെടുന്നതും വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും വന്നതുമായ ഇവയും ഇവയല്ലാത്തതുമായ മുഴുവൻ നിയമങ്ങളും സ്ത്രീക്കുള്ള രക്ഷാകവചവും അവളു

ടെ അന്തസ്സിന്റെയും ആഭിജാത്യത്തിന്റെയും കാവലാളുമായി ഗണിക്കപ്പെടുന്നു.

അതിനാൽ തന്നെ മുസ്‌ലിം സ്ത്രീക്ക് അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹം അതിമഹനീയവും ഔദാര്യമാകട്ടെ വലുതും വമ്പിച്ചതുമാണ്. അവൾക്കുള്ള സൗഭാഗ്യത്തിന്റെയും അവളുടെ മഹത്ത്വം സംരക്ഷിക്കുന്നതിന്റെയും പവിത്രത പരിരക്ഷിക്കുന്നതിന്റെയും അന്തസ്സ് നിലനിർത്തുന്നതിന്റെയും കുഴപ്പങ്ങളും കെടുതികളും അവളെത്തൊട്ട് ചെറുക്കുന്നതിന്റേയും മാർഗങ്ങളെ അവൾക്ക് അവൻ ഒരുക്കിക്കൊടുത്തു കൊണ്ടാണത്. സംസ്കരണവും സ്വഭാവ ശുദ്ധിയും സുരക്ഷിതത്വവുമുള്ളവളായി, നിർലജ്ജയുടെയും നാണക്കേടിന്റെയും വഴികളിൽനിന്ന് സംരക്ഷിക്കപ്പെട്ടവളായും വഴികേടിന്റെയും മാർഗഭ്രംശത്തിന്റെയും അശ്ലീലത്തിന്റെയും മാർഗങ്ങളിൽനിന്ന് സുരക്ഷിതയായും അവൾ ശേഷിക്കുന്നതിനു വേണ്ടിയാണത്.

അതെ, ഇസ്‌ലാം സ്ത്രീയെ ഏറ്റവും നല്ലനിലക്കാണ് ആശിർവദിച്ചിരിക്കുന്നത്. അവൾക്ക് ഏറ്റവും വലിയ സുരക്ഷയാണ് നൽകിയിരിക്കുന്നത്. അന്തസ്സുറ്റ ജീവിതമാണ് അവൾക്ക് ഏറ്റിരിക്കുന്നത്. മറയും പവിത്രതയുമാണ് അതിന്റെ ശിആർ (അടിവസ്ത്രം). സംശുദ്ധിയും സംസ്കാരവുമാണ് അതിന്റെ ദിഥാർ(മേൽവസ്ത്രം). മര്യാദയുടെ പ്രചാരണവും സ്വഭാവങ്ങളുടെ സ്ഥിരീകരണവുമാണ് അതിന്റെ കൊടിക്കൂറ. അന്തസ്സ് സംരക്ഷിക്കലും ആഭിജാത്യം കാത്തുരക്ഷിക്കലുമാണ് അതിന്റെ ഉന്നം. മുസ്‌ലിം സ്ത്രീ പ്രതാപമുള്ളവളും ഔന്നത്യമുള്ളവളും സൽസ്വഭാവിയുമായി ശേഷിക്കും; സകലമാന വിശാലമനസ്കതയോടെയും വിശ്വാസ്യതയോടെയും മനഃസമധാനത്തോടെയും അവൾ അവളുടെ ആദർശ ത്തെ മുറുകെ പിടിക്കുകയും അവളുടെ നാഥന്റെ ശാസനകൾ കാത്തുസൂക്ഷിക്കുകയും അവളുടെ പ്രവാചകനെﷺ അനുസരിക്കുകയും അല്ലാഹുവിന്നായി അവളുടെ മുഖം സമർപ്പിക്കുകയും അല്ലാഹുവിന്റെ മതനിയമങ്ങൾക്കും മതവിധികൾക്കും അവൾ കീഴൊതുങ്ങുകയും ചെയ്യുന്ന കാലമത്രയുമാണത്. അതിലൂടെ അവൾ ഇഹലോകത്ത് ആശ്വാസവും സൗഭാഗ്യവും പരലോകത്ത് മഹത്തായ പ്രതിഫലവും വമ്പിച്ച കൂലിയും നേടുകയും ചെയ്യുന്നു.

നബിﷺ പറഞ്ഞതായി ഹദീഥിൽ ഇപ്രകാരമുണ്ട്:

“ഒരു സ്ത്രീ അവളുടെമേൽ (നിർബന്ധമായ) അഞ്ചുനമസ്കാരങ്ങൾ നമസ്കരിക്കുകയും (റമദാൻ) മാസത്തിൽ നോമ്പെടുക്കുകയും അവളുടെ ഗുഹ്യാവയവം പവിത്രമായി സൂക്ഷിക്കുകയും തന്റെ ഭർത്താവിനെ അനുസരിക്കുകയും ചെയ്താൽ സ്വർഗീയ കവാടങ്ങളിൽ താനുദ്ദേശിക്കുന്നതിലൂടെ അവൾ സ്വർഗത്തിൽ പ്രവേശിക്കും.”

ഈ ഹദീഥ് അബൂഹുറയ്റ(റ)യിൽ നിന്ന് ഇമാം ഇബ്നു ഹിബ്ബാൻ തന്റെ സ്വഹീഹിൽ നിവേദനം ചെയ്തതാണ്.

അബ്ദുർറഹ്മാൻ ഇബ്നു ഔഫി(റ)ൽ നിന്ന് ഇമാം അഹ്മദ് നിവേദനം ചെയ്യുന്നു:

“ഒരു സ്ത്രീ അവളുടെമേൽ (നിർബന്ധമായ) അഞ്ചുനമസ്കാരങ്ങൾ നമസ്കരിക്കുകയും, അവളുടെ (റമദ്വാൻ) മാസത്തിൽ നോമ്പെടുക്കുകയും, അവളുടെ ഗുഹ്യാവയവം സൂക്ഷിക്കുകയും തന്റെ ഭർത്താവിനെ അനുസരിക്കുകയും ചെയ്താൽ. അവളോടു പറയപ്പെടും: സ്വർഗീയ കവാടങ്ങളിൽ നീ ഉദ്ദേശിക്കുന്നതിലൂടെ സ്വർഗത്തിൽ പ്രവേശിക്കുക.”

നീചവൃത്തികളുടെയും ഫിത്നകളുടെയും പ്രബോധകന്മാരായ ചപ്പടാച്ചികൾക്ക് മുഖം കൊടുക്കാതെ, ഇത്തരം ആദരണീയമായ നിർദേശങ്ങളെ പ്രയോഗവൽകരിച്ചു ജീവിച്ചാൽ ഈ അനുഗൃഹീത വാഗ്ദാനവും മഹനീയ പ്രതിഫലവും നേടുന്ന മുസ്‌ലിം സ്ത്രീക്കാകുന്നു മാംഗളാശംസകൾ.

“അല്ലാഹു നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. എന്നാൽ തന്നിഷ്ടങ്ങളെ പിൻപറ്റി ജീവിക്കുന്നവർ ഉദ്ദേശിക്കുന്നത് നിങ്ങൾ (നേർവഴിയിൽ നിന്ന്) വൻതോതിൽ തെറ്റിപ്പോകണമെന്നാണ്”(ക്വുർആൻ 4:27).

സ്ത്രീയുടെ പവിത്രതയെ വലയിലാക്കുന്ന, അഭിമാനം പിച്ചിച്ചീന്തുന്ന, ആഭിജാത്യം തകർക്കുന്ന, അന്തസ്സ് കുഴിച്ചുമൂടുന്ന, ദീനീനിഷ്ഠയെയും ആദർശത്തെയും ചഞ്ചലിതമാക്കുന്ന, വേശ്യകളുടെയും അധർമകാരികളുടെയും നിരയിൽ അവളെ കൊണ്ടെത്തിക്കുന്ന രൂക്ഷമായ സംഘട്ടനങ്ങൾക്കും ഉൾപകയുള്ള ഗൂഢാലോചനകൾക്കും ഹീനമായ ഗൂഢപദ്ധതികൾക്കും ഈ കാലഘട്ടങ്ങളിൽ മുസ്‌ലിം സ്ത്രീ വിധേയയാകുന്നു എന്നത് വാസ്തവത്തിൽ വേദനാജനകമായ കാര്യമാണ്. സംഹാരാത്മകമായ ചാനലുകളിലൂടെയും തറ സംസ്കാരമുള്ള അശ്ലീല പത്രമാസികകളിലൂടെയും ‘നഗ്നതയുടുപ്പിക്കുന്ന’ വിവിധ ഉടയാടകളിൽ അവളെ തളച്ചും തെറ്റിനെ തിരുത്തുന്ന വിശ്വാസമോ, തിന്മയെ തടയുന്ന സൽസ്വഭാവമോ കുറ്റത്തിന് മറയിടുന്ന മര്യാദയോ ഒട്ടുമില്ലാതെ ഭൂമിക്കുപരിയിൽ ഉലാത്തുന്ന അവിശ്വാസികളായസ്ത്രീകളോട് സാദൃശ്യപ്പെടുവാനുള്ള ഭ്രമം അവളുടെ ഹൃദയത്തിൽ ഇളക്കിവിട്ടുമാണ് മുസ്‌ലിം സ്ത്രീയെ ഇതിനെല്ലാം വിധേയയാക്കുന്നത്. ഇസ്‌ലാമിക ശരീഅത്ത് അവൾ ദൂരെയെറിയുവാനും നിന്ദ്യതയുടെ ഉടയാടകൾ അവൾ വലിച്ചു നടക്കുവാനും പരിശുദ്ധിയും ശ്രേഷ്ഠതയും പ്രവഹിക്കുന്ന വേദികളിൽനിന്ന് അവൾ ദൂരപ്പെടുവാനുമാണ് ഇവയിലൂടെ അവർ അവളെ വലിച്ചിഴക്കുന്നത്. അവരുടെ ഉദ്ദേശ്യപൂർത്തീകരണത്തിന് അല്ലാഹു അവസരം നിഷേധിക്കുമാറാകട്ടെ. **(അവസാനിച്ചു)**

അബ്ദുൽമാലിക് സലഫി
malikmorayur114@gmail.com

ലേഖനം

# മനുഷ്യൻ 'ദൈവ'മാകുമ്പോൾ സംഭവിക്കുന്നത്!

**സാക്ഷാൽ ദൈവം അല്ലാഹുമാത്രം**

'അല്ലാഹു' എന്ന പദം കേൾക്കാത്തവർ ഇന്ന് ലോകത്ത് വിരളമായിരിക്കും. അല്ലാഹുവിനെ പല നിലയിൽ വിലയിരുത്തുന്നവർ ലോകത്തുണ്ട്. മുസ്‌ലിംകളുടെ മാത്രം ദൈവമായി ചിലർ കാണുമ്പോൾ, അറബികളുടെ ഗോത്ര വർഗങ്ങളുടെ ആരാധ്യനായി ചിലർ കാണുന്നു. ഇവയൊന്നും ശരിയായ വീക്ഷണമല്ല. ഈ ലോകത്തുള്ള സകല സൃഷ്ടികളുടെയും സാക്ഷാൽ ആരാധ്യനാണ് അല്ലാഹു. ആരാധ്യനാവാൻ എന്തൊക്കെയാണോ വേണ്ടത് അത് അല്ലാഹുവിനുണ്ട്. അല്ല; അല്ലാഹുവിന് മാത്രമേയുള്ളു. സൃഷ്ടികളെ ബാധിക്കുന്ന ഒരു ന്യൂനതകളും ബാധിക്കാത്ത, സൃഷ്ടികളിൽ നിന്ന് പരിപൂർണ വ്യത്യസ്തനായ, അദ്വിതീയനും ഈ മഹാപ്രപഞ്ചത്തിന്റെ അധിപതിയും സകല സൃഷ്ടികളുടേയും അന്നദാതാവും, സർവവും വീക്ഷിച്ച് ശ്രദ്ധിച്ച്, നിയന്ത്രിച്ച്, കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നവനും, സന്താന-കുടുംബങ്ങളിൽ നിന്ന് മുക്തനും, സർവശക്തനുമാണ് അല്ലാഹു. അവന്റെ നാമങ്ങൾക്കും വിശേഷണങ്ങൾക്കും അതിരുകളില്ല. അവന്റെതിനു തുല്യമായി ഒന്നും ഒരു സൃഷ്ടിക്കുമില്ല. അതുകൊണ്ടുതന്നെ സൃഷ്ടികൾ ഒന്നും ദൈവമാവാൻ തരപ്പെട്ടവരല്ല. മനുഷ്യൻ, മലല്ലാം സൃഷ്ടികളും ന്യൂനതകൾ എമ്പാടുമുള്ളവരുമാണ്. അതിനാൽ ഇവയൊന്നും ദൈവമാകാൻ കൊള്ളില്ല. അല്ലാഹുവല്ലാത്ത ഏതിനും സൃഷ്ടിപരമായ പരിമിതികൾക്കുള്ളിൽ നിന്നേ പ്രവർത്തിക്കാനാവൂ.

അല്ലാഹുവാകട്ടെ സകലതിനും കഴിവുള്ളവനാണ്. അശക്തത അവനില്ല തന്നെ. അതുകൊണ്ട് സാക്ഷാൽ ദൈവം എന്നത് അല്ലാഹു മാത്രം എന്നതിലേക്കാണ് സത്യാന്വേഷികൾ എത്തുക. കാരണം അവൻ മാത്രമാണ് അതിനർഹതയുള്ളവൻ. അല്ലാഹു അവനെ പരിചയപ്പെടുത്തുന്ന ചില ക്വുർആൻ സൂക്തങ്ങൾ പരിശോധിച്ചാൽ ഇക്കാര്യം കൂടുതൽ വ്യക്തമാവും. അല്ലാഹു പറയുന്നു: "അല്ലാഹു, അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ, എല്ലാം നിയന്ത്രിക്കുന്നവൻ, മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റെതാണ് ആകാശ ഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവനിച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ 'കുർസിയ്യ്' ആകാശ ഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ! (ക്വുർആൻ 2:255)"

"(നബിയേ) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവനു തുല്യനായി ആരും ഇല്ല താനും." (ക്വുർആൻ 111:1-4)

ഈ ആയത്തുകളിൽ അല്ലാഹു അവനെ പരിചയപ്പെടുത്തിയതിനെ നമുക്കിങ്ങനെ സംഗ്രഹിക്കാം.

1. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. 2. എല്ലാം നിയന്ത്രിക്കുന്നവൻ. 3. മയക്കമോ ഉറക്കമോ ബാധിക്കാത്തവൻ. 4. ആകാശ ഭൂമികളിലുള്ളതെല്ലാം അവന്റെതാണ്. 5. അവൻ ത്രികാലജ്ഞാനിയാണ്. 6. ആകാശ ഭൂമികളുടെ സംരക്ഷണം അവന്റെ കയ്യിലാണ്. 7. ആ സംരക്ഷണം അവന് യാതൊരു ഭാരവുമുണ്ടാക്കുന്നില്ല. 8. അവൻ സമാധാനം നൽ

കുന്നവനാണ്. 9. അവൻ സ്രഷ്ടാവാണ്. 10. സൃഷ്ടികൾക്ക് രൂപം നൽകിയവൻ അവനാണ്. 11. ആകാശ ഭൂമികളിലുള്ള സൃഷ്ടികളെല്ലാം അവനെ വാഴ്ത്തുന്നു. ഈ പറഞ്ഞ പതിനൊന്നോളം കാര്യങ്ങൾ (ഇവ ചില ഉദാഹരണങ്ങൾ മാത്രം) അവകാശപ്പെടാൻ ആകാശ ലോകത്തുള്ള ഏത് സൃഷ്ടിക്കാണ് സാധ്യമാവുക?! ഇല്ല! ഒന്നിനും സാധ്യമല്ല എങ്കിൽ പിന്നെ ആരാധ്യൻ, അഥവാ സാക്ഷാൽ ദൈവം അല്ലാഹുതന്നെ സംശയമില്ല. ഇത്രയും വ്യക്തമായ കാര്യങ്ങൾ ഇവിടെ നിലനിൽക്കെ, മനുഷ്യർ അല്ലാഹുവല്ലാത്ത ദൈവങ്ങളെ തേടിപ്പോകുന്നതിൽ എന്തർഥം?

**മനുഷ്യൻ ദൈവമാകുമോ?**

മുകളിൽ പറഞ്ഞ കാര്യങ്ങൾ സൃഷ്ടികളിൽ ഒന്നിനും ഉണ്ടാവുക സാധ്യമല്ല. അതിനാൽ മനുഷ്യനും ഇതര സൃഷ്ടികളും ദൈവമാകില്ല എന്നതാണ് ഒറ്റ വാക്കിലുള്ള ഉത്തരം. മനുഷ്യൻ എന്ന സൃഷ്ടിക്ക് നിരവധി അവസ്ഥകളുണ്ട്. വേദന, ദുഃഖം, കരച്ചിൽ, രോഗം, ഉറക്കം, വിശപ്പ്, ദാഹം, കാമം... തുടങ്ങിയ സംഗതികളെല്ലാം മനുഷ്യരുടെ സൃഷ്ടിപ്പിൽ തന്നെ ഉള്ളതാണ്. ഇതെല്ലാം ഉള്ള ഒരാൾ എങ്ങിനെ ദൈവമാകും?

ദൈവത്തിനു വിശക്കുമോ? വിശന്നാൽ ആര് ഭക്ഷണം കൊടുക്കും? ദൈവത്തിനു രോഗം വരുമോ? ദൈവം രോഗിയായാൽ ആരു ചികിൽസിക്കും? ദൈവം ഉറങ്ങിയാൽ ലോകത്തിന്റെ അവസ്ഥ എന്താവും? ദൈവം പൊട്ടിക്കരയുമോ? എങ്കിൽ ആ കരച്ചിൽ ആരു മാറ്റും? ഇങ്ങനെ ഉത്തരമില്ലാത്ത ചോദ്യങ്ങൾ നീളുന്നു.

അതുകൊണ്ടുതന്നെ ദൈവത്തിനവകാശപ്പെട്ട ഒന്നും മനുഷ്യർക്കവകാശപ്പെട്ടതല്ല. അങ്ങനെ അവകാശപ്പെടുത്തി നൽകൽ തികച്ചും അനീതിയും അക്രമവുമാണ്. അത്കൊണ്ട് പ്രാർഥനയടക്കമുള്ള അല്ലാഹുവിന് മാത്രമവകാശപ്പെട്ട ഒന്നും മനുഷ്യരടക്കമുള്ള ഒരു സൃഷ്ടിയിലേക്കും തിരിച്ചു വിട്ടുകൂടാ. അങ്ങനെ സംഭവിക്കുമ്പോൾ അത് അല്ലാഹുവിനോട് ചെയ്യുന്ന ഏറ്റവും കടുത്ത പാതകമായിമാറും. അതാകട്ടെ അവനൊരിക്കലും പൊറുക്കുകയുമില്ല; പശ്ചാത്തപിച്ചാലല്ലാതെ.

**മനുഷ്യൻ ദൈവമായാൽ...?**

മനുഷ്യൻ സ്വയം ദൈവമായി ചമഞ്ഞാൽ എന്താണ് സംഭവിക്കുക എന്നത് സമകാലിക സംഭവങ്ങൾ വീക്ഷിക്കുന്ന ആർക്കും കൂടുതൽ വിശദീകരണമില്ലാതെ ഗ്രഹിക്കാവുന്നതാണ്.

ബാബ രാംപാൽ, നിത്യാനന്ദ, സന്തോഷ് മാധവൻ, രാധാമേ, സായിബാബ, മാതാ അമൃതാനന്ദമയി, ഗുർമീത് റാം റഹീം, ആസാറാം ബാപ്പു, സ്വാമി പ്രേമാനന്ദ, സ്വാമി സദാചാരി, ഇച്ഛാധാരി സ്വാമി, സന്ത് രാംപാൽ, ചന്ദ്രസ്വാമി... ഈ പട്ടിക നീളുകയാണ്. മുസ്‌ലിം സമൂഹത്തിലും ഇത്തരം വിഷവിത്തുകൾ ഇല്ലാതില്ല. ഔലിയാ വേഷം കെട്ടി സമൂഹത്തെ വഞ്ചിക്കാനിറങ്ങിയവരും, അത്തരക്കാർക്ക് 'വലിയുല്ലാഹി' പട്ടം പതിച്ചു നൽകുന്ന പുരോഹിതന്മാരും ഇതിന്റെ പ്രചാരകരാണ്. കടുത്ത മാനസികരോഗികൾ മുതൽ ഊരും പേരും അറിയപ്പെടാത്തവർ വരെ 'വലിയ്യി'ന്റെ പട്ടികയിൽ കേരള മണ്ണിൽ തന്നെയുണ്ട്. 'നാട്ടുകൽ' എന്ന പാലക്കാട് ജില്ലയിലെ സ്ഥലത്ത് ഒരു 'കല്ലു ദൈവ'ത്തെ തന്നെ മുസ്‌ലിം പുരോഹിതന്മാരുടെ ആശിർ വാദത്തോടെ ആരാധിച്ചു വരുന്നുണ്ട്. ക്രൈസ്തവസഭകളിലും ആൾദൈവങ്ങൾക്ക് പഞ്ഞമൊന്നുമില്ല.

സാമ്പത്തിക അഴിമതി മുതൽ കൊലപാതകം, വ്യഭിചാരം തുടങ്ങിയ കുറ്റകൃത്യങ്ങൾക്ക് ശിക്ഷ വിധിക്കപ്പെട്ടവർ വരെ ഉപരിസൂചിത ആൾദൈവ പട്ടികയിലുണ്ട്. ഭക്തിയുടെ മറവിൽ പണവും കാമവും വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന ആൾദൈവ വ്യവസായം ഇന്ന് നല്ലൊരു ബിസിനസ് കൂടിയാണ്. ഗുർമീത് റാം റഹീമിന്റെ കഥകൾ ഇതിന് നല്ല ഉദാഹരണമാണ്.

പണവും ആൾ സ്വാധീനവും കാട്ടി ഭരണകൂടത്തെ വരെ ഭീഷണിപ്പെടുത്തുന്നേടത്തേക്ക് 'ആൾദൈവ' ഭീകരത കടന്നുകയറിയിട്ടുണ്ട്. മനുഷ്യൻ 'ദൈവ'മാകുമ്പോൾ ഇതൊക്കെയല്ലാതെ മറ്റെന്തു സംഭവിക്കാൻ? പണം, പെണ്ണ്, അധികാരം എന്നീ മനുഷ്യനെ മയക്കുന്ന കാര്യങ്ങൾ ആൾദൈവങ്ങളുടെ അങ്ങാടിയിൽ സുലഭമാവുന്നതിന്റെ കാരണവും മറ്റൊന്നല്ല; ഇവരൊന്നും ദൈവമല്ല സാക്ഷാൽ മനുഷ്യരാണ് എന്നതാണതിനു കാരണം.

ക്രിമിനലുകളെ പോലും 'ദൈവ'മായിക്കണ്ട് അവർക്കുമുന്നിൽ കുമ്പിടുന്ന മനുഷ്യന്റെ അത്മീയതയുടെ വശം എത്രമേൽ ദാരുണമാണ് എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു. തന്നെപ്പോലെ വികാരങ്ങളും വിചാരങ്ങളുമുള്ളവരെ ദൈവമായി കാണുമ്പോൾ അവർ അഴിക്കുള്ളിലാവുമ്പോഴെങ്കിലും മനുഷ്യർ ചിന്തിച്ചെങ്കിൽ!! തന്നെ സഹായിക്കും എന്ന് താൻ കരുതിയവർ ഇന്ന് നിസ്സഹായരായി അഴിക്കുള്ളിലാണ്! അഥവാ ദൈവം ജയിലിൽ!

അതിനാൽ മനുഷ്യർ എല്ലാവരും അംഗീകരിക്കേണ്ട, എല്ലാവർക്കും അംഗീകരിക്കാവുന്ന ഒരു തത്ത്വത്തിലേക്ക് നാം എത്തുന്നു. യാതൊരുവിധ ന്യൂനതകളുമില്ലാത്ത, സർവശക്തനും ഉറക്കവും മയക്കവുമില്ലാത്ത, സന്താനമോ കുടുംബമോ ഇല്ലാത്ത, സാക്ഷാൽ ആരാധ്യൻ; അവനാണ് യഥാർഥ ദൈവം. അവനനാണ് അല്ലാഹു. അവനാണ് മനുഷ്യരുടെ സാക്ഷാൽ ആരാധ്യൻ. അത്മീയതയുടെ വഴിതേടുന്നവർ അവനിലേക്കെത്തിയാൽ വിജയിച്ചു ഇല്ലെങ്കിൽ ഇരുലോകത്തും തികഞ്ഞ പരാജയം തന്നെ! ●

സമീർ മുണ്ടേരി
mundery@gmail.com




ലേഖനം

### ഹിജ്റ വർഷം
# 1438 അവസാനിക്കുമ്പോൾ...

നമ്മെ ഇഹലോകത്തുനിന്ന് അകറ്റിക്കൊണ്ടും പരലോകത്തേക്ക് അടുപ്പിച്ചുകൊണ്ടും ഒരു വർഷം കൂടി കടന്നു പോകുകയാണ്. ഒരു പുതിയവർഷം കടന്നുവരുമ്പോൾ പല ചിന്തകളാണ് മനുഷ്യർക്കുള്ളത്. തന്റെ ആയുസ്സിൽ നിന്ന് ഒരു വർഷംകുറഞ്ഞല്ലോ എന്ന് ആലോചിച്ച് നിരാശപ്പെടുന്നവരുണ്ട്. തനിക്ക് വിധിച്ച ശിക്ഷയിൽ നിന്ന് ഒരു വർഷം തീർല്ലോ എന്ന് ആലോചിച്ച് സന്തോഷിക്കുന്ന കുറ്റവാളികളുമുണ്ട്.

വിശ്വാസി സമയത്തെ ഗൗരവ്വമായികാണേണ്ടവനാണ്. നാലാം ഖലീഫയായ അലിയ്യുബ്നു അബീത്വാലിബ്ﷺ പറഞ്ഞു: "ഇഹലോകം നമ്മിൽനിന്ന് വിടപറഞ്ഞുകൊണ്ടിരിക്കുകയാണ്. പരലോകം നമ്മിലേക്ക് അടുത്ത്കൊണ്ടിരിക്കുന്നു. ഇഹലോകത്തിനും പരലോകത്തിനും മക്കളുണ്ട്.നിങ്ങൾ പരലോകത്തിന് വേണ്ടി ജീവിക്കുന്നവരാകുക. നിങ്ങൾ ഇഹലോകത്തിനായി ജീവിക്കുന്നവരാകരുത്. ഇന്നത്തെ ദിവസം പ്രവർത്തിക്കാനുള്ളതാണ്. വിചരണയില്ല. എന്നാൽ നാളെ വിചാരണയുടെ ദിവസമാണ്. നാളെ പ്രവർത്തനത്തിന് സാധ്യമല്ല.

**വിശ്വാസി നാളെയക്കുറിച്ച് ആലോചിക്കേണ്ടവനാണ്**

അല്ലാഹു പറഞ്ഞു: "നന്മയായും തിന്മയായും താൻ പ്രവർത്തിച്ച ഓരോകാര്യവും (തന്റെ മുമ്പിൽ)ഹാജരാക്കപ്പെട്ടതായി ഓരോ വ്യക്തിയും കണ്ടെത്തുന്ന ദിവസത്തെക്കുറിച്ച് (ഓർക്കുക). തന്റെയും അതിന്റെ(ദുഷ്പ്രവൃത്തിയുടെ)യും ഇടയി വലിയ ദൂരമുണ്ടായിരുന്നെങ്കിൽ എന്ന്ഓരോ വ്യക്തിയും അന്ന്കൊതിച്ചു പോകും. അല്ലാഹു തന്നെപ്പറ്റി നിങ്ങൾക്ക് താക്കീത് നൽകുന്നു. അല്ലാഹു (തന്റെ) ദാസന്മാരോട് വളരെ ദയയുള്ളവനാകുന്നു" (ക്വുർആൻ 3:30).

ഒരു വർഷം അവസാനിക്കുമ്പോൾ എല്ലാവരുംചിന്തിക്കണം; പരലോകത്തേക്ക് എന്താണ് ഒരുക്കിവെച്ചിട്ടുള്ളത് എന്ന്. ദീനിനെയും സമുദായത്തെയും സമൂഹത്തെയും സഹായിക്കാൻ എനിക്കായിട്ടുണ്ടോ?

ബിസിനസുകാരും കച്ചവടക്കാരും കൃത്യമായി ലാഭ നഷ്ട കണക്കുകൾ എടുക്കാറുണ്ട്. വർഷം അവസാനിക്കുമ്പോൾ സൂക്ഷ്മ പരിശോധന നടത്താറുണ്ട്. നഷ്ടത്തിന്റെ കാരണം ചികയും. ലാഭം വർധിപ്പിക്കാൻ പുതിയ മാർഗം തേടും. എന്നാൽ നശിച്ചുപോകാത്ത ലോകത്തെ ജീവിതത്തിനായി നന്മ തിന്മകളുടെ കണക്കെടുക്കുന്നവർ വളരെ വിരളമായിരിക്കും.

**നാളേക്ക് വേണ്ടി എന്തു ചെയ്തു?**

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളേക്ക് വേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തുവെച്ചിട്ടുള്ളതെന്ന്നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു" (ക്വുർആൻ 59:18).

സ്വയം പരിശോധന വേണം. പരിശോധനക്കൊടുവിൽ സംതൃപ്തിയാണെങ്കി തുടർന്നും നന്നായിത്തന്നെ ജീവിക്കുക. സംതൃപ്തികരമല്ല എങ്കിൽ പശ്ചാത്തപിക്കുകയും ജീവിതം നന്നാക്കുകയും വേണം.

"തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവരെ പിശാചിൽനിന്നുള്ള വല്ല ദുർബോധനവും ബാധിച്ചാൽഅവർക്ക് (അല്ലാഹുവെപ്പറ്റി) ഓർമവരുന്നതാണ്. അപ്പോഴതാ അവർ ഉൾക്കാഴ്ചയുള്ളവരാകുന്നു" (ക്വുർആൻ 7: 201).

**സ്വയംവിചാരണ നടത്തുക**

ഉമർ(റ) പറഞ്ഞു: "നിങ്ങൾ വിചാരണ ചെയ്യപ്പെടുന്നതിന് മുമ്പ് സ്വയം വിചാരണ നടത്തുക. നിങ്ങളുടെ കർമങ്ങൾ തൂക്കി നോക്കപ്പെടുന്നതിന് മുമ്പ് സ്വയംതൂക്കി നോക്കുക."

അല്ലാഹു പറഞ്ഞു: "അന്നേദിവസം നിങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നതാണ്. യാതൊരു മറഞ്ഞകാര്യവും നിങ്ങളിൽ നിന്ന് മറഞ്ഞു പോകുന്നതല്ല" (ക്വുർആൻ 69: 18).

## തിരുത്ത്

നേർപഥം ലക്കം 35ൽ സുന്നത്ത് നമസ്കാരങ്ങൾ എന്ന ലേഖനത്തിൽ പേജ് 15 കോളം രണ്ടിൽ 'ഇശാഇന്റെ സുന്നത്ത്' എന്ന ഉപശീർഷകം എട്ടാമത്തെ വരിയിൽ '...സുബ്ഹിന് ശേഷം രണ്ടും റക്അത്തുകൾ' എന്നത് 'സുബ്ഹിക്കു മുമ്പ് രണ്ടും റക്അത്തുകൾ' എന്ന് തിരുത്തി വായിക്കുവാൻ അപേക്ഷ.

**എഡിറ്റർ**

ഇബ്നുൽ ക്വയ്യിം(റഹി) പറഞ്ഞു: "ആത്മവിചാരണയെന്നാൽ ഒരാൾ തനിക്കുളളതും തനിക്ക് എതിരാകുന്നതും വേർതിരിക്കലാണ്. തനിക്ക് വേണ്ടത് കൊണ്ടുനടക്കലും എതിരാകുന്നത് ഒഴിവാക്കലുമാണ്."

ആത്മവിചാരണ എന്നത് ഹൃദയത്തെ വായിക്കലാണ്. അത് ചെയ്യാതിരിക്കുന്നത് ആത്മഹത്യക്ക് തുല്യമാണ്. അല്ലാഹു പറഞ്ഞു:

"നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു" (ക്വുർആൻ 4:29).

ഇതിന് ഇബ്നു കഥീർ നൽകിയ ഒരു വിശദീകരണം 'ഹറാം ചെയ്തുകൊണ്ടും അന്യായമായി സമ്പത്ത് തിന്നുകൊണ്ടും നിങ്ങൾ നിങ്ങളെത്തന്നെ കൊല്ലരുത്' എന്നാണ്.

നമുക്ക് അല്ലാഹു നൽകിയ ആയുസ്സ് ഹറാമുകൾ പ്രവർത്തിച്ചും നശിപ്പിക്കാനുള്ളതല്ല. ആത്മവിചാരണ സ്വന്തം പോരായ്മകൾ തിരിച്ചറിയാൻ സഹായിക്കുന്നു. അഹങ്കാരത്തിൽ നിന്ന് അകറ്റുകയും ചെയ്യുന്നു. ആത്മവിചാരണ നമ്മുടെ മനസ്സിനെ ശുദ്ധീകരിക്കുന്നു. അല്ലാഹു പറഞ്ഞു:

"തീർച്ചയായും അതിനെ (അസ്തിത്വത്തെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു. അതിനെ കളങ്കപ്പെടുത്തിയവൻ തീർച്ചയായും നിർഭാഗ്യമടയുകയുംചെയ്തു" (ക്വുർആൻ 91:9,10).

ആരാണ് ബുദ്ധിമാൻ എന്ന ചോദ്യത്തിന് തിരുനബി(സ) നൽകിയ മറുപടി 'മനസ്സിനെ വിചാരണ നടത്തുന്നവനും മരണാനന്തര ജീവിതത്തിനായി സൽകർമങ്ങൾ അനുഷ്ഠിക്കുന്നവനുമാണ്' എന്നാണ്.

**എല്ലാം വെളിവാകുന്ന ദിവസമുണ്ട്**

"(കർമങ്ങളുടെ) രേഖ വെക്കപ്പെടും. അപ്പോൾ കുറ്റവാളികളെ, അതിലുള്ളതിനെപ്പറ്റി ഭയവിഹ്വലരായ നിലയിൽ നിനക്ക് കാണാം. അവർ പറയും: അയ്യോ! ഞങ്ങൾക്ക് നാശം. ഇതെന്തൊരു രേഖയാണ്? ചെറുതോ വലുതോ ആയ ഒന്നും തന്നെ അത് കൃത്യമായി രേഖപ്പെടുത്താതെ വിട്ടുകളയുന്നില്ലല്ലോ! തങ്ങൾ പ്രവർത്തിച്ചതൊക്കെ (രേഖയിൽ) നിലവിലുള്ളതായി അവർ കണ്ടെത്തും. നിന്റെ രക്ഷിതാവ് യാതൊരാളോടും അനീതി കാണിക്കുകയില്ല" (ക്വുർആൻ 18:49).

അപ്പോൾ ആർ ഒരു അണുവിന്റെ തൂക്കം നന്മ ചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരു അണുവിന്റെ തൂക്കം തിന്മ ചെയ്തിരുന്നുവോ അവൻ അതും കാണും" (ക്വുർആൻ 99:7,8).

നഷ്ടപ്പെട്ടു പോകു സമയം തിരിച്ച് ലഭിക്കുകയില്ല. ആയുസ്സിനെ നന്മ കൊണ്ട് ധന്യമാക്കുന്നവർക്കാണ് വിജയം. ●

അബൂഫായിദ
mail@nerpatham.com

ഹദീസ് പാഠം

# ക്ഷാമവും ക്ഷേമവും പരീക്ഷണമാണ്

**അലി(റ) പറയുന്നു: "ഞങ്ങൾ നബി(ﷺ)യുടെ കൂടെ പള്ളിയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ മുസ്അബു ബ്നു ഉമയ്ർ(റ) ഞങ്ങളുടെ ഇടയിലേക്ക് വന്നു. തോലുകൊണ്ട് കണ്ടംവെച്ച ഒരു പുതപ്പല്ലാതെ മറ്റൊന്നും അദ്ദേഹം ധരിച്ചിട്ടില്ലായിരുന്നു. അദ്ദേഹത്തെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ മുമ്പത്തെ സുസ്ഥിതിയും ഇന്നത്തെ അവസ്ഥയും ഓർത്ത് നബി(ﷺ) കരഞ്ഞുപോയി. അനന്തരം അവിടുന്ന് ചോദിച്ചു: 'നിങ്ങളിലൊരാൾ രാവിലെ ഒരു വസ്ത്രവും വൈകുന്നേരം മറ്റൊരു വസ്ത്രവും ഉടുക്കുകയും മുമ്പിൽനിന്ന് ഒരു ഭക്ഷണത്തളിക മാറ്റുമ്പോഴേക്ക് മറ്റൊന്ന് കൊണ്ടുവന്ന് വെക്കുകയും നിങ്ങളുടെ വീടുകൾക്ക് കഅ്ബയുടേതിനു തുല്യമായ വിരിയും മറയും നിങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന ഒരവസ്ഥ സംജാതമാകുന്നതിനെക്കുറിച്ച് നിങ്ങൾക്കെന്തു തോന്നുന്നു?' അവർ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഇന്നത്തേതിനെക്കാൾ എത്രയോ നല്ല അവസ്ഥയായിരിക്കും അന്ന് ഞങ്ങളുടേത്. ഞങ്ങൾക്ക് ആരാധനക്കായി ഒഴിഞ്ഞിരിക്കാം. ഞെരുക്കം തീർന്നിരിക്കുകയും ചെയ്യും.' നബി(ﷺ) പറഞ്ഞു: 'അല്ല! അന്നത്തേതിനെക്കാൾ ഇന്നത്തെ അവസ്ഥയാണ് നിങ്ങൾക്കു നല്ലത്'" (തുർമുദി).**

ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പ് ധനാഢ്യനായിരുന്നു മുസ്അബുബ്നു ഉമയ്ർ(റ). ദൈവമാർഗത്തിൽ എല്ലാം ചെലവഴിച്ച അദ്ദേഹത്തിന് ഒടുവിൽ വീടുപോലുമില്ലാതെ പള്ളിയുടെ ഒരു ചെരുവിൽ താമസമാക്കേണ്ടിവന്നു! പ്രവാചകാനുചരന്മാരിൽ അധികപേരും ഉടുതുണിക്ക് മറുതുണിയില്ലാത്ത പാവങ്ങളായിരുന്നു. ഇത്തരത്തിൽ ദാരിദ്ര്യത്തിലും പരീക്ഷണങ്ങളിലും അടിപതറാതെ ജീവിച്ച അനുചരന്മാരോട് ഒരു മുന്നറിയിപ്പായി നബി(ﷺ) പറഞ്ഞ വാക്യങ്ങളാണ് മുകളിൽ കൊടുത്തത്.


അല്ലലും അലട്ടലുമില്ലാതെ, തിന്നും കുടിച്ചും രസിച്ചും ജീവിതം കഴിച്ചുകൂട്ടുക എന്നത് ഏതൊരാളുടെയും ആഗ്രഹമാണ്. പ്രയാസങ്ങൾ, രോഗങ്ങൾ, പരീക്ഷണങ്ങൾ, ദാരിദ്ര്യം... ഇവയെല്ലാം മനുഷ്യൻ വെറുക്കുന്നു. ഐഹികവിഭവ ലഭ്യതയുടെ ആധിക്യം മനുഷ്യനെ ദൈവനിഷേധത്തിലേക്കും അധാർമിക പ്രവർത്തനങ്ങളിലേക്കും നയിക്കാൻ സാധ്യതയുണ്ടെന്നത് യാഥാർഥ്യമാണ്. അതുകൊണ്ടാണ് സർവവിധ ഭൗതിക സുഖൈശ്വര്യങ്ങളുമുള്ള കാലഘട്ടത്തെക്കാൾ ഇല്ലായ്മയുടെയും വല്ലായ്മയുടെയും ഇക്കാലമാണ് നല്ലത് എന്ന് പ്രവാചകൻ(ﷺ) പറഞ്ഞത്.

ആഡംബരപൂർണമായ ജീവിതം ദൈവചിന്തയില്ലാത്ത ഒരവസ്ഥയിലേക്ക് മനുഷ്യനെ കൊണ്ടെത്തിക്കാൻ സാധ്യതയുണ്ട്. ആഗ്രഹിക്കുന്നതെന്തും ലഭ്യമാകുന്ന അവസ്ഥയുണ്ടായാൽ കൂടുതൽ കൂടുതൽ വെട്ടിപ്പിടിക്കുവാനുള്ള ത്വരയും വർധിക്കും. അനുവദനീയം, നിഷിദ്ധം, ധാർമികം, അധാർമികം, സത്യം, അസത്യം, നീതി, അനീതി തുടങ്ങിയ ചിന്തകളൊന്നും അവനെ അലട്ടുകയില്ല. എങ്ങനെയെങ്കിലും കൂടുതൽ സമ്പാദിക്കുക, ആസ്വദിക്കുക എന്ന ചിന്തയേ അവനുണ്ടാകൂ.

നബി(ﷺ) മറ്റൊരിക്കൽ പറഞ്ഞു: "എനിക്കുശേഷം നിങ്ങളെ സംബന്ധിച്ചിടത്തോളം ഞാൻ ഭയാനകമായി കാണുന്ന ഒരു സംഗതിയത്രെ ഐഹികാഡംബരങ്ങളും അലങ്കാരങ്ങളും നിങ്ങൾക്ക് തുറന്നു കിട്ടുന്നത്" (ബുഖാരി, മുസ്‌ലിം).

ഭൗതിക സുഖത്തിനുവേണ്ടി മാത്രം ആഗ്രഹിക്കുന്നവരെക്കുറിച്ച് അല്ലാഹു പറയുന്നു: "...ചില മനുഷ്യരുണ്ട്; ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് ഇഹത്തിൽ (നന്മ)തരേണമേ എന്നായിരിക്കും അവർ പറയുക. അവർക്ക് പരലോകത്ത് ഒരു വിഹിതവുമില്ല...." (2:200).

ഉള്ളതിൽ തൃപ്തിയടുവാനും നന്ദി കാണിക്കുവാനുമാണ് സ്രഷ്ടാവ് ആവശ്യപ്പെടുന്നത്. അങ്ങനെയുള്ളവർക്ക് അവൻ വർധനവുനൽകുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു: "നിങ്ങൾ നന്ദി കാട്ടിയാൽ ഞാൻ നിങ്ങൾക്ക് വർധിപ്പിച്ചുതരും. നന്ദികേട് കാട്ടിയാലോ എന്റെ ശിക്ഷ കഠിനമാണ്" (14:7).



ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

# കാവിയോട് കയർക്കുന്ന കാംപസ്

കാവിരാഷ്ട്രീയം കലാപം കൊയ്തെടുത്ത് ഇന്ത്യൻ ഗ്രാമങ്ങളിൽ പിടിമുറുക്കുവാൻ ശ്രമിക്കുന്നു എന്ന പ്രതീതി പരക്കുന്ന കാലത്ത് സർഗാത്മകതയുടെ കളിത്തൊട്ടിലായ ക്യാമ്പസുകളിൽ കാവിപ്പടയുടെ കുടിലതയോട് കരുത്തോടെ കയർക്കുന്ന വാർത്തകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. സംഘ്പരിവാറിന്റെ മസ്തകത്തിന് കനത്ത ക്ഷതമേൽപിച്ചുകൊണ്ടാണ് ജവഹർലാൽ നെഹ്റു, ദൽഹി സർവകലാശാല വിദ്യാർഥികളുടെ തിരഞ്ഞെടുപ്പു ഫലം പുറത്തുവന്നിട്ടുള്ളത്. സർക്കാർ സംവിധാനങ്ങളെ മുഴുവൻ ദുരുപയോഗം ചെയ്തുകൊണ്ടും അധികാര രാഷ്ട്രീയത്തിന്റെ ധിക്കാരം പ്രയോഗിച്ചുകൊണ്ടും വർഗീയ കാർഡുകൾ പരമാവധി തിരിച്ചും മറിച്ചും വിതറിയും നടത്തിയ മുഴുവൻ ശ്രമങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ടാണ് ദൽഹി കാമ്പസുകൾ കരുത്തുകാട്ടിയിട്ടുള്ളത്.

ജവഹർലാൽ നെഹ്റു വാഴ്സിറ്റി യൂണിയൻ ഇടതുപക്ഷ വിദ്യാർഥി സഖ്യം തൂത്തുവാരിയെങ്കിൽ, ദൽഹി സർവകലാശാലയുടെ ചെങ്കോൽ ഇത്തവണ വിദ്യാർഥികൾ ഏൽപിച്ചിട്ടുള്ളത് കോൺഗ്രസ് വിദ്യാർഥി സംഘടനയായ എൻ.എസ്.ഒയെയാണ്.

ജെ.എൻ.യുവിലെ മതേതര ശക്തികളുടെ വിജയത്തിന് ഇത്തവണ പ്രതികാരത്തിന്റെ ഇരട്ടി മധുരമുണ്ട്. എതിർ ശബ്ദങ്ങളെ മുഴുവനും അരിഞ്ഞുതള്ളുക എന്ന നയവുമായി കടന്നുവന്ന പുതിയ ഭരണകൂടം ആദ്യമായി കൈവെച്ചത് ലോക പ്രശസ്തമായ ജവഹർലാൽ നെഹ്റു സർവകലാശാലയുടെ മേലാണ്.

സംഘ്പരിവാറിന് നെഹ്റു സർവകലാശാലയോടുള്ള കലിപ്പ് തുടങ്ങുന്നത് അതിന്റെ പേരിൽ നിന്നു തന്നെയാണ്. വിശ്വപ്രസിദ്ധനായിരുന്ന ജഹവർലാൽ നെഹ്റു ഉയർത്തിപ്പിടിച്ച ആദർശം കറകളഞ്ഞ മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെതുമായിരുന്നു എന്ന ബോധ്യം തന്നെയാണ് ഈ സർവകലാശാലക്ക് നാൾക്കുനാൾ സൽപേര് സിദ്ധിക്കുന്നത് കാണുമ്പോൾ ഫാസിസ്റ്റ് ശക്തികളുടെ ഉറക്കം നഷ്ടപ്പെടുത്തുന്നത്.

സഹിഷ്ണുതയുടെയും സൗഹാർദത്തിന്റെയും മുളകൾ നുള്ളിക്കളയുന്നത് കാണുമ്പോൾ മൗനം പാലിക്കുന്ന പ്രധാനമന്ത്രിയെ അഭിനവ വിശ്വപൗരനായി എഴുന്നള്ളിക്കാൻ ശ്രമിക്കുന്നവർക്ക് നെഹ്റുവിയൻ തത്ത്വങ്ങളെ തമസ്കരിച്ചേ മതിയാവൂ. ലോകത്തിനു മുമ്പിൽ ഇന്ത്യ പ്രദർശിപ്പിക്കുന്ന മുഖം അസഹിഷ്ണുതയുടേതായിരിക്കണം എന്ന ശാഠ്യമാണ് ജെ.എൻ.യുവിൽ കേന്ദ്രഭരണകൂടം നടത്തിയ ഇടപടലുകളിൽ മുഴുവൻ പ്രതിഫലിച്ചിട്ടുള്ളത്.

അധികാരത്തിന്റെ ദണ്ഡ് കാട്ടി വിരട്ടിയാൽ പേടിച്ചോടുന്ന പീക്കിരി പയ്യൻമാരല്ല തങ്ങളെന്ന് ജെ.എൻ.യുയിലെ വിദ്യാർഥികൾ ആദ്യ നാളിൽ തന്നെ ഉറക്കെ വിളിച്ചു പറഞ്ഞിട്ടുള്ളതാണ്. വിദ്യാർഥി നേതാക്കളെ അന്യായമായി അറസ്റ്റ് ചെയ്ത് കാരാഗ്രഹവാസം നൽകിയാൽ സർവകലാശാല പിടിച്ചെടുക്കാം എന്ന് വ്യാമോഹിച്ചവർ കനയ്യ കുമാർ എന്ന, പുതിയ യുവനേതാവിന്റെ താരോദയം കണ്ട് വാപൊളിച്ചിരിക്കുകയാണുണ്ടായത്. ഡൽഹിയിലെ സർവകലാശാലകൾക്ക് പുറമെ ഹൈദരാബാദിലും മതേതര ശബ്ദം ഒന്നിക്കുന്നതിന്റെ സൂചനകൾ വന്നുകഴിഞ്ഞിട്ടുണ്ട്. ഫാസിസത്തെ പൊതുശത്രുവായി പ്രഖ്യാപിച്ച് ഇടതുപക്ഷ, ദളിത് മുസ്‌ലിം മുന്നേറ്റമാണ് ഇത്തവണ ഹൈദരാബാദ് യൂണിവേഴ്സിറ്റിയിൽ അങ്കത്തിനിറങ്ങുന്നത്. വരാനിരിക്കുന്ന ഭാവി മതേതരത്തിന്റെതു തന്നെയാണ് എന്ന് ഉറച്ചു വിശ്വസിക്കാൻ ചുറുചുറുക്കുള്ള ചുണക്കുട്ടികളുടെ പ്രകടനം കാണുമ്പോൾ കഴിയുന്നു എന്നതാണ് പുതിയ പ്രതീക്ഷ.

# WISDOM BOOKS

**PUBLISHING ■ DISTRIBUTION**

E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
04954019437, 9207525244

## പുതിയ പുസ്തകങ്ങൾ

1 **വിശ്വാസിയുടെ നമസ്കാരം**
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :126 | വില : 90

2 **ഇസ്‌ലാം നിർഭയത്വത്തിന്റെ മതം**
പി. എൻ. അബ്ദുറഹ്മാൻ
പേജ് :58 | വില : 40

3 **നമസ്കാരത്തിലെ പ്രാർഥനകളും പ്രകീർത്തനങ്ങളും അർഥസഹിതം**
ഡോ. ജലാലുൽ ഹഖ് സലഫി
പേജ് :54 | വില : 40

4 **റമദാൻ: നാം അറിയേണ്ടതും ചെയ്യേണ്ടതും**
അബ്ബാസ് ചെറുതുരുത്തി
പേജ് :48 | വില : 40

5 **ക്വുർആൻ പഠന ക്വിസ്**
ഡോ. പി. കെ. അബ്ദുറസാഖ് സുല്ലമി
പേജ് : 90 | വില : 70

6 **ലാ ഇലാഹ ഇല്ലല്ലാഹ്**
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :104 | വില : 90

7 **ഇസ്‌ലാം അടിസ്ഥാന തത്ത്വങ്ങൾ**
ഇമാം അഹ്മദ് (വിവ: മൂസ സ്വലാഹി കാര)
പേജ് :100 | വില : 90

## സ്പെഷ്യൽ ഡിസ്കൗണ്ട്

**എല്ലാ പുസ്തകങ്ങൾക്കും 20% വരെ വിലക്കുറവ്**

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 23 Sep 2017

Reg NO: KL/CT/225/2016-18
Price: ₹10/-

# അവതരിപ്പിക്കുന്നു, കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWINDER - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 500 ദിവസങ്ങൾ...



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099